നഗരസഭാപരിധിയിലുള്ള സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസ പരവുമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗത്തിൻറെ ക്ഷേമവും ഉന്നമനവും ഉറപ്പവരുത്തുന്ന വിധത്തിൽ ഇവരെ സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് എത്തിക്കാനുള്ള പ്രവർത്തനങ്ങള് നടപ്പിൽ വരേണ്ടതുണ്ട്.ആശ്രയ,പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങള് ഉൾപ്പെടെയുള്ള ദരിദ്രകുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സ്വയം തൊഴിലിലൂടെ അവരെ സ്വയം പര്യാപ്തതയിലെത്തിക്കുന്നതിന് ഒരു പരിധിവരെ ഇതുവരെ നടപ്പിലാക്കിയ പദ്ധതി

പ്രവർത്തനങ്ങളിലൂടെ സാധിച്ചിട്ടുണ്ട്.കുടുംബശ്രീ സംവിധാനം നിലവിൽ വന്നതോടുകൂടി ദാരിദ്ര്യ ലഘൂകരണ രംഗത്ത് വിപ്ലവകരമായ മാറ്റം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട് .

കുടുംബശ്രീ സംവിധാനം 2002 മുതൽ 1860 രജിസ്ട്രേഷന് നമ്പർ പ്രകാരം കീഴൂർ ചാവശ്ശേരി സി.ഡി.എസ് ആയും 2015 നവംബർ 1 മുതൽ ഇരിട്ടി നഗരസഭ സി.ഡി.എസ് ആയും പ്രവർത്തിച്ചു വരുന്നു.368 കുടുംബശ്രീ അയൽക്കൂട്ടങ്ങളിലായി 6680 വനിതകൾ അംഗങ്ങളാണ് കൂടാതെ 7 ഭിന്നശേഷി അയൽക്കൂട്ടവും 57 വയോജന അയൽക്കൂട്ടവും നിലവിലുണ്ട് .കാർഷിക മേഖല,തൊഴിൽ മേഖലകൾ നഗരസഭ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്നിവ ഏറ്റെടുത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികള് എന്നിവ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിൽ കുടുംബശ്രീയുടെ പങ്ക് വളരെ വലുതാണ്. അഗതികൾക്ക് ആശ്രയമായി ആശ്രയ പദ്ധതി ,കുട്ടികൾക്ക് ബാലസഭ സാമ്പത്തിക ഉന്നമനത്തിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും വേണ്ടിയുള്ള കാർഷിക ജെ.എൽ.ജികൾ ,സംരംഭങ്ങൾ ഉത്സവ ചന്തകൾ എഫ്.എഫ്.സി എം.കെ.എസ്.പി തുടങ്ങി വിവിധയിനം പ്രവർത്തനങ്ങൾ സി.ഡി.എസ് ൻറെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. വിവിധ സർവ്വേകൾ കുടുംബശ്രീ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

## 10. പാർപ്പിടം

ഒമ്പതാം പഞ്ചവത്സര പദ്ധതി കാലംതൊട്ട് SC ST വിഭാഗങ്ങളെയും ന്യൂനപക്ഷങ്ങളെയും പാവപ്പെട്ടവരെയും ലക്ഷ്യം വെച്ചുകൊണ്ട് കേന്ദ്ര സംസ്ഥാന സർക്കാരുകളും ത്രിതലഭരണ സംവിധാനവും നടപ്പിലാക്കിയ ഇന്ദിരആവാസ്യോജന EMS ഭവനപദ്ധതി, പ്രധാനമന്ത്രി ആവാസ് യോജന, ലൈഫ്മിഷൻ, തനത്ഫണ്ട് ക്രഡിറ്റ്കം ലിങ്ക് ലോൺ പദ്ധതി തുടങ്ങിയവയിലൂടെ വീട് നിർമ്മാണ രംഗത്ത് മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ട് .ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ തുടക്കത്തിൽ വീട്ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 254 ആയിരുന്നു പിന്നീടത്അധികരിച്ചു വന്നിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സരകാലത്ത് തയ്യാറാക്കിയ DPR ൽ ഉണ്ടായിരുന്ന അർഹത പെട്ട മുഴുവൻ കുടുംബങ്ങൾക്കും വീട്നിർമ്മാണത്തിനുള്ള സഹായം നൽകാൻ സാധിച്ചിട്ടുണ്ട്.1995 കാലഘട്ടത്തിൽ അന്നത്തെ കീഴൂർചാവശ്ശേരി ഗ്രാമപഞ്ചായത്തിൽ 13വാർഡുകളിലായി 5511 വീടുകളാണുണ്ടായിരുന്നത്,അതിൽ ഓലകുടിലുകളുടെ എണ്ണം368ഉം മറ്റ്കുടിലുകൾ 550ഉം ആണ്ഉണ്ടായിരുന്നത്.ഓടിട്ടവീടുകളുടെഎണ്ണം3872ഉം കോൺഗ്രീറ്റ്വീടുകളുടെ എണ്ണം716ഉം ആയിരുന്നു. എന്നാൽ ഇന്ന് ഓലകുടിലുകൾ പൂർണ്ണമായും ഇല്ലാതാവുകയും ഓടിട്ടവീടുകളുടെഎണ്ണംകുറഞ്ഞുവരുകയും കോൺഗ്രീറ്റ് വീടുകളുടെ എണ്ണം വളരെ അധികം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. വീടുകളുടെ എണ്ണം വർദ്ധിക്കാനുണ്ടായ കാരണങ്ങളിൽ പ്രധാനമായും കൂട്ടുകുടുംബവ്യവസ്ഥിതിയിൽനിന്നും അണുകുടുംബ വ്യവസ്ഥിതിയിലേക്ക് ആളുകൾ മാറി എന്നുള്ളതുമാണ് പുതിയ കണക്കനുസരിച്ച്സ്വന്തമായിപാർപ്പിടമില്ലാത്ത കുടുംബങ്ങൾഇനിയും ഉണ്ടാരുന്ന പദ്ധതിയിൽ പാർപ്പിടമേഖലക്ക് പ്രത്യേക പരിഗണന നൽകി വീടില്ലാത്തവരുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്,

## 11. കുടിവെള്ളം

നമ്മുടെ നഗരസഭയിൽ അതിരൂക്ഷമായി അനുഭവപ്പെടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് കുടിവെള്ള പ്രശ്നം യുദ്ധകാരാടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കിയാൽ മാത്രമേ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളൂ നമ്മുടെ നഗരസഭയിൽ ഭൂരിഭാഗം ജനങ്ങളുടെയും കുടിവെള്ള സ്രോതസ്സ് കിണറുകളാണ് ഏകദേശം 8000 കുടുംബങ്ങളും സ്വന്തം കിണറുകളെയും ഏകദേശം 500 കുടുംബങ്ങൾ അയൽ വീട്ടുകളിൽ മറ്റുള്ളവർ പൊതുകിണറുകൾ പൊതു ടാപ്പുകൾ എന്നിവയും ആശ്രയിക്കുന്നു, വേനൽ ശക്തി പ്രാപിക്കുന്നതിന് മുമ്പ് തന്നെ മിക്ക കിണറുകളിലും ജലനിരപ്പ് ഗണ്യമായി കുറയുന്നു മാർച്ച് ഏപ്രിൽ മെെ മാസങ്ങളോടെ കൂടുതൽ കിണറുകളും വരണ്ടുപോകുന്നു, ഭരണ സമിതിയുടേയും, ഗവൺമെൻറ് ഏജൻസികളുടേയും വാട്ടർ അതോററ്റിക്കളുടേയും എല്ലാ നിരന്തരമായ ശ്രമഫലമായി ഒരു പരിധിവരെ കുടി വെള്ളക്ഷാമം പരിഹരിച്ചുവരുന്നു.

വേനൽക്കാലത്ത് പല പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം രൂക്ഷമാവാറുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം ടാങ്കർ ലോറികളിൽ നഗരസഭ കുടിവെള്ളം എത്തിച്ചു നൽകാറുണ്ട്. എന്നാൽ ഈ പ്രശ്നത്തിന് ശ്വാശ്വതമായ പരിഹാരമാണ് നമുക്കാവശ്യം. അതിലേക്കായി കിണർ റീച്ചാർജിംഗിന് നല്ല രീതിയിൽ തന്നെ ഫണ്ട് വകയിരുത്തേണ്ടതുണ്ട്. 2023-24 വർഷത്തിൽ 10 കുടിവെള്ള പദ്ധതികളാണ് നഗരസഭ നടപ്പിലാക്കി വരുന്നത്.

## 12. വിദ്യാഭ്യാസം,കലയും,സംസ്കാരവും, കായികം,യുവജനകാര്യം

നഗരസഭാ പരിധിയിലുള്ള 14 വിദ്യാലയങ്ങളിൽ 12 എണ്ണവും എയ്ഡഡ് വിദ്യാലയങ്ങളാണെങ്കിലും അടിസ്ഥാവികസനത്തിലും അക്കാഡമിക് നിലവാര മികവിലും ശ്രദ്ധേയമായ നേട്ടവും പുരോഗതിയും കൈവരിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ് എന്നാൽ സുഖാര്യമേഖലയിലുള്ള വിദ്യാലയങ്ങൾക്ക് നാം പ്രതീക്ഷിക്കുന്ന മുന്നേറ്റം കാഴ്ച വെക്കുവാന് പരിമിതികളുണ്ടെന്നകാര്യവും വിസ്മരിച്ചുകൂടാ നമ്മുടെ പൊതുമേഖല വിദ്യാലയങ്ങൾക്ക് ഭീക്ഷണിയായി ആധുനികസൗകര്യങ്ങളോടെ പ്രവർത്തന സജ്ജമാക്കുന്ന അണ് എയ്ഡഡ് വിദ്യാലങ്ങളും നഗരസഭാ പരിധിയിൽ വിരളമല്ലന്നുള്ളതും നാം പരിഗണിക്കേണ്ട കാര്യമാണ്.

പദ്ധതിയാസൂത്രണങ്ങൾ ഭരണാസിരകേന്ദ്രങ്ങളിൽ രൂപംകോണ്ട് വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കി വന്നിരുന്ന രീതികള് ജനകീയാസൂത്രണ ആവീർഭാവത്തോടെ ജനകീയമാവുകയും ആസൂത്രണവും നിർവ്വഹണവും പരിപൂർണ്ണ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുകയും ചെയ്യുകവഴി വികസന പ്രശ്നങ്ങളും സാധ്യതകളും പ്രാദേശികാവശ്യങ്ങളും

മറ്റാരേക്കാളും അറിയാവുന്ന പ്രാദേശിക ഗവൺമെൻറുകളില് നിക്ഷ്പതമായതോടെ വിവകസ പ്രക്രിയകൾക്ക് പുത്തന് ഉണർവ്വും ദിശാബോധവും കൈവന്നു പൊതുവിദ്യാഭ്യാസ മേഖലയും കലാകായിക സാംസ്കാരിക മേഖലയും യുവജനകാര്യ മേഖലയും കൈവരിച്ച വികസന നേട്ടങ്ങളും ശ്ലാഘനീയമാണ്

കോവിഡ് മഹാമാരി നമ്മുടെ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തനങ്ങളെ ഗണ്യമായി ബാധിച്ചു എങ്കിലും ഓൺലൈന് പഠനപ്രവർത്തനങ്ങളും കാര്യക്ഷമമായ ഇടപെടലുകളും വീടാണ് വിദ്യാലയം പദ്ധതിയും ചെറിയ ഒരു ആശ്യാസമായി പരിണമിച്ചിട്ടുണ്ട്.പ്രീ പ്രൈമറി തലം പ്രത്യേകം ഊന്നല് നൽകി പരിഗണിച്ചു വരുന്നതും ഇംഗ്ലിഷ് ഭാഷ പഠനം 1-ാംതരം മുതൽ ആരംഭിക്കുന്നതും അണ് എയ്ഡഡ് മേഖലകളിലേക്കുള്ള വിദ്യാർത്ഥി പ്രവാഹത്തില് വിലങ്ങു തടിയായിട്ടുണ്ട് .ഉന്നത വിദ്യാഭ്യാസ മേഖലയിൽ നമ്മുക്ക് വേണ്ടത്ര ഉണ്ടാക്കാന് സാധിച്ചില്ല എന്നത് വസ്തുതയാണ് ഇരിട്ടി മഹാത്മഗാന്ധി കോളേജ് ഒഴിച്ചാല് സർക്കാര് മേഖയിലോ എയ്ഡഡ് മേഖയിലോ മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലെങ്കിലും സ്വാശ്രയ മേഖലയിൽ അനേകം സ്ഥാപനങ്ങള് പ്രവർത്തിക്കുന്നു.ബിരുദബിരുദാനന്തര മേഖയിലും ശാസ്ത്രീയ സാങ്കേതിക രംഗത്തും മലയോര കുടിയേറ്റ മേഖലയുടെ സ്ഥിരാ കേന്ദ്രമായ ഇരിട്ടിയിൽ ഉന്നത നിലവാരത്തിലുള്ള വിദ്യാലയങ്ങള് നമുക്ക് അനിവാര്യമാണ്.

വിദ്യാഭ്യാസ മേഖലയിൽ നഗരസഭയുടെ പദ്ധതികൾ നടപ്പിലാക്കുന്നത് ചാവശ്ശേരി ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാളാണ്. വിദ്യാലയങ്ങളുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് മരാമത്ത് പ്രവർത്തികൾക്കും ഫണ്ട് വകയിരുത്തിവരുന്നുണ്ട്. സതുടർ സാക്ഷരതാ പ്രവർത്തനങ്ങൾ, കേരളോത്സവം വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ, പത്ത് പന്ത്രണ്ട് ക്ലാസുകളിലെ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യക ക്ലാസുകൾ, സ്പോട്സ് കിറ്റ് വിതരണം എന്നിവ ഈ വർഷത്തെ പ്രധാന പദ്ധതികളാണ്.

## 13. പട്ടികജാതി/പട്ടിക വർഗ്ഗവികസനം

ഇരിട്ടി നഗരസഭ പരിധിയിൽ 14 ഊരുകളിലായി (കോളനികളിലായി)340 പട്ടിക വർഗ്ഗ കുടുംബങ്ങള് താമസിക്കുന്നു.ഇവരുടെ ജനസംഖ്യ 1054 ആണ് പ്രധാനമായും പണിയ സമുദായത്തിൽപ്പെട്ടവരും കരിമ്പാലൻ സമുദായത്തിൽപ്പെട്ടവരും ഇവിടെ അതിവസിക്കുന്നു.

നഗരസഭ പരിധിയിലെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ക്ഷേമം ലക്ഷ്യമിട്ട് നിരവധി പദ്ധതികൾനടപ്പിലാക്കിയിട്ടുണ്ടെങ്കിലും കോളനികളുടെ അടിസ്ഥാന, പശ്ചാത്തലങ്ങളും, കുടുംബകേന്ദ്രീകൃത വികസനവും പൂർണ്ണതോതില് ഇന്നും ലക്ഷ്യ പ്രാപ്തി കൈവരിച്ചിട്ടില്ല .വിവിധ ഊരുകളിലായി സർക്കാര് സഹായം ലഭ്യമാക്കി നിർമ്മാണം നടത്തിയ വീടുകളില് താമസിക്കുന്നവർക്ക് കുടുംബത്തിലെ അംഗസംഖ്യക്ക് അനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകാത്തതിനാൽ വീടുകളുടെ നവീകരണം നടത്തുന്നതിന് അടിയന്തര ഇടപെടലുകൾ അത്യാവശ്യമാണ്.

കോളനികളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി നഗരസഭ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ചില കോളനികളിൽ കുടിവെള്ള പ്രശ്നം ഗൗരവമായി പരിഹരിക്കേണ്ടതായിട്ടുണ്ട് കിഫ്ബി പദ്ധതിയുടെ പൂർത്തീകരണത്തോടെ കൂടുതൽ കുടിവെള്ള സൗകര്യങ്ങള് ലഭ്യമാക്കാന് സാധിക്കുമെന്ന് കരുതുന്നു. വിദ്യാഭ്യാസ മേഖലയിൽ പ്രാഥമിക വിദ്യാഭ്യാസം എല്ലാവർക്കും നൽകാന് കഴിയുന്നുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസത്തിലേക്ക് കടന്നുവരുന്നവരിൽ കുറവുണ്ടാകുന്നത് അടിയന്തിര ശ്രദ്ധ പതിക്കേണ്ട വിഷയമാണ് ഉന്നത വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് കൂടുതല് ഊന്നൽ നൽകാന് ശ്രദ്ധിക്കണം വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയോ താൽപര്യക്കുറവോ ഒരു പൊതു പ്രശ്നമായി ഇന്നും അവശേഷിക്കുന്നു.തൊഴിൽ രഹിതരായ സ്ത്രീകൾക്ക് സ്വയം തൊഴിൽ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതൊടോപ്പം യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകി അനുയോജ്യമായ ഉപകരണങ്ങളും അനുവാദിക്കാവുന്നതാണ്. കൃഷിയിൽ തൽപരരായവർക്ക് വ്യത്യസ്ത കൃഷികൾ ചെയ്യുന്നതിന് പ്രോത്സാഹനം നൽകാവുന്നതാണ് .

പാർപ്പിട പ്രശ്നത്തിന് പ്രഥമ പരിഗണന നൽകുകയും വിദ്യാഭ്യാസത്തെ ആകർഷകമാക്കുന്നതിന് പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും സ്കോളർഷിപ്പ് നൽകിവരുന്നു. ആരോഗ്യ പരിരക്ഷ ആവശ്യ സേവനമായും ജീവിത നിലവാരം മാറ്റുന്ന തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടിയിട്ടുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്. പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളിലെ പോഷകാഹാര കുറവ് പരിഹരിക്കുന്നതിന്റെ ഭാഗമായി പ്രഭാത ഭക്ഷണം നൽകുന്നതിനുള്ള പദ്ധതി നടന്നു വരികയാണ്. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് വരുമാന ദായകമായ സ്വയം തൊഴിൽ ഗ്രൂപ്പ് പദ്ധതികൾക്ക് നഗരസഭ 2023-24 വർഷത്തിൽ നിരവധി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതികൾ എല്ലാം നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പട്ടിക വർഗ്ഗ ഫണ്ട് ഉപയോഗിച്ച് എസ്.ടി കോളനികളിൽ സ്ട്രീറ്റ് ലൈറ്റ്, കുടിവെള്ള കണക്ഷൻ പദ്ധതികളും അന്തിമഘട്ടത്തിലാണ്.

## 14. പൊതുമരാമത്ത്

ഇരിട്ടി നഗരസഭ രൂപീകൃതമായതിനുശേഷം പശ്ചാത്തല മേഖലിയിൽ കൂടുതൽ വികസനങ്ങള് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. കണ്ണൂർ അന്തരാഷ്ട്ര വിമാനത്താവളം യഥാർത്ഥ്യമായതും തലശ്ശേരി-വളവുപാറ റോഡ് നവീകരണം പൂർത്തിയായതും നഗരസഭയുടെ വികസനത്തിൽ നല്ല പങ്ക് വഹിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് 55 കി.മി ഉണ്ടായിരുന്ന ടാര് റോഡ് 133 കി.മി ആയും 0.14 കി.മി ഉണ്ടായിരുന്ന കോൺഗ്രീറ്റ് റോഡ് 4 കി.മി ആയും വർദ്ധപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇനിയും 40 കി.മി പുതിയ റോഡ് നിർമ്മാനുണ്ട് .ഉൾപ്രദേശ്ശങ്ങളിലെ ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാകുന്ന വിധത്തിൽ നടപാതകളുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. നിലവിലെ റോഡിൻറസംരക്ഷണത്തിന് ഡ്രൈനേജ്, കൾവർട്ട്, സംരക്ഷണഭിത്തി എന്നിവ

നിർമ്മിക്കണം കൂടാതെ റോഡുകളുടെ മെയിൻറെനൻസ് നടത്തുന്നതും നഗരസഭയുടെ പ്രധാന വെല്ലുവിളിയാണ്.

2023-24 വാർഷിക പദ്ധതിയിൽ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ്, മെയിന്റനൻസ് ഗ്രാന്റ് ,തനത് ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് നഗരസഭയിലെ പുതിയ റോഡുകളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി 4 കോടിയിലധികം രൂപയുടെ പ്രവർത്തികൾ നടന്നുവരുന്നു. കൂടാതെ നഗരസഭയിലെ എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും പദ്ധതി നിർവഹണ ഘട്ടത്തിലാണ്.

## 15. നഗരാസൂത്രണം

ഇരിട്ടി നഗരസഭ രൂപം കൊണ്ടതിനുശേഷമുള്ള രണ്ടാമത്തെ പഞ്ചവത്സര പദ്ധതിയാണ് 14ാം പഞ്ചവത്സരപദ്ധതി. തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാന താവളത്തിൻറെ വളർച്ചയും തലശ്ശേരി-കൂർഗ് അന്തർസംസ്ഥാന പാതയും ഇരിട്ടി നഗരത്തെ അതിവേഗം വളരുന്ന നഗരമാക്കി മാറ്റുന്നു.അയൽ സംസ്ഥാനമായ കർണ്ണാടകയിൽനിന്നും വയനാട് ജില്ലയില് നിന്നും മലയോര മേഖലകളിൽ നിന്നും ഇരിട്ടി നഗരത്തിലൂടെയാണ് വിമാനത്താവളത്തിലേക്ക് പോകുന്നത് കൂടാതെ പഴശ്ശി ഇറിഗേഷന് പ്രോജക്ട് നമ്മുടെ നഗരസഭ പരിധിയിൽ ആണ് നിലനിൽക്കുന്നത് തലശ്ശേരി-കൂർഗ്ഗ് റോഡ് ഇരിട്ടി-പേരാവൂർ റോഡ്,19-ാം മൈൽ-പഴശ്ശിറോഡ് എന്നീ പ്രധാന പാതകളെ ആശ്രയിച്ചാണ് നഗരത്തിൻറെ വികസനമാകുന്നത്.

ഇരിട്ടി എടക്കാനം, കീഴൂർ, എടക്കാനം, ഉളിയില് ആവിലാട് മുത്തപ്പൻകരി, നരയൻപാറ-മുത്തപ്പൻകരി, ഉളിയിൽ തില്ലങ്കേരി, കൂരൻമുക്ക്-പെരിയത്തിൽ, തുടങ്ങിയ നിരവധി പ്രധാന റോഡുകൾ കൂടി വികസിപ്പിക്കേണ്ടതുണ്ട്. നഗരത്തിലെ പ്രധാന റോഡുകൾ കൂടി വികസിക്കേണ്ടതുണ്ട്. നഗരത്തിലെ പ്രധാന ടൗണുകളുകളായ 19-ാം മൈൽ നടുവനാട്, ഉളിയിൽ, പുന്നാട്, കീഴൂർ, ഇരിട്ടി ടൗണ് എന്നിവിടങ്ങളിലെ പാർക്കിംഗ് സൗകര്യംകൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്.നഗരത്തിലെ പ്രധാന റോഡുകളായ 19 ാം മൈൽ നടുവനാട്, ഉളിയിൽ, പുന്നാട്, കീഴൂർ, ഇരിട്ടി ടൗണ് എന്നിവിടങ്ങളിലെ പാർക്കിംഗ് സൗകര്യം കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇരിട്ടി ബസ്റ്റാൻറ് ബ്ലോക്ക് ഓഫീസ് ബൈപാസ് റോഡ് ,ഇരിട്ടി ബസ്റ്റാൻറ് മേലെസ്റ്റാൻറ് എന്നീ ബൈപാസുകള് എന്നിവയും വേണം

നഗരസഭയില് പ്രവർത്തിക്കുന്ന സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത വിവിധ വകുപ്പ് ഓഫീസുകളെ കേന്ദ്രീകരിച്ചുകൊണ്ട് മിനി സ്റ്റേഷൻ, നഗരത്തിൽ ഓഡിറ്റോറിയം, കളിസ്ഥലങ്ങൾ ,പാർക്കുകൾ റസ്റ്റ് ഹൗസുകൾ എന്നിവയും വ്യവസായ സ്ഥാപനങ്ങൾക്ക് ഇൻടസ്ട്രിയൽ റേറ്റ് എന്നിവയും ആധുനിക അറവുശാല, മത്സ്യ മാംസ സംസ്കരണ യൂണിറ്റ്, വിവിധ ഉൽപന്നങ്ങളുടെ വിപണന കേന്ദ്രങ്ങൾ എന്നിവയും ഉണ്ടാവേണ്ടതുണ്ട്.

2024-25 വാർഷിക പദ്ധതിയിൽ ഹാപ്പിനസ് പാർക്ക് എന്ന ആശയത്തിന് മുൻഗണന നൽകിയിട്ടുണ്ട്. മാലിന്യ നിക്ഷേപ കേന്ദ്രങ്ങായിരുന്ന പ്രദേശങ്ങൾ ശുചീകരിച്ച് പാർക്കുകൾ ആക്കുന്നതിന് നഗരസഭ പരിഗണന നൽകുന്നുണ്ട്. നഗര സൌന്ദര്യ വൽക്കരണത്തിന്റെ ഭാഗമായി കഴിഞ്ഞ വർഷം നൂറ് കണക്കിന് ചെടികളാണ് ഇരിട്ടി നഗരത്തിൽ സ്ഥാപിച്ചിട്ടുള്ളത് ഇതിന്റെ തുടർച്ചയെന്നോണം 2023-24 വർഷത്തിലും പദ്ധതി നടപ്പിലാക്കുന്നുണ്ട്. നഗരത്തിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിന് പാർക്കിംഗ് സംവിധാനം മെച്ചപ്പെടുത്തൽ, ബൈപ്പാസ് റോഡ് നിർമ്മാണം എന്നിവ നഗരസഭയുടെ സജീവ പരിഗണനയിലുള്ള വിഷയങ്ങളാണ്.

# 16. ജൈവവൈവിധ്യമാനേജ്മെന്റ് ,കാലാവസ്ഥ വ്യതിയാനം, ദുരന്ത നിവാരണം ,പരിസ്ഥിതി സംരക്ഷണം

ജൈവവൈവിധ്യം ഭൂമിയിൽകാണപ്പെടുന്ന സർവ്വ ജീവജാലങ്ങളുടെയും തമ്മിൽത്തമ്മിലുള്ള വിത്യാസങ്ങളും അവയൊരോന്നിലുമുള്ള വിത്യാസങ്ങളും. ഇവയെല്ലാം തമ്മിലുള്ള പ്രവർത്ത പ്രതി പ്രവർത്തനങ്ങളുടെയും ആകെ തുകയാണ് ജൈവവൈവിധ്യം. സസ്യങ്ങൾ, ജലജീവികൾ, മൃഗങ്ങൾ, സുക്ഷമാണുക്കൾ, പവിഴപ്പുറ്റുകൾ തുടങ്ങിയ ജീവികളും വനങ്ങൾ, മഴക്കാടുകൾ, മരുഭൂമികൾ ,തണ്ണീർത്തടങ്ങള കുന്നുകള്,മലകൾ,സമുദ്രം തുടങ്ങിയ ആവാസവ്യവസ്ഥകളുടെ വൈവിധ്യവും ജൈവവൈവിധ്യത്തില് ഉൾപ്പെട്ടിരിക്കുന്നു.

കുന്നുകളുംതണ്ണീർത്തടങ്ങളും സമതല പ്രദേശങ്ങളും കാവുകളും,കാടുകളും ഉൾപ്പെട്ട ഇരിട്ടി മുൻസിപ്പല് പ്രദേശം ജൈവവൈവിധ്യങ്ങളുടെ കലവറയാണ്.കാർഷിക സംസ്കാരം പിന്തുടർന്നിരുന്ന പ്രദേശവാസികള് കാർഷിക വൈവിധ്യം കാത്തു സൂക്ഷിച്ചിരുന്നു. ഭൂപ്രകൃതി,മണ്ണ്,കാലാവസ്ഥ ,വെള്ളത്തിൻറെ ലഭ്യത എന്നിവയ്ക്കനുസരിച്ച് വിവിധങ്ങളായ കാർഷിക വിളകൾ ജൈവവൈവിധ്യം ഉൾക്കൊണ്ട് കൃഷി ചെയ്യാൻ പ്രദേശ വാസികൾ ശ്രദ്ധിച്ചിരുന്നു.

നമ്മുടെ ജൈവവൈവിധ്യം തനതു ആവാസവ്യവസ്ഥകളാലും ജൈവജാതികളാലും സമ്പന്നമാണെങ്കിലും മണ്ണൊലിപ്പ് ,മണ്ണിടിച്ചിൽ ,ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിയാലുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും കുന്നിടിക്കൽ,നിലം നികത്തൽ,നദികളിൽ നിന്നുള്ള അനധികൃമണലൂറ്റ് അശാസ്ത്രീയമായ ചെങ്കൽ ഖനനം കാവുകളുടെ നശീകരണം അശാസ്ത്രീയമായ കൃഷിരീതികള്,മലിനീകരണം അമിതമായ രാസവളങ്ങുടെയും കീടനാശിനികളുടെയും ഉപയോഗം അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങള് എന്നീവമൂലം ജൈവവൈവിധ്യം വൻ ശോഷണം നേരിട്ട്കൊണ്ടിരിക്കുകയാണ് മനുഷ്യരാശിയുടെ നിലനിൽപ്പിൽമറ്റ് ജീവജാലങ്ങളും നിലനിൽക്കണം അതുകൊണ്ട്തന്നെ നമ്മുടെ ജൈവവൈവിധ്യത്തെ പൂർണ്ണമായും അറിയുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതിൻറെ ഉത്തരവാദിത്വം നമ്മളിൽ നിക്ഷ്പതമാണ്.

നഗരസഭ രൂപീകരിക്കുന്നതിന് മുൻപ് കീഴൂർ ചാവശ്ശേരി പഞ്ചായത്തിന്റെ കാലഘട്ടത്തിൽ ജൈവവൈവിദ്ധ്യ രജിസ്റ്റർ പ്രസിദ്ധീകരിച്ചിട്ടുണ്ട്ഇതിന്റെ . ഡിജിറ്റലൈസേഷനും പുതുക്കിയ രജിസ്റ്റർ പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടികൾ സിയുടെ.എം.ബിനേതൃത്വത്തിൽ ദ്രുതഗതിയിൽ നടന്നുവരുന്നുണ്ട്ജൈവവിധ്യ . സംരക്ഷണത്തിന്റെ ഭാഗമായും അതിവേഗം വളരുന്ന നഗരമെന്ന നിലയിലും കാലാവസ്ഥ ഉസ്ഥലങ്ങളിൽ മിയാവാക്കി വ്യതിയാനത്തെ ചെറുക്കുന്നതിന്റെ ഭാഗമായി പൊ വെള്ളപ്പൊക്കം ഉൾപ്പെടെയു .വനവൽക്കരണത്തിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്ള്ള പ്രകൃതി ദുരന്തങ്ങൾ നേരിട്ട നഗരസഭ എന്ന നിലയിൽ നഗരസഭ തലത്തിൽ റസ്ക്യൂ സേന രൂപീകരിക്കുകയാലും കാലികമായും സജീവമാക്കിയും നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

## അദ്ധ്യായം 2

# വാർഷിക പദ്ധതി അവലോകനം

ഇരിട്ടി നഗരസഭയുടെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായ 2023-24 വാർഷിക പദ്ധതി നിർവഹണം ത്വരിതഗതിയിൽ നടന്നുവരികയാണ്. 346 പദ്ധതികളാണ് നടപ്പ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷം നിർവഹണം പൂർത്തിയാവാത്ത 72 പദ്ധതികളും നടപ്പുവർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്. ആകെ 34,12,22,226/-- രൂപയുടെ പദ്ധതിയാണ് നഗരസഭ തയ്യാറാക്കിയിട്ടുള്ളത്.

**വിവിധ ഇനത്തിലെ ഫണ്ട് വിവരം ചുവടെ ചേർക്കുന്നു**

| ക്രമ നം | ഫണ്ട് വിഭാഗം | തുക |
|---|---|---|
| 1 | വികസന ഫണ്ട് - ജനറൽ | 48939000 |
| 2 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- അടിസ്ഥാന വിഹിതം | 17780000 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് | 26670000 |
| 4 | എസ്.സി.പി ഫണ്ട് | 2287000 |
| 5 | ടി.എസ്.പി ഫണ്ട് | 4426000 |
| 6 | മെയ്ന്റനൻസ് ഗ്രാന്റ് - റോഡ് | 21630000 |
| 7 | മെയ്ന്റനൻസ് ഗ്രാന്റ് - റോഡിതരം | 22572000 |
| 8 | ഹെൽത്ത് ഗ്രാന്റ് | 11287000 |
| 9 | കെ.എസ്.ഡബ്ല്യൂ.എം പി | 19714203 |

**2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ വിഭാഗങ്ങൾക്ക് വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ**

| ക്രമ നം | ഫണ്ട് വിഭാഗം | തുക |
|---|---|---|
| 1 | കൃഷി | 27,10,000 |
| 2 | മണ്ണ് -ജല- പരിസ്ഥിതി സംരക്ഷണം | 2,00,000 |
| 3 | മൃഗ സംരക്ഷണം -ക്ഷീര വികസനം | 84,10,350 |
| 4 | വ്യവസായം-സ്വയംതൊഴിൽ | 19,50,000 |
| 5 | വിദ്യാഭ്യാസം | 1,15,99,473 |
| 6 | തുടർ വിദ്യാഭ്യാസം | 2,00,000 |
| 7 | വായനശാലകൾ- ലൈബ്രറികൾ | 34,75,000 |
| 8 | കലാ സാംസ്കാരിക -കായികം-യുവജന ക്ഷേമം | 62,12,678 |
| 9 | ആരോഗ്യം | 3,42,22,695 |
| 10 | കുടിവെള്ളം | 2,51,51,298 |
| 11 | പാർപ്പിടം | 3,27,25,000 |
| 12 | സാമൂഹ്യ ക്ഷേമം | 71,92,052 |
| 13 | അംഗൻവാടി പോഷകാഹാരം | 50,00,000 |
| 14 | അംഗൻവാടികളുടെ വികസനം | 48,04,000 |
| 15 | മെച്ചപ്പെട്ട ഭരണ സേവന പ്രവർത്തനങ്ങൾ | 62,23,698 |
| 16 | തെരുവു വിളക്ക് സ്ട്രീറ്റ് ലൈൻ | 42,67,500 |
| 17 | പൊതു കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ | 6,11,12,551 |
| 18 | റോഡുകൾ | 4,76,40,179 |
| 19 | ശുചിത്വം- മാലിന്യ സംസ്കരണം | 6,82,91343 |
| 20 | വയോജനങ്ങൾ | 37,48,100 |
| 21 | വനിതകൾ | 45,00,000 |
| 22 | ഭിന്നശേഷിക്കാർ, കുട്ടികൾ | 29,18,150 |

അദ്ധ്യായം 3

# പ്രശ്ന വിശകലനവും പരിഹാര സാധ്യതകളും

നമ്മുടെ നഗരസഭയിൽ അതിരൂക്ഷമായി അനുഭവപ്പെടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് കുടിവെള്ള പ്രശ്നം. യുദ്ധകാരാടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കിയാൽ മാത്രമേ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. നമ്മുടെ നഗരസഭയിൽഭൂരിഭാഗം ജനങ്ങളുടെയും കുടിവെള്ള സ്രോതസ്സ് കിണറുകളാണ് ഏകദേശം 8000 കുടുംബങ്ങളും സ്വന്തം കിണറുകളെയും ഏകദേശം 500 കുടുംബങ്ങൾ അയൽ വീടുകളിൽ മറ്റുള്ളവർ പൊതുകിണറുകൾ പൊതു ടാപ്പുകൾ എന്നിവയും ആശ്രയിക്കുന്നു, വേനൽശക്തി പ്രാപിക്കുന്നതിന് മുമ്പ് തന്നെ മിക്ക കിണറുകളിലും ജലനിരപ്പ്ഗണ്യമായി കുറയുന്നു മാർച്ച് ഏപ്രിൽ മെയ് മാസങ്ങളോടെ കൂടുതൽ കിണറുകളുംവരണ്ടുപോകുന്നു കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള കിണറുകളുടെ ആഴം കൂട്ടിയും പൊതുകിണറുകൾ കുഴിച്ചും റീച്ചാർജ് പദ്ധതി നടപ്പിലാക്കിയും പ്രശ്നം പരിഹരിക്കപ്പെടേണ്ടതാണ്.

പട്ടിക ജാതി, പട്ടിക വർഗ്ഗ ക്ഷേമത്തിനായി സർക്കാർ അനുവദിക്കുന്ന പ്രത്യേക ഫണ്ട് കൂടാതെ വകയിരുത്തണം. ഭവന നിർമ്മാണം പുനരുദ്ധാരണം എന്നിവ ഇനിയും ആവശ്യമുണ്ട്. യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിന് കോളനിയിലേക്ക് റോഡുകളും നടപ്പാകളും ഉണ്ടാക്കണം നിലവിലുള്ളവ നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. വിദ്യാർത്ഥികൾക്ക് മികവിനാവശ്യമായ പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം. കോളനികളിലെ റോഡ്,കുടിവെള്ള വെളിച്ചം, ടോയിലറ്റുകൾ എന്നീ സൌകര്യങ്ങൾ മെച്ചപ്പെടുത്തണം

വിവിധ പാർപ്പിട പദ്ധതികൾ നടപ്പിലാക്കിയിട്ടും പലർക്കും വാസ യോഗ്യമായ വീട് എന്ന സ്വപ്നം സാക്ഷാൽകരിക്കപ്പെട്ടിട്ടില്ല . ടി പ്രശ്ന ംപി.എം.എ.വൈ- ലൈഫ് ഭവന പദ്ധതിയിലൂടെ പരിഹരിക്കണം വീടില്ലാത്ത കുടുംബങ്ങൾക്ക് താമസയോഗ്യമായ വീടുകൾ നിർമ്മിക്കണം, പൂർത്തിയാകാത്ത വീടുകൾ പൂർത്തിയാക്കണം.

നഗരസഭയിലെ പരമ്പരാഗത തൊഴിലുകളുടെ സംരക്ഷണത്തിന് പ്രോത്സാഹനവും വിപണന സാധ്യതയും കണ്ടെത്തണം. 2023-24 വാർഷിതക പദ്ധതിയിൽ നൽകിയ മുട്ടക്കോഴികളിൽ നിന്നുള്ള മുട്ടകൾ കേന്ദ്രീകൃ വിപണനത്തിനായി ബ്രന്റ് ചെയ്ത്

വിൽപ്പന നടത്താവുന്നതാണ്. സ്വയം തൊഴിലിനായി ഓട്ടോ റിക്ഷ തെങ്ങ് കയറ്റ യന്ത്രം കോഴി പശു , പോത്ത് തുടങ്ങിയവ വിതരണം ചെയ്യണം.

പൊതുജനാരോഗ്യരംഗത്ത് ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചെങ്കിലും മാരകമായ രോഗങ്ങൾ പകർച്ചവ്യാധികള്, ജീവിതശൈലി രോഗങ്ങൾ തുടങ്ങി ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് അറുതി വരുത്തണം. ആരോഗ്യ സ്ഥാപനങ്ങൾ രോഗീ സൌഹൃതമാക്കണം. മെച്ചപ്പെട്ട അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കണം. ആരോഗ്യ സ്ഥാപനങ്ങളിൽ മെച്ചപ്പെട്ട പരിശോധന സംവിധാനം ഉണ്ടാവണം. വിവിധ സർക്കാർ പദ്ധതികളുമായി ചേർന്ന് പ്രവർത്തനം മെച്ചപ്പെടുത്തണം

വിഷരഹിത പച്ചക്കറികൃഷി, പാലുൽപാദനം, മുട്ട, മാംസം എന്നിവയിൽ സ്വയം പര്യാപ്തതിയിൽ എത്തിച്ചേരുന്നതിനും ഉപയോഗപ്രദമായ പദ്ദതികൾ തയ്യാറാക്കണം നഗരസഭയിലെ തരിശായിക്കിടക്കുന്ന സ്ഥലങ്ങൾ കൃഷിയോഗ്യമാക്കണം. കാർഷിക മേഖലയിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾക്കൂടി ഉപയോഗപ്പെടുത്തണം. പച്ചക്കറി കൃഷിക്കും നൂതന കൃഷി രീതികൾക്കും പ്രോത്സാഹനംനൽകണം. നെൽകൃഷിക്ക് താങ്ങായി കർഷകർക്ക് കൂലിചെലവ് സബ്സിഡി നൽകണം.

സ്ത്രീകൾക്ക് രാത്രികാലങ്ങൾ ഉൾപ്പെടെ നിർഭയം സഞ്ചരിക്കുന്നതിനും, വിശ്രമിക്കുന്നതിനുള്ള സംവിധാനം ഒരുക്കണം. ഇരിട്ടി നഗരത്തിൽ പുതിയ മുലയൂട്ടൽ കേന്ദ്രം ആരംഭിക്കണം.

നഗരസഭയിളെ സ്കൂളുകളുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തണം. വിദ്യാർത്ഥികളെ പൊതു വിദ്യാഭ്യാസസ്ഥാപനങ്ങളിൽ എത്തിക്കുന്നതിന് സമഗ്രമായ പദ്ധതി തയ്യാറാക്കണം. പഠനത്തിൽ പിന്നാക്കം നിർക്കുവർക്ക് പ്രത്യക പരിശീലനങ്ങൾ നൽകണം. വിദ്യാഭ്യസത്തോടൊപ്പം തൊഴിൽ പരിശീലനവും നല്ല ശീലങ്ങളും നേടുന്നതിന് പദ്ധതി നടപ്പിലാക്കണം.

എല്ലാ വീട്ടുകളിലും സ്ഥാപനങ്ങളിലും ശാസ്ത്രീയമായ ഉറവിട മാലിന്യ സംസ്കരണോപാധികൾ ഒരുക്കണം. ഹരിത കർമ്മസേന യൂസർഫീ കളക്ഷൻ 100 ശതമാനം ആക്കണം. കേന്ദ്രീകൃത ഖര-ദ്രവ മാലിന്യ സംസ്കരണോപാധികൾ സ്ഥാപിക്കണം.

അതിദരിദ്രർക്ക് ആവശ്യമായ പദ്ധതികൾ തയ്യാറാക്കണം

അദ്ധ്യായം 4

# വികസന കാഴ്ച്ചപ്പാട്-ലക്ഷ്യങ്ങൾ- വികസനതന്ത്രം

ഇന്ത്യൻ ഭരണ ഘടനയുടെ 73,74 ഭേദഗതികളിലൂടെ ശാക്തീകരിക്കപ്പെട്ടുകയും ജനകീയാസൂത്രണണത്തിലൂടെ പദ്ധതികൾ ആസൂത്രണം ആരംഭിക്കുകയും ചെയ്യതോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ ജനങ്ങളുടെ ആവശ്യങ്ങൾക്ക് അനുസൃതമായി. ജനകീയാസൂത്രണത്തിന്റെ കാൽ നൂറ്റാണ്ട് പിന്നിട്ട ഈ അവസരത്തിൽ പഞ്ചവത്സര പദ്ധതികളുടെ നടത്തിപ്പിലൂടെ നേടിയ അറിവും അനുഭവവും പുതിയ വർഷത്തെ പദ്ധതി ആസൂത്രണത്തിന് മുതൽക്കൂട്ടാണ്.

പ്രാദേശിക വികസന പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവഹണവും നിയമപരമായി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലയാണ്. വിവിധ വികസന സൂചികകളിൽ കേരളത്തിന് ദേശീയ തലത്തിൽ പ്രഥമസ്ഥാനം ലഭിക്കാനുള്ള കാരണങ്ങളിൽ പ്രധാനം പ്രാദേശികാസൂത്രണ പ്രക്രിയയാണ്,

വികസന വിടവുകൾ നികത്തിയും വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ടും നവകേരളം സൃഷ്ടിക്കുക എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെയാണ് വിവിധ മിഷനുകൾക്ക് സർക്കാർ തുടക്കം കുറിച്ചത്,കൂടുതൽ ഫലപ്രദമായ ഏകോപനവും സംയോജനവുംവിലയിരുത്തൽ രീതികളും നടപ്പിലാക്കാൻ കഴിയും വിധം ലൈഫ് ,ആർദ്രം ,ഹരിത കേരളം ,പൊതു വിദ്യാഭ്യാസ സംരക്ഷണം,എന്നീ മിഷനുകളെയും കേരളാ പുനർനിർമ്മാണ പദ്ധതികളെയും ഉൾപ്പെടുത്തി നവകേരള കർമ്മപദ്ധതി എന്ന പേരിൽ സർക്കാർ മുന്നോട്ടുവെച്ച പൊതു വികസന സമീപനങ്ങളിൽ ഊന്നിയാണ് നഗരസഭാ പദ്ധതി പ്രവർത്തനം രൂപപ്പെടുത്തിയിട്ടുള്ളത്.

കാർഷിക മേഖലയിൽ പച്ചക്കറി ,പഴവർഗ്ഗം ഉൽപ്പാദത്തിൽ സ്വയം പര്യാപ്ത നേടുന്നതിനും തരിശ്ശ് പഹിത നഗരസഭ എന്ന ലക്ഷ്യം കൈവരിക്കുന്നതിനും നടപടി സ്വീകരിക്കും. കാർഷിക മേഖലയിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത കൂടി വിനിയോഗിക്കും.

കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾഗ്രാമീണ ഉപജീവന ദൗത്യം പ്രവാസികൾക്കായുള്ള പദ്ധതികൾ ,സ്റ്റാർട്ടപ്പ് മിഷനുകൾ എന്നിവയുടെ സാധ്യതകൾഏകോപിപ്പിച്ച് സൂക്ഷ്മതലസംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾക്ക് രൂപം നൽകും. ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായിവായ്പയും സബ്സിഡിയും ലഭ്യമാക്കുന്ന പ്രൊജക്ടുകള് രൂപപ്പെടുത്തും. യുവജനങ്ങൾക്ക് അവരുടെ മികവ് അനുസരിച്ച് തൊഴിലവസരം ലഭിക്കുന്നതിന് നൈപുണ്യവികസന പരിശീലനം സംഘടിപ്പിക്കും. ഇതിനായി Economy Knowledge Mission ന്റെ സഹകരണവും കണ്ടെത്തും. പരിസ്ഥിതി സംരംക്ഷണം വനവൽക്കരണം മണ്ണ് -ജല സംരംക്ഷണം തുടങ്ങിയവയുള്ള പദ്ധതികൾ പ്രോത്സാഹിപ്പിക്കും. വിളവിസ്തൃതി വർദ്ധിപ്പിക്കും, ഉൽപാദനക്ഷമതക്കൂട്ടും,ജൈവപച്ചക്കറി പ്രോത്സാഹിപ്പിക്കും, ഇതിനായി ജൈവവള നിർമ്മാണ സാധ്യത കണ്ടെത്തും.

ഫലവൃക്ഷതൈകൾ, വിത്ത് വിതരണം എന്നിവ പ്രോത്സാഹിപ്പിക്കും. കാർഷിക കർമ്മസേന രൂപീകിച്ച് അവരുടെ പ്രവർത്തനം കാര്യക്ഷമമാക്കും. ഇവ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിക്കും. പരിസ്ഥിതിയിലും പ്രവർത്ത നത്തിലും ഹരിതനഗരസഭയാക്കി മാറ്റുന്നതിനാവശ്യമായ കാർബൺ ന്യൂട്രൽ സ്ഥിതി നിലനിർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തുകയും നടപ്പിൽ വരുത്തുകയും ചെയ്യും. നഗരസഭയ്ക്ക് ആവശ്യമായ നടീൽ വസ്തുക്കളും ജൈവവളം ഉൾപ്പെടെയുള്ള ഉൽപ്പാദനോപാദികളും നൂതന കൃഷിരീതികളും കർഷകരിലെത്തിക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിക്കും.

കാലാവസ്ഥ വ്യതിയാനത്തിൻറെ ആഘാതം കുറക്കുന്നതിനും പ്രകൃതി ക്ഷോഭം തുടങ്ങിയ ദുരന്തങ്ങൽ കുറക്കുന്നതിനാവശ്യമായ ഹ്രസ്വ-ദീർഘ കാല പദ്ധതികള് തയ്യാറാക്കുക ഇതിനായി നേരത്തെ തയ്യാറാക്കിയ ദുരന്തനിവാരണ ലഘൂകരണ പദ്ധതി കാലാനുസൃതമായി മാറ്റപ്പെടുത്തുകയും വാർഷിക പദ്ധതികളോടൊപ്പം ചേർന്ന് നടപ്പിലാക്കുകയും ചെയ്യും. കമ്മ്യൂണിറ്റി റെസ്ക്യൂ വളണ്ടിയർമാരെ പരിശീലിപ്പിക്കുകയും സന്നദ്ധ സേന രൂപീകരിക്കുകയും ചെയ്യും. സാധ്യമായ എല്ലാ മേഖലകളിലും തൊഴിലുറപ്പ് പദ്ധതിയുമായും കുടുംബശ്രീയുടെയും സംയോജനം ഉറപ്പാക്കികൊണ്ട് വിവിധ സാധ്യത കണ്ടെത്തും. നിലാവ് പോലുള്ള പദ്ധതികളുടെ അറ്റകുറ്റ പ്രവൃത്തികൾ കുടുംബശ്രീയെ ഏൽപ്പിക്കുന്ന കാര്യവും പരിശോധിക്കും.

ജെൻറർ സെൻററിൻറെയും കമ്മ്യൂണിറ്റി ഹ്യൂമൺ ഫെസിലിറ്റേറ്ററുടെയും നേതൃത്വത്തില് ജാഗ്രത സമിതികൾ കാര്യക്ഷമമാക്കാനും വനിത വികസനപ്രവർത്തനങ്ങളും ലിംഗ പദവികളും സൗഹൃദപ്രവർത്തനവും ഏകോപിപ്പിക്കുന്നതിനുള്ള പദ്ധതികളും കുട്ടികള്, ഭിന്നശേഷിക്കാർ, വയോജനങ്ങള് തുടങ്ങിയവരുടെ വിവിധ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സമൂഹത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും അവരെ അതിൻറെ ഭാഗമാക്കുകയും ചെയ്യും ഇതിനായി ഇവരുടെ പ്രത്യേക ഗ്രാമസഭകൾ വിളിച്ച് ചേർത്ത് പ്രശ്നങ്ങൾആരായും. അവർക്കുള്ള ശാരീരിക മാനസിക സാംസ്കാരിക പിന്തുണസംവിധാനങ്ങളും സുരക്ഷിതത്വവും ഉറപ്പാക്കും.

അതിദാരിദ്യം ഇല്ലാതാക്കാൻ സർക്കാർ മുന്നോട്ടുവച്ചിട്ടുള്ള പദ്ധതികൾ,എൻറെ തൊഴിൽ എൻറെ അഭിമാനം, സ്ത്രീ പദവി പഠനം അതാതു വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നഗരസഭ നടപ്പിലാക്കും. അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള സർവ്വേ പൂർത്തിയായപ്പോൾ കണ്ടെത്തിയവരെ സർക്കാർ നിർദ്ദേശിച്ച കാലയളവിൽ മൈക്രോപ്ലാനുകൾ പ്രകാരം അതി ദാരിദ്രത്തിൽ നിന്നും മുക്തരാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കും സർക്കാർ നിർദ്ദേശിച്ച സേവന പദ്ധതികളും നഗരസഭ തയ്യാറാക്കുന്ന പദ്ധതികളും ഉൾപ്പെടെ സമൂഹത്തിൽ വികസനത്തിനാവശ്യമായ എല്ലാ പ്രവർത്തനങ്ങളും സന്നദ്ധപ്രവർത്തകരുടെ സേവനത്തോടെ നടപ്പിലാക്കും. കേരളത്തെ ഒരു വിജ്ഞാനസമ്പത്ത് വ്യവസ്ഥയാക്കി വളർത്തിയെടുക്കുന്നതിനും അഭ്യസ്ഥവിദ്യരുടെ യോഗ്യതക്കും നൈപുണ്യത്തിനും അനുസരിച്ച് തൊഴിൽ ലഭിക്കാന് സാധിക്കുന്നതിനായി തൊഴിലന്വേഷകരേയും തൊഴിൽ

ദാദാക്കളെയും ഒരേ ഫ്ളാറ്റ്ഫോമിൽ എത്തിക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് എൻറെ തൊഴിൽ എന്റെ അഭിമാനം ഈ നഗരസഭയിലും നടപ്പിലാക്കും.

നമ്മുടെ നഗരസഭയിൽ നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ, വികസനപ്രവർത്തനങ്ങള്, ഇന്നത്തെ അവസ്ഥ, നിലനിൽക്കുന്ന പ്രശ്നങ്ങൾ, ദീർഘകാലത്തോടെ നടപ്പിൽ വരുത്തേണ്ട അത്യന്താപേക്ഷിതമായ അടിസ്ഥാന സൗകര്യങ്ങൾ അടിന്തിരമായി ചെയ്തു തീർക്കേണ്ടുന്ന പദ്ധതികൾ നഗരസഭ എന്ന നിലയില് വിവിധ വിഷയ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകൾ വിലയിരുത്തുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് നഗരസഭയുടെ വികസന തന്ത്രം ഉൾചേർത്തിട്ടുള്ളത്. ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, സമയബന്ധിതവും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാര് നടപ്പിലാക്കി വരുന്ന നവകേരള പരിപാടിയും ആറു സുപ്രധാന ഘടകങ്ങളെ ഉൾചേർത്തുകൊണ്ട് അടിയന്തിര പ്രശ്നപരിഹാര സാധ്യതകൾക്കും ആരംഭിച്ച മിഷനുകളെ കോർത്തിണക്കി പദ്ധതി വിഹിതവും കേന്ദ്രസംസ്ഥാന പദ്ധതികളും മറ്റുമേഖലകളിൽ നിന്നുള്ള സഹായവും സംയോജിപ്പിച്ചുകൊണ്ട് പൊതുജനപങ്കാളിത്തത്തോടെയും സഹകരണത്തോടെയും നടപ്പിൽ വരുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്.

പതിമൂന്നാം പഞ്ചവത്സരപദ്ധതികാലയളവിൽ നഗരസഭ നടത്തിയ സർവ്വേയിൽ കണ്ടെത്തിയ താമസയോഗ്യമല്ലാത്ത വീടില്ലാത്തവർക്ക് ലൈഫ്/പി എം എ വൈ പദ്ധതി പ്രകാരവും,സന്നദ്ധ സേനകളെയും ചാരിറ്റബിൾ സംഘങ്ങളേയും, പ്രവാസികളുടെയും സഹകരണസംഘങ്ങളുടെയും സേവനം ഉപയോഗപ്പെടുത്തി 405 കുടുംബങ്ങൾക്ക് പാർപ്പിടസൗകര്യം ഉറപ്പുവരുത്തുന്നതിന് സാധിച്ചു എങ്കിലും ഭൂമിയും വീടും ഇല്ലാത്തവരായി സർവ്വേയിൽ കണ്ടെത്തിയ കുടുംബങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് മേൽപ്പറഞ്ഞ സംവിധാനങ്ങളുടെ സഹായത്തോടെ ആവശ്യമായ നടപടികൾ നഗരസഭ ഈ പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പില് വരുത്തും.

നമ്മുടെ നഗരസഭയിൽ 2009-ലെ സർവ്വെപ്രകാരം 3101 ബി പി എൽ കുടുംബങ്ങള് ഉണ്ട്. കണ്ടെത്തിയ ഭവന രഹിതർ, തൊഴിലില്ലാത്തവർ, അഗതികള്, വൃദ്ധൻമാർ, ഭിന്നശേഷിക്കാർ എന്നിവർക്കെല്ലാം താങ്ങ് നൽകികൊണ്ട് ജീവിക്കാനാവശ്യമായസാഹചര്യങ്ങളും ചികിത്സ സൗകര്യങ്ങളും ആരോഗ്യവും നൽകുന്നതിനാവശ്യമായ പദ്ധതികള് ഈ കാലയളവിനുള്ളിൽ നടപ്പിലാക്കുന്നുണ്ട്.

അതിവേഗം നഗരവത്ക്കരണം നടന്നുകൊണ്ടിരിക്കുന്ന പ്രദേശമാണ് ഇരിട്ടി നഗരസഭ. മാലിന്യങ്ങൾ വർദ്ധിച്ചുവരാനുള്ള സാധ്യതയും ഇതുതന്നെയാണ്. കീഴൂർ ചാവശ്ശേരി ഗ്രാമപഞ്ചായത്തുണ്ടായിരിക്കുമ്പോൾ തന്നെ ശുചിത്വ നിലവാരം പുലർത്തുന്നതിനുള്ള പ്രവർത്തനങ്ങള് ആരംഭിക്കുകയും അഭിനന്ദനാർഹമായ നേട്ടം കൈവരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുള്ള അംഗീകാരം നിർമ്മൽ പുരസ്കാര് 2007-2008 ൽ ബഹുമാനപ്പെട്ട ഇന്ത്യൻ രാഷ്ട്രപതിയിൽ നിന്നും ഏറ്റുവാങ്ങുകയും ചെയ്തു. എന്നിരുന്നാലും എക്കാലവും ശുചിത്വത്തോടെ നഗരസഭയെ സംരക്ഷിക്കേണ്ട ബാധ്യ ഭരണസമിതിക്കും

സമൂഹത്തിനും ഉണ്ട്. ജൈവമാലിന്യങ്ങളെ ഉറവിട സ്ഥാനത്തു വച്ചും അജൈവമാലിന്യങ്ങളെ കേന്ദ്രീകൃതമായി സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചു. ഇതിനായി അത്തിത്തട്ടിൽ ടഞ്ചിംഗ് ഗ്രൗണ്ടിൽ ഉപകരണങ്ങൾ സ്ഥാപിച്ചു. ജൈവമാലിന്യ സംസ്കരണവും ജൈവവള നിർമ്മാണവും കുറ്റമറ്റ രീതിയിൽ ദീർഘകാല കാഴ്ചപ്പാടോടെ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഹരിത മിഷനുമായും, ശുചിത്വമിഷനുമായും കെ.എസ്.ഡബ്ല്യു.എം.പിയുമായും ചേർന്ന് പ്രവർത്തിച്ചുവരുന്നു.. അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും ആവശ്യമായ പദ്ധതികൾ നഗരസഭ ആരംഭിക്കുന്നതാണ്. പൊതുജനാരോഗ്യരംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ മറ്റ് സംസ്ഥാനങ്ങൾക്കു തന്നെ മാതൃകയാണ്.

അദ്ധ്യായം5

# വിഭവ സ്രോതസ്സുകളും വകയിരുത്തലും

| 2024-25 വർഷത്തിൽ ലഭിക്കുന്ന വിഭവ സ്രോതസ്സ് | | | |
|---|---|---|---|
| ക്രമ നമ്പർ | വിഭവ സ്രോതസ്സുകൾ | | വകയിരുത്തുന്ന തുക |
| 1 | വികസന ഫണ്ട് | ജനറൽ | 48939000 |
| | | എസ് സി പി | 2287000 |
| | | ടി എസ് പി | 4426000 |
| | | ധനകാര്യ കമ്മീഷൻ അവാർഡ് (അടിസ്ഥാനവിഹിതം) | 20544000 |
| | | ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ് ഫണ്ട്) | 30816000 |
| 2 | മെയിന്റനൻസ് ഫണ്ട് | റോഡ് | 21630000 |
| | | റോഡിതരം | 822572000 |

# കരട് പദ്ധതി നിർദ്ദേശങ്ങൾ

## പൊതുഭരണവും ധനകാര്യവും

1. പൗരാവകാശ രേഖ പരിഷ്ക്കരണം നടപ്പിലാക്കി കാണുന്നില്ല അത് അടിയന്തിരമായി നടപ്പിലാക്കണം

2. ആസ്ഥി രജിസ്റ്റർ പരിഷ്ക്കരണം നടപ്പിലാക്കി കാണുന്നില്ല. അടിയന്തിരമായി നടപ്പിലാക്കണം

3. ഈ വർഷം നടപ്പിലാക്കേണ്ട പദ്ധതികള് വേഗം തന്നെ നടപ്പിലാക്കേണ്ട നടപടി ക്രമങ്ങള് സ്വീകരിക്കണം.

4. മുനിസിപ്പാലിറ്റി കൈവശമുള്ള സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്തി മതില് കെട്ടി സംരക്ഷിക്കുക.

5. ആധുനിക അറവ് ശാല നിർമ്മാണ പ്രവർത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

6. വ്യവസായ പാർക്കിനുള്ള സ്ഥലങ്ങള് വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുക. അതോടൊപ്പം തന്നെ വനിത ഹോസ്റ്റൽ, ബഡ്സ് സ്കൂളിനുള്ള സ്ഥലവും കണ്ടെത്തുക.

7. ഇരിട്ടി ബ്ലോക്ക് ഓഫീസിന് സമീപം ഷോപ്പിംഗ് കോംപ്ലക്സ് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

8. മുനിസിപ്പൽ ഓഫീസ് നവീകരണത്തിന് ആവശ്യമായ ഫണ്ട് വകയിരുത്തണം. 2024 -25 വാർഷിക പദ്ധതിയില് വകയിരുത്തണം.

## കൃഷിയും അനുബന്ധ മേഖലകളും

1. നെൽകൃഷി -വിത്ത് വിതരണം, കൂലി ചെലവ് ബ്സിഡി,തരിശുനിലങ്ങൾ ഏറ്റെടുത്ത് ഗ്രൂപ്പ് കൃഷി പരിപോഷിപ്പിക്കുക.

2. വാഴ കൃഷി -വാഴയ്ക്ക് കുമ്മായ വിതരണം, അയർ വിതരണം, കൂലി ചെലവ്

3. ഹൈടെക് പച്ചക്കറി കൃഷി, ഫാം രൂപീകരണം കൃഷിയെ സംബന്ധിച്ച ക്ലാസുകള്

4. കുരുമുളക് തൈ വിതരണം

5. പച്ചക്കറി കൃഷി, കൂലി ചെലവ് , സ്വഡോമൊണാസ് ജീവാണു വളങ്ങൾ വിതരണം

6. മൺ ചട്ടി വതരണം

7. വാഴക്കന്ന് വിതരണം

8. ഇടവിളക്കിറ്റ് വിതരണം

9. തെങ്ങിന് ജൈവ വളം , തുരിശ് വിതരണം

10 കശുമാവിൻ തൈവിതരണം

11. കയറ്റുമതി യോഗ്യമായ വാഴകുല ഉത്പാദിപ്പിക്കുവാനാവശ്യമായ ക്ലാസുകളും പരിശീലനങ്ങളും സംഘടിപ്പിക്കുക.

12. മത്സ്യ കൃഷി മുറ്റത്തൊരു മീൻതോട്ടം 2023 -24 മത്സ്യകൃഷി ചെയ്തവർക്ക് മീന് കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.

13. തിരി നനകൃഷി

14. തേനീച്ച കൃഷി

15. കവുങ്ങിൽ തൈ വിതരണം

## മൃഗസംരക്ഷണവും ക്ഷീര വികസനവും

1. പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതി എസ്.എൽ.ബി.പി. ഈ വർഷം ഫണ്ട് ലഭ്യത ഇല്ലാത്തതിനാൽ നിർമ്മാണത്തിൻറെ സാധ്യത കുറവാണ്. ഈ സാഹചര്യത്തിൽ ഈ ഫണ്ടിൻറെ ഉപയോഗം

എ) മുഴവൻ സബ്സിഡി തുകയും നഗരസഭ വഹിക്കുകയും ഗുണഭോക്താക്കളുടെ എണ്ണം റേറ്റ് പകുതിയില് നിന്നും 35 എണ്ണമായി കുറച്ച് നിർമ്മാണം ചെയ്യുക.

അല്ലെങ്കിൽ ഈ പദ്ധതി മാറ്റി പകരം കാലി തീറ്റ വിതരണം നടപ്പിലാക്കുക.

2. കർഷകർക്ക് പാല് ഇൻസെൻറീവ് എന്ന പദ്ധതി നിലവിലുള്ള പദ്ധതി 2024-25 വർഷത്തിലും 20 ലക്ഷം രൂപ അടങ്കൽ തുകയായി നില നിർത്തുക

3. പശു വളർത്തല് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആവശ്യം ഏറ്റവും അധികമായിരുന്നു. നമ്മുടെ പ്രദേശത്ത് ചുരുങ്ങയത് 50 കറവ പശുക്കള് എങ്കിലും വർദ്ധനവ് വരുന്നതിന് 50 പശുക്കളെ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി വിഭാവനം ആവശ്യപ്പെട്ടു. പശു ഒന്നിൻറെ വില 60,000/- യൂണിറ്റ് സബ്സിഡി തുക 50 % 30,000/-

4. കൃഷി വകുപ്പ് ക്ഷീരവികസന വകുപ്പ് എന്നിവരെയും ചേർത്തുകൊണ്ട് തരിശ് ഭൂമി കണ്ടെത്തി തൊഴിലുറപ്പ് പദ്ധതി ഉപയോഗിച്ച് വ്യവസായ അടിസ്ഥാനത്തിൽ തീറ്റ പുല് കൃഷി ചെയ്യുകയും ഇതിൻറെ വിപണനവും വിഭാവനം ചെയ്തിട്ടുള്ള പദ്ധതി (സാങ്കൽപിക തുക 10 ലക്ഷം )

5. ക്ഷീര കർഷകർക്ക് ചാണക കൃഷി പുതുക്കി പണിയുന്നതിനും കാലിതൊഴുത്ത് നവീകരണം/ പുതുക്കി പണിയൽ എന്നിവ സംബന്ധിച്ചിട്ടുള്ള പദ്ധതികള്

6. പോത്ത് / എരുമ വളർത്തല് പദ്ധതി 6-8 മാസം പ്രായമുള്ള നല്ലയിനം പോത്തുകള് മാംസത്തിനായും , എരുമക്കുട്ടികൾ പാലുൽപാദന വിതരണം ചെയ്യുന്നതിനായുള്ള പദ്ധതികൾ. 6-8 മാസം പ്രായമുള്ളതിന് 16,000/- സബ്സിഡി തുക 8000/- 50 എണ്ണത്തിന് സബ്സിഡി 4 ലക്ഷം

7. മുട്ടകോഴി വളർത്തല് സാധാരണ രീതിയില് കൂടാത്ത മറ്റൊരു വ്യത്യസ്ത പദ്ധതിയാണ് മട്ടപ്പാവില മുട്ടക്കോഴി ഇതിൽ കൂടും 10 കോഴിയും നൽകുന്നു. യൂണിറ്റ് കോസ്റ്റ് - 16,000+1300, 50% സബ്സിഡി - 8650, 33 എണ്ണത്തിന് - 285450

8. ചാണക സംസ്കരണം / ചാണകപ്പൊടി ഉൽപാദനം ഇതിനുള്ള പഠനത്തിനായി അംഗങ്ങളെ നിയോഗിച്ച് ഒരു സാധ്യത റിപ്പോർട്ട് തയ്യാറാക്കൽ

9. ആട് വളർത്തല് -ജനറൽ കാറ്റഗറി

10 കാടയും കൂടും പദ്ധതി

## പ്രാദേശിക സാമ്പത്തിക വികസനം

1. നഗര നൽകുന്ന മുട്ടക്കോഴികളില് നിന്നും ലഭ്യമാകുന്ന മുട്ടകള് സംഭരിച്ച് നഗരസഭയുടെ പേരില് ബ്രാൻറ് ചെയ്ത് വിപണനം നടത്തുക.
2. ഗാർമെൻറ്സ് യൂണിറ്റ് -സംഭരണം-വിതരണം
3. നാപ്കിൻ നിർമ്മാണ പരിശീലനം നിർമ്മാണം വിപണനം
4. മൂല്യ വർദ്ധന ഉൽപ്പന്നങ്ങളായ ചക്ക, പൈനാപ്പിൾ, കശുമാങ്ങ എന്നിവ സംഭരിച്ച് സംസ്കരിച്ച് ഉൽപ്പന്ന നിർമ്മാണം സംഭരണം വിപണനം
5. കാട ഫാം
6. തേൻ-തേനീച്ച വളർത്തല്
7. അലങ്കാര മത്സ്യ കൃഷി പരിശീലനം വിപണനം
8. അലങ്കാര പക്ഷി വളർത്തല് പരിശീലനം വിപണനം

## ദാരിദ്ര്യ ലഘൂകരണം

1. വാർഡ് തലത്തില് ഹാപ്പിനസ് പാർക്ക് സ്ഥാപിക്കുക
2. നൂൽ നൂൽപ്പ് യൂണിറ്റ് (പവർലൂം സ്ഥാപിക്കുക)
3. സോളാർ പാനല് യൂണിറ്റ്
4. ചക്ക,കട്ടമാങ്ങ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങള് യൂണിറ്റ് സ്ഥാപിക്കുക
5. ഡയറി ഫാം സ്ഥാപിക്കുക
6. ചെരുപ്പ് , ഐസ്ക്രീം നിർമ്മാണ യൂണിറ്റ്
7. നിലവിലുള്ള സംരംഭങ്ങളെ ആധുനികവൽക്കരിക്കുന്നതിനുള്ള പിന്തുണ സഹായം നൽകുക
8. പ്രീമിയം ഹോട്ടൽ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുക
9. പഴശ്ശി ഗാർഡന് നഗരസഭ ഏറ്റെടുത്ത് ആവശ്യമായ തൊഴിലവസരങ്ങള് സൃഷ്ടിക്കുക.

10. വനിതകൾക്ക് സൂപ്പര് മാർക്കറ്റ്
11. നഗരസഭ കേന്ദ്രീകരിച്ച് പുരുഷ സ്വയം സഹായ സംഘം രൂപീകരിക്കുക
12. ടൂറിസം മേഖല പ്രോൽസാഹിപ്പിക്കുക.

## സാമൂഹ്യ നീതി

1. വയോജനങ്ങൾക്ക് ആയുർവ്വേദ മെഡിക്കല് ക്യാമ്പ്
2. വയോജനങ്ങൾക്ക് പോഷകാഹാര പദ്ധതി
3. പ്രായമായ ദമ്പതികൾക്ക് ഒരുമിച്ച് താമസിക്കാനുള്ള അവസരം
4. എല്ലാ വാർഡുകളിലും പകല് വീട് അനുവദിക്കുക
5. വയോജന സംഗമം
6. പാലിയേറ്റീവ് സെൻററില് ഭിന്നശേഷിക്കാർക്കും, വയോജനങ്ങൾക്കും ആവശ്യമായ ഉപകരണങ്ങള് കൊടുക്കുന്ന ഒരു മുനിസിപ്പൽ തല യൂണിറ്റ്
7. ഭിന്നശേഷി കുട്ടികൾക്ക് ഉല്ലാസയാത്ര
8. ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്
9. ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം
10. ഭിന്നശേഷിക്കാർക്കും രക്ഷിതാക്കൾക്കും വൊക്കേഷണല് ട്രെയിനിംഗ് നൽകുന്ന ഒരു റിഹാബിലിറ്റേഷൻ സെൻററ്
12. വയോ മിത്രത്തിലുൾപ്പെടെ വയോജനങ്ങൾക്ക് ഷുഗര് ടെസ്റ്റ് നിഡിലും മറ്റ് മരുന്നുകൾക്കും കൂടുതല് തുക അനുവദിക്കുക.

## ജെൻഡർ വികസനവും കുട്ടികളുടെ വികസനവും

1. നഗരസഭയിലെ നെറ്റ് വർക്ക് സൗകര്യമില്ലാത്ത 10 അങ്കണവാടികൾക്ക് വൈഫൈ കണക്ഷന് അനുവദിക്കുക.
2. അങ്കണവാടി പ്രവർത്തകർക്ക് ഹെൽത്ത് കാർഡ് ഫുഡ് സേഫ്റ്റി ലൈസൻസ് ഏർപ്പെടുത്തുക
3. അങ്കണവാടികൾക്ക് മീറ്റിംഗ് ഹാള്, വലിയ കസേര, സ്റ്റെയർ കേസ് എന്നിവ അനുവദിക്കുക.
4. അങ്കണവാടി മെനു പരിഷ്കരണം -(പ്രഭാത ഭക്ഷണം ഇഡലി -സാമ്പാർ എന്നിവ ആക്കുക) അതിനായുള്ള ഉപ കരണങ്ങൾ സ്റ്റീമര്, മിക്സി എന്നിവ ഏർപ്പെടുത്തുക
5. അങ്കണവാടികൾക്ക് ശിശു സൗഹൃദ പെയിൻറിംഗ് അനുവ ദിക്കുക.
6. കുഴൽ കിണര് വെച്ചിട്ടുള്ള അങ്കണവാടികളില് പ്ലംബിംഗ് വർക്കുകള് , വാട്ടർ ടാങ്ക് എന്നിവ നിർമ്മിക്കുക.
7. ആട്യാലം അങ്കണവാടിക്ക് ചുറ്റുമതിൽ നിർമ്മിക്കുക.
8. അങ്കണവാടികൾക്ക് വാട്ടർപ്യൂരിഫയര് അനുവദിക്കുക.
9. അങ്കണവാടികളൾക്ക് കളിപ്പാട്ടങ്ങള് അനുവദിക്കുക.
10. അങ്കണവാടികൾക്ക് ബയോബിന് അനുവദിക്കുക.
11. അങ്കണവാടികളിൽ ബ്യൂട്ടി ഗാർഡന് ഏർപ്പെടുത്തുക.
12. പറയനാട് അങ്കണവാടിക്ക് കെട്ടിടം അനുവദിക്കുക.
13. എളമ്പ അങ്കണവാടിക്ക് ഇൻറർലോക്ക് റിപ്പയറിംഗ് ആവശ്യമാണ്.
14. അങ്കണവാടികളിലേക്ക് പോകുന്ന റോഡ് ടാറിംഗ് ചെയ്യുക.
15. 10 മുതല് 18 വയസ്സ് വരെയുള്ള കുട്ടികള് നീന്തൽ പരിശീലന സൗകര്യം ഏർപ്പെടുത്തുക.
16. സ്വയ രക്ഷ പ്രാപ്തമാകുന്ന തരത്തിൽ പെൺകുട്ടികള് കരാട്ടെ പരിശീലനം ഏർപ്പെടുത്തുക.
17. വനിതകൾക്ക് സാമൂഹ്യ അടുക്കള എന്ന രീതിയില് ഭക്ഷണം ഹോം ഡെലിവറി ചെയ്യുന്ന ഒരു യൂണിറ്റ്
18. വർക്കിംഗ് വുമണ് ഹോസ്റ്റല്/ ഷീ ഹോസ്റ്റൽ

19. ജെൻററ് റിസോഴ്സ് സെൻററിന് ഓഫീസ് അനുബന്ധ ഉപകരണങ്ങളും അനുവദിക്കുക.
20. വനിതകൾക്ക് ബ്രെസ്റ്റ് ക്യാൻസര് നിർണയ മെഡിക്കല് ക്യാമ്പ് നടത്തുക.
21. വനിതകൾക്ക് മെൻട്ടുവല് കപ്പ് വിതരണം ചെയ്യുക (18-40)
22. വനിതകൾക്ക് ഗര്ഭാശയ രോഗനിർണ്ണയ മെഡിക്കല് ക്യാമ്പ് നടത്തും.
23. വനിതകൾക്ക് തൊഴില് മേള സംഘടിപ്പിക്കല്, തൊഴില് ബാങ്ക് രൂപീകരണവും
24. കാശിമുക്ക് അംഗണവാടിക്ക് ടൈൽ ഇടുക.

## പട്ടികജാതി വികസനം

1. വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴില് സംരംഭങ്ങള്
2. യുവതി-യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം
3. കാട് വെട്ട് യന്ത്രം വിതരണം
4. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
5. വീട്ടുകളുടെ അറ്റകുറ്റപ്പണി
6. വനിതകൾക്ക് കമ്പ്യൂട്ടര് പരിശീലനം
7. മിശ്ര വിവാഹ ധനസഹായം
8. വിദ്യാർത്ഥികൾക്ക് ഫർണിച്ചര് വിതരണം
9. പഠന മുറി
10. പെണ്ണാട് വിതരണം
11. പരമ്പരാഗത തൊഴിലുകൾ ചെയ്യുന്നവർക്കുള്ള ധനസഹായം
12. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്
13. ഗാർഹിക പൈപ്പ് ലൈന് കണക്ഷന്
14. മെച്ചപ്പെട്ട വിറകടുപ്പ്
15. സ്വയം തൊഴിൽ ലഭ്യമാകുന്ന രീതിയില് പട്ടികജാതി വിഭാഗം വനിതകൾക്കും യുവജനങ്ങൾക്കും ഡിജിറ്റൽ കോഴ്സുകള്, ബ്യൂട്ടീഷന് ഗ്രാഫിക് ഡിസൈന് ഉൾപ്പെടെയുള്ള കോഴ്സുകളിൽ പരിശീലനം
16 മുയൽ വളർത്തല് യൂണിറ്റ്
17. വയറിംഗ് ചെയ്യാത്ത വീടുകൾ വയറിംഗ് ചെയ്യാന്

## പട്ടികവർഗ്ഗ വികസനം

1. വിദ്യാർത്ഥികൾക്ക് മെഡിറ്റോറിയല് സ്കോളർഷിപ്പ്
2. യുവതി-യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം
3. വിവാഹധനസഹായം
4. ഗാർഹിക പൈപ്പ് ലൈന്
5. കുളിപ്പാറ, മുഖപ്പറമ്പ് കോളനികളിൽ സാമൂഹ്യ പഠനമുറി
6. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്
7. കോളനിയിൽ ഗ്രൂപ്പ് സംരംഭം (ആട് ഫാം, കോഴി ഫാം)
8. പോത്ത് കുട്ടി, കന്ന് കുട്ടി
9. മുയൽ വളർത്തല് യൂണിറ്റ്
10. വീട് വയറിംഗ് ചെയ്യാത്ത വീടുകൾ വയറിംഗ് ചെയ്യുക.
11. മെച്ചപ്പെട്ട വിറകടുപ്പ്
12. ചാവശ്ശേരി പറമ്പ് കോളനിയിലെ കക്കൂസ് പുനർ നിർമ്മാണം നടത്തുക

## ആരോഗ്യം

1. വിവാഹ പൂർവ്വ കൗൺസിലിംഗ്, ട്രെയിനിംഗ് കോഴ്സ്
2. 40 വയസ് കഴിഞ്ഞവർക്ക് 6 മാസം കൂടുമ്പോള് ബോഡി ചെക്കപ്പ് വാർഡുകള് തോറും
3. എല്ലാ വാർഡുകളിലും ആരോഗ്യ ബോധവൽക്കരണ കലണ്ടര്
4. ഡയാലിസിസ് രോഗികൾക്ക് ധനസഹായം
5. മൊബൈൽ മെഡിക്കല് കെയര് യൂണിറ്റ്
6. ആരോഗ്യ സ്ഥാപനങ്ങളുടെ ആവർത്തന ചെലവുകള്.

**താലൂക്ക് ഹോസ്പിറ്റൽ**

1. സെക്കൻററി പാലിയേറ്റീവ് പദ്ധതിക്ക് 1 ലക്ഷം രൂപ അധിക മായി വകയിരുത്തുക.
2. ഡയാലിസിസ് ടെക്നീഷ്യനെ നിയമിക്കണം
3. നഴ്സിംഗ് അസിസ്റ്റൻറ് തസ്തികയില് നിയമനം നടത്തണം.
4. ലക്ഷ്യ ലേബർ റൂം വർക്ക് ചെയ്യണം.
5. കുത്തി വെപ്പിന് പോകേണ്ട വണ്ടി ആവശ്യമായ ഫണ്ട് അനുവദിക്കണം.

**ആയുർവ്വേദം**

1. ആയുർവ്വേദ കെട്ടിടത്തിന് മുകള് ഹാള് നിർമ്മാണം
2. ഗ്രൗണ്ട് ടൈൽ ചെയ്യണം. ഫണ്ട് അനുവദിക്കണം.
3. ഇൻവേർട്ടര് അനുവദിക്കുക.

**യുനാനി**

1. ടോയ്ലറ്റ് നിർമ്മാണം
2. മരുന്ന് തുക അനുവദിക്കുക.
3. സ്റ്റാഫ് സാലറി വർദ്ധിപ്പിക്കുക.
4. ഹോസ്പിറ്റലിന് സെക്കൻറ് ഫ്ളോര് ഹോള് നിർമ്മിക്കുക.

**ഹോമിയോ**

1. സ്റ്റാഫ് സാലറി വർദ്ധനവ്
2. മെഡിസിൻ ഫണ്ട് -3 ലക്ഷം ആയി വർദ്ധിപ്പിക്കുക.
3. ബാത്ത് റൂം , പേഷ്യൻറ് ടോയ്ലറ്റ് നിർമ്മാണം
4. ഡിസ്പെൻസറി ച്ചുറ്റമതില് നിർമ്മാണം
5. ബിൽഡിംഗ് മെയിൻറനൻസ്

## ശുചിത്വം

1. നഗരസഭാ തലത്തിൽ എസ്.ടി.പി. സ്ഥാപിക്കണം, ആവശ്യമായ സ്ഥലം ജലസേചന വകുപ്പിൽ നിന്നും ലഭ്യമാക്കണം.
2. ആധുനിക അറവുശാല സ്ഥാപിക്കണം.
3. ബയോബിൻ / റിംഗ് കംപോസ്റ്റ് നഗരസഭ പരിധിയിൽ 100% വും നടപ്പിലാക്കണം.
4. മത്സ്യം കയറ്റിറക്ക് ചെയ്യുന്നതിന് പ്രത്യേകം സ്ഥലം ഫീസിടാക്കി ഏർപ്പെടുത്തണം.
5. നഗരസഭാവക മത്സ്യമാംസ പച്ചക്കറി മാർക്കറ്റ് സ്ഥാപിക്കണം.
6. നഗരസഭയിലെ മുഴവൻ വീടുകളും സ്ഥാപനങ്ങളും ഹരിതകർമ്മ സേനയ്ക്ക് യൂസർ ഫീ നൽകി അജൈവ മാലിന്യം കൈമാറുന്നു എന്ന് ഉറപ്പ് വരുത്തണം.
7. ആവശ്യമായ കൂടുതൽ ശുചീകരണ തൊഴിലാളികളെ നിയമിക്കണം.
8. ഹരിതകർമ്മ സേനയ്ക്ക് യൂണിഫോം ഉൾപ്പെടെ സുരക്ഷാ ഉപകരണങ്ങൾ

നൽകണം.

9. സാനിറ്ററി നാപ്കിന് സംസ്കരിക്കുന്നതിന് നഗരസഭയിൽ സംവിധാനം ഏർപ്പെടുത്തണം. മെൻസ്ട്രവൽ കപ്പ് വിതരണം ചെയ്യണം.
10. നിർമ്മാണ പുനർ നിർമ്മണാണ മാലിന്യത്തിന് പ്രത്യേകം സംവിധാനം ഏർപ്പെടുത്തണം.
11. ആവശ്യമായ രീതിയിൽ എം.സി.എഫ് സ്ഥാപിക്കണം. നിലവിൽ ഇല്ലാത്ത വാർഡുകൾക്ക് മുൻഗണന നൽകണം.

## വിദ്യാഭ്യാസം, കലയും സാംസ്കാരവും, കായികം, യുവജനകാര്യം

1. എസ്കെ പദ്ധതി വിഹിതം അടക്കൽ.എസ്.
2. എസ്പ്ലസ്സ വിദ്യാർത്ഥികൾക്ക് അധിക പരിശീലനം ,സി.എൽ.എസ്.
3. കേരളോത്സവം
4. തുല്യതാ പരീക്ഷ രജിസ്ട്രേഷൻ
5. നഗരസഭ പരിധിയിലെ തനത് ലൈബ്രറികൾക്ക് പുസ്തകവും ഫർണിച്ചറും വിതരണം ചെയ്യൽ
6. നഗരസഭ പരിധിയിലെ രജിസ്റ്റർ ചെയ്ത യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം
7. കുട്ടികൾക്ക് കരാട്ടെ.നീന്തൽ പരിശീലനം,തായ്ക്കോണ്ട,കബഡി ,
8. നഗരസഭയുടെ നിയന്ത്രണത്തിലുള്ള വായനശാലകളുടെ പശ്ചാത്തല സൌകര്യം മെച്ചപ്പെടുത്തുക . വായനശാലകളെ ലൈബ്രറികളായി ഉയർത്തുന്നതിന് പുസ്തകങ്ങളും ഫർണിച്ചറും നൽകുക
9. എസ്.സി., എസ്.ടി വിദ്യാർത്ഥികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് മുഴുവൻ വിദ്യാലയങ്ങളിലും പ്രഭാത ഭക്ഷണം നൽകുക.
10. ഉളിയിൽ സ്കൂളിലെ മഴക്കാലത്തെ ക്ലാസ് റൂം ചോർച്ച പരിഹരിക്കുന്നതിനും സ്കൂൾ മുറ്റം ഇൻററ് ലോക്ക് ചെയ്ത് ജൈവ ഉദ്യാനം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുക.
11. ചാവശ്ശേരി സ്കൂളിലെ കമ്പ്യൂട്ടർ ഹാളിന് മുകളില് ഷീറ്റിട്ട് മീറ്റിംഗ് ഹാള് നിർമ്മിക്കുക. ഗെയ്റ്റ്, ചുറ്റുമതിൽ, കമ്പ്യൂട്ടർ ലാബ് നവീകരിക്കുന്നതിന് കമ്പ്യൂട്ടറും അനുവദിക്കുക.
12. മുഴുവൻ സ്കൂളുകളിലും സോളാര് പാനല് സ്ഥാപിക്കുക.
13. മുഴുവൻ സ്കൂളുകളിലും വാട്ടര് പ്യൂരിഫെയര് സ്ഥാപി ക്കുക.
14. എല്ലാ സ്കൂളിലും കായിക മേഘലയിലെ പ്രാധാന്യം അനുസരിച്ച് സ്പോർട്സ് ഐറ്റംസ് വിതരണം ചെയ്യുക.
15. ജൈവ പച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിന് സ്കൂളുകളിൽ പച്ചക്കറിതോട്ടം നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് വകയിരുത്തുക.
16. നഗരത്തിലെ ഒരു മിനി സ്റ്റേഡിയം നിർമ്മിക്കുക.
17. വാർഡിൽ ഒരു കളി സ്ഥലം (സ്ഥലം വാങ്ങൽ ഉൾപ്പെടെ) ഒരുക്കുന്നതിന് ആവശ്യമായ പ്രവർത്തനം സംഘടിപ്പിക്കുക.
18. എസ്.പി.സി. പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഫണ്ട് വകയിരുത്തുക.
19. ഉളിയിൽ സ്കൂളിന് ഒരു മീറ്റിംഗ് ഹാള് നിർമ്മിക്കുക.
20. ഹിന്ദി , ഇംഗ്ലീഷ് എന്നീ ഭാഷകളിൽ കുട്ടികളിൽ ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കുന്നതിനായി പഠന പരിപോഷണപദ്ധതി നടപ്പിലാക്കുക.
21. മുനിസിപ്പൽ തലത്തില് പ്രൈമറി തലം മുതൽ കുട്ടികളെ പങ്കെടുപ്പിച്ച് കൊണ്ട് സ്പോർട്സിന് പരിശീലനം നൽകു ന്നതിനായി റെസിഡൻഷ്യല് കോംപ്ലക്സ് നിർമ്മിക്കുക.

22. ഭാഷാ-ഗണിത നൈപുണ്യ പദ്ധതി പ്രൈമറി വിദ്യാലയങ്ങളിൽ നടപ്പിലാക്കുക.

23. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രൊഫഷണൽ കോളേജുകള് മുനിസിപ്പാലിറ്റി പരിധിയിൽ ആരംഭിക്കുന്നതിനാവശ്യമായ നടപടികള് സ്വീകരിക്കുക.

## കുടിവെള്ളം

1. പൊതു കിണറുകൾ സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ
2. പൊതു കുളങ്ങൾ ശുചീകരിച്ച് ഉപയോഗ യോഗ്യമാക്കുക.
3. വ്യക്തികളുടെ കിണറുകൾ റീചാർജ്ജ് ചെയ്യാനുള്ള നിർദ്ദേശം
4. കുടിവെള്ള ക്ഷാമം നേരിടുന്ന സമയത്ത് വാഹനങ്ങളിൽ വെള്ളം എത്തിക്കുന്നതിനുള്ള തീരുമാനം
5. തോടുകളിൽ തടയണ നിർമ്മാണം
6. സ്ഥലം ലഭിക്കുന്ന സ്ഥലത്തില് കിണറുകള് നിർമ്മിക്കുക.

## പാർപ്പിടം

1. പി.എം.എ.വൈ ലൈഫ് മിഷൻ പദ്ധതിയില് ഉൾപ്പെട്ട മുഴുവന് ആളുകൾക്കും വീട് നൽകുക.
2. പി.എം.എ.വൈ ലൈഫ് പദ്ധതിയില് നിലവില് ഉൾപ്പെടാത്ത ആളുകളെ ഉൾപ്പെടുത്താനുള്ള സംവിധാനം ഉണ്ടാക്കുക.
3. ലൈഫിൻറെ മാനദണ്ഡങ്ങളില് ഭേദഗതി വരുത്തുക
4. ലൈഫിലും അതിദാരിദ്ര്യത്തിലും ഉൾപ്പെട്ട ഭൂമി ഇല്ലാത്ത ആളുകൾക്ക് ഫ്ലാറ്റുകള് നിർമ്മിച്ച് നൽകുകയോ സ്ഥലം കണ്ടെത്തി വീട് നിർമ്മിച്ച് നൽകുവാനുള്ള സൗകര്യം ഒരു ക്കുകയോ ചെയ്യുക.

## പൊതുമരാമത്ത്

1. മെയിൻറൻസ് റോഡുകള് പരിശോധിച്ച് അറ്റകുറ്റ പണിപരിധിയില്ലാതെ ഫണ്ടുകള് വയ്ക്കുകയും മുനിസിപ്പാലിറ്റി പരിധി കണക്കാക്കി ഫണ്ട് വയ്ക്കുക
2. പുതിയ റോഡുകൾക്ക് ഫണ്ട് വയ്ക്കുമ്പോള് വാർഡ് തിരിച്ച് വയ്ക്കാതെ പൂർത്തീകരണത്തിനായി പരിശോധിച്ച് ഫണ്ട് വയ്ക്കുക.
3. നഗരസഭയിലെ ജനങ്ങള് കൂടുതല് ഉപയോഗിക്കുന്നതും വാഹനം പോകുന്നതുമായ റോഡുകള് പൂർത്തിയാക്കാന് ആവശ്യമായ ഫണ്ട് വയ്ക്കുക.
4. നഗരസഭയിൽ റോഡ് വർക്ക് തുടങ്ങി 50 മീറ്റര് 70 മീറ്റര് ബാക്കി വരുന്ന റോഡുകൾ പരിശോധിച്ച് ഫണ്ട് വയ്ക്കുക.
5. ഉളിയിൽ തോട് സൈഡ് കെട്ടി സംരക്ഷിക്കാന് ആവശ്യമായ ഫണ്ട് വയ്ക്കുക.
6. കാലപ്പഴക്കം ചെന്ന റോഡുകൾക്ക് മുൻഗണന നൽകുക
7 ചാവശ്ശേരി സബ് സ്റ്റേഷൻ റോഡ് സൈഡ് കോൺക്രീറ്റ് ചെയ്ത് ഫണ്ട് വയ്ക്കുക
8. ആസ്തി രജിസ്റ്റർ പരിശോധിച്ച് നിലവില് ഉള്ള റോഡിൻറെ പേര് തന്നെ പദ്ധതി വയ്ക്കാന് ശ്രദ്ധിക്കുക.
9. നിലവിൽ ജനങ്ങള് ഉപയോഗിക്കുന്ന റോഡുകള് ..രജിസ്റ്ററിൽ ഉൾപ്പെടുത്തി ഗസറ്റ് വിജ്ഞാപനം നടത്തുക.
10. റോഡുകൾ സംരക്ഷണത്തിന് ഓവുചാല് നിർമ്മിക്കാന് ആവശ്യമായഫണ്ട് വയ്ക്കുക
11. റോഡ് അരികിൽ സാധനങ്ങള് ഇറക്കി റോഡ് തടസ്സപ്പെടുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുക.
12. നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ച ലൈറ്റുകൾ റിപ്പയര് ചെയ്യുന്നതിന് ഫണ്ട് വയ്ക്കുക.

13. ഇരിട്ടി നഗരസഭ ശ്മശാനത്തിലെ ബിൽഡിംഗിന് കണക്ഷന് കൊടുക്കുകയും സ്ഥലത്ത് ലൈറ്റുകള് സ്ഥാപിക്കുക.

14. ലോ മാക്സ് പ്രധാന കേന്ദ്രത്തിൽ 10 എണ്ണം സ്ഥാപിക്കു ക. പഴയ ലോ മാക്സ് ലൈറ്റിന് റിപ്പയറിംഗിന് ഫണ്ട് വയ്ക്കുക.

15. 24-25 വർഷ പദ്ധതിയില് 20 ലക്ഷം രൂപ സ്ട്രീറ്റ് ലൈന് വലിച്ച് മീറ്റര് ഘടിപ്പിക്കുക.

16. പഴയ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിന് ഫണ്ട് വയ്ക്കുക.

17. കെ.എസ്.ടി.പി. സ്ഥാപിച്ച ലൈറ്റുകള് റിപ്പയര് ചെയ്യാന് ആവശ്യമായ ഫണ്ട് വകയിരുത്തുക.

18. 19-ാം മൈൽ മുതല് പേരാവൂര് റോഡ് അതിർത്തിവരെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക. ഒഴിവുള്ള സ്ഥലങ്ങളിൽ

19. പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക. 15 ലക്ഷം രൂപ വയ്ക്കുക.

20. വീടുകളിൽ നിന്ന് കറൻറ് എടുത്ത് ലൈറ്റ് സ്ഥാപിക്കുക. ഫണ്ട് നഗരസഭ അനുവദിക്കുക.

## നഗരാസൂത്രണം

1. ഇരിട്ടി മേലെ സ്റ്റാൻറ് പൊതുമരാമത്ത് സ്ഥലം ഉപയോഗപ്പെടുത്തി ഷി ടോയ്ലറ്റ് കം ബസ് ഷെൽട്ടര് സ്ഥാപിക്കുക.
2. ചാവശ്ശേരി ടൗണിൽ മാവേലി സ്റ്റോറിന് സമീപത്തുള്ള ബസ് വെയിറ്റിങ്ങ് ഷെൽട്ടര് നിർമ്മിക്കുന്നതിനുള്ള നിയമ പ്രശ്നം പരിഹരിച്ച് ദ്രുതഗതിയില് ബസ്സ് കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കുന്നതിനുള്ള നടപടികള് കൈകൊള്ളുക.
3. കാർബണ് ന്യൂട്രല് നഗരമാക്കി മാറ്റി ഇരിട്ടി പട്ടണത്തെ മാറ്റുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക.
4. പത്തൊൻപതാം മൈൽ മുതല് ഇരിട്ടി ടൗണ് വരെയുള്ള പ്രധാനപ്പെട്ട ടൗണുകലില് സ്ഥാപിച്ച സോളാർ ലൈറ്റുകള് പലവിധ കാരണത്താല് പ്രവർത്തനരഹിതമായിരിക്കുകയാണ്. അടിയന്തരമായി പ്രവർത്തനക്ഷമ മാക്കുന്നതിനുള്ള നടപടികൾ എടുക്കേണ്ടതാണ്.
5. ഇരിട്ടി പഴയ ബസ് സ്റ്റാൻഡിലെ നഗരസഭ ഷോപ്പിംഗ് കോംപ്ലക്സില് മുകള് വശത്ത് പ്രയോജനപ്പെടുത്തി നഗരസഭ പരിധികളെ കൂട്ടി ചേർത്ത് കൊണ്ട് ഡിജിറ്റല് സംവിധാനത്തോട് കൂടിയുള്ള ലൈബ്രേറിയം വായനശാലയും നിർമ്മിക്കുക.
6. അത്യാധുനിക ഓഡിറ്റോറിയവും കൺവെൻഷന് സെൻററുംപഴശ്ശി ഇറിഗേഷന് വള്ള്യാട് വയൽ ഉപയോഗപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക.
7. ഇരിട്ടി നഗരത്തോട് ചേർന്ന ജലസേചന പദ്ധതിയുടെ ഭാഗമായ ഇറിഗേഷന് ഭൂമി ലഭ്യമായ ചെറുകിട പാർക്കുകളും വയോജന വിശ്രമ കേന്ദ്രവും സ്ഥാപിക്കുക.
8. ടർഫ് മാതൃകയില് യുവജനങ്ങൾക്കായി മൾട്ടി ജിംനേഷ്യം സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക.
9. നഗരത്തിലെ ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിന് കീഴൂർകുന്ന് -എടക്കാനം വഴി ഇരിട്ടിയിൽ എത്തിച്ചേരുന്നതിനുള്ള ബൈപാസ് റോഡ് നിർമ്മിക്കുക.
10. നഗരസഭ പരിധിയിൽ നിലവിലുള്ള സാധാ വായനശാലകള് ശക്തിപ്പെടുത്തി ജനസേവന കേന്ദ്രങ്ങള് ഉൾപ്പെടെ സ്ഥാപിച്ച് മുഴുവന് സമയ ലൈബ്രേറിയൻമാരെ നിയമിച്ചു. വായനശാല പ്രവർത്തികള് ശക്തിപ്പെടുത്തുക.
11. ഇരിട്ടി നഗരത്തിലെ ഗതാഗത കുരുക്ക് പരിഹാരം കാണുന്നതിനായി ട്രാഫിക് പരിഷ്കരണം ശക്തിപ്പെടുത്തുക. നഗരത്തിലെത്തുന്ന വായനങ്ങൾ ട്രാഫിക് നിയമം പാലിച്ച് പാർക്ക് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കല് ദൈനംദിന നിരീക്ഷണം ശക്തമാക്കുക.

## ജൈവ വൈവിധ്യ മാനേജ്മെൻറ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം ദുരന്ത നിവാരണം

1. 2-ാം വാർഡ് –നഗരസഭ വക സ്ഥലത്ത് മിയാവാക്കി വനവൽക്കരണം
2. പുഴയോരം - മുള വെച്ച് പിടിപ്പിക്കൽ
3. 8, 9 വാർഡുകളില് -കാർബണ് ന്യൂട്രൽ പദ്ധതി
4. ജൈവ വൈവിധ്യ പാർക്ക് -ചാവശ്ശേരി സ്കൂൾ, ഉളിയിൽ സ്കൂൾ
5. ആഗോളതാപനം ലഘൂകരിക്കൽ -2 മാസത്തിലൊരിക്കല് വൈദ്യുതി ഉപയോഗം 1/2 മണിക്കൂര് നേരം ഒഴിവാക്കുക-ക്യാമ്പയിൻ
6. ടൂറിസം വികസനം
7. 500 ൽ കൂടുതൽ ആളുകൾ പങ്കെടുക്കുന്ന പരിപാടികൾ -റസ്ക്യൂ വളണ്ടിയർമാരുടെ സേവനം -വേതനം പ്രൊജക്ട് തയ്യാറാക്കുക.
8. റസ്ക്യൂ വളണ്ടിയർമാർക്ക് -സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കല്
9. റസ്ക്യൂ സേന രൂപീകരിക്കൽ

# വാർഡ് സഭ നിർദ്ദേശങ്ങൾ

## വാർഡ് 1

തെരുവ് വിളക്ക്

1 വാർഡില് അത്യാവശ്യമായ ഇടങ്ങളില് തെരുവ് വിളക്കുകള് സ്ഥാപിക്കുക, നിലാവ് പദ്ധതിയിൽ ഉൾപ്പെട്ടതും മാസങ്ങളായി കത്താത്തതുമായി ബൾക്കുകള് അടിയന്തിരമായും മാറ്റുക.

2. റേഷൻപീടിക - പറയനാട് പ്രദേശത്ത് സ്ട്രീറ്റ് ലൈറ്റിനുള്ള വൈദ്യുതലൈന് വലിക്കുക.

3. വട്ടക്കുണ്ട് നുള്ള്യം പഴശ്ശി - പഴയപുര റോഡില് സ്ട്രീറ്റ് ലൈറ്റിനുള്ള വൈദ്യുതി ലൈന് വലിക്കുക.

4. പറയനാട് - മന്ദ്യാലം റോഡില് സ്ട്രീറ്റ്ലൈറ്റിനുള്ള ലൈന് വലിക്കുക.

പ്ലാസ്റ്റിക് മാലിന്യം

പഴശ്ശിഡാം, നമ്പ്യാർ പീടിക പ്രദേശങ്ങളില് അജൈവ മാലിന്യങ്ങള്

പൊതു നിർദ്ദേശങ്ങള്

1. ഒന്നാം വാർഡ് വെളിയമ്പ്രയില് അർബന് ഹെൽത്ത് & വെൽനസ് - ഹെൽത്ത് സെൻറര് സ്ഥാപിക്കണമെന്ന് ഗ്രൂപ്പ് ചർച്ചില് ഉണ്ടായ നിർദ്ദേശം വാർഡ് സഭയുടെ ഏകകണ്ഠമായ അഭിപ്രായമാണ്. ആയതി പ്രാവർത്തികമാക്കാന് ആവശ്യമായ കാര്യങ്ങള് ചെയ്യുക.

2. കൊട്ടാരം - ചാവശ്ശേരി റോഡ് വീതികൂട്ടുകയും മെക്കാടം ടാറിംഗ് ചെയ്യുകയും വേണം.

3. കൊട്ടാരത്തിൽ സ്ഥാപിക്കുന്ന അങ്കണവാടിക്ക് കെട്ടിടം പണിയാനുള്ള ഫണ്ട് അനുവദിക്കുക.

4. ഒന്നാം വാർഡില് നിലവിലുള്ള അങ്കണവാടിക്ക് ചുറ്റുമതില്, ഷീറ്റ് ഇടല്, കുടിവെള്ള സൗകര്യം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് ആവശ്യമായ പ്രവർത്തനങ്ങള് നടത്തുക.

5. കൊട്ടാരം പ്രദേശത്ത് 'ലോ മാസ്റ്റ്' ലൈറ്റ് സ്ഥാപിക്കുക.

റോഡ് വിപുലീകരണം

1. കൊട്ടാരം - പെരിയത്തില് റോഡ് വീതികൂട്ടി സൈഡ് ഭാഗം കോൺഗ്രീറ്റ് ചെയ്യുകയും കൾവർട്ട് ഡ്രെയിനേജ് എന്നിവ സ്ഥാപിക്കുകയും ചെയ്യുക.

2. കാലങ്ങളായി മഴക്കാലത്ത് ഒറ്റപ്പെട്ടുപോകുന്ന കൊട്ടാരം പെരിയത്തിൽ പ്രദേശത്തെ രക്ഷിക്കുന്നതിന് വട്ടക്കുണ്ട് നുള്ളിയം പഴശ്ശി ഭാഗങ്ങളിലെ റോഡിൻറെ ഉയരം കൂട്ടുക.

3. കുറ്റിയാടം ചിമ്മട്ടി റോഡ് കോൺക്രീറ്റ് ചെയ്യുക.

4. വട്ടക്കുണ്ട് - ചിമ്മട്ടി റോഡ് കോൺക്രീറ്റ് ചെയ്യുക.
5. അയ്യപ്പൻകണ്ടി പുത്തൻവീട് റോഡ് കോൺഗ്രീറ്റ് ചെയ്യുക.
6. അക്കരമ്മൽ വായനശാല - കൈതക്കുണ്ട് റോഡില് കൽവെർട്ട് സ്ഥാപിക്കുക.
7. അക്കരമ്മൽ കണ്ടിപ്പറമ്പ് പഴയപുര റോഡ് കോൺഗ്രീറ്റ് ചെയ്യുക.
8. അക്കരമല് കരിയാല് റോഡ് കോൺക്രീറ്റ് ചെയ്യുക.
9. പറയനാട് മടപ്പുര റോഡ് ടാറിംഗ് നടത്തുക.
10. ബാലൻ മാസ്റ്റര് കാവിൻമൂല റോഡ് കോൺഗ്രീറ്റ് ചെയ്യുക.
11. കുട്ടിക്കുന്ന് - പൂക്കുണ്ട് റോഡ് കോൺഗ്രീറ്റ് ചെയ്യുക.
12. ആട്യാലം കുന്നുമ്പ്രത്ത് റോഡ് കോൺക്രീറ്റ് ചെയ്യുക.
13. അട്ടവാറി - മടപ്പുര റോഡ് കോൺഗ്രീറ്റ് ചെയ്യുക.
14. മന്ദ്യാലം - കണിശൻപറമ്പ് കോയിറ്റി വീട് റോഡ് കോൺഗ്രീറ്റ് ചെയ്യുക.
15. തുമ്മിക്കോട് കാര്യപറമ്പ് നിട്ടുമലം റോഡ് ടാറിങ് നടത്തുക.
16. ശേഖരിക്കുന്നതിന് എം.സി.എഫ് സ്ഥാപിക്കുക.
17. റോഡ് സൈഡുകളിൽ മാലിന്യങ്ങള് വലിച്ചെറിയുന്നത് തടയുവാനായി അത്തരം സ്ഥലങ്ങളില് ക്യാമറകൾ സ്ഥാപിക്കുക.

പൊതുശ്മശാനം

ഇരട്ടി നഗരസഭയുടെ പൊതുശ്മശാനമായ പറമ്പിൽ പ്രദേശത്ത് ലൈറ്റുകള്, കുടിവെള്ളം, ശവസംസ്കാരത്തിന് ഗ്യാസ് എന്നിവ സ്ഥാപിക്കുക.

ഗടണങ്ങ പദ്ധതിയിൽ 6 ഠഉജ കപ്പാസിറ്റിയുള്ള പുതിയ മോഡല് ഇൻറഗ്രേറ്റഡ് എം.സി.എഫ്.സി 5000 സ്ക്വയർഫീറ്റ് നിർമ്മിക്കുന്നതിന് അംഗീകാരം നൽകി.

കളിസ്ഥലം

കായിക വിനോദങ്ങൾക്ക് ഉതകുന്ന കളിസ്ഥലം വാർഡ് 1 വെളിയമ്പ്രയില് ഇല്ലാത്തത് പരിഹരിക്കുവാൻ ജലസേചന വകുപ്പിൻറെ കൈവശമുള്ള ഭൂമിയില് കളിസ്ഥലം സ്ഥാപിക്കുന്നതിന് ആവശ്യമായ പരിശ്രമങ്ങൾ നടത്തുക.

തോട് സംരക്ഷണം

തോടുകൾ സംരക്ഷിക്കുന്നതിനായി മന്ദ്യാലം പാലം മുതല് കാഞ്ഞിരംകരി വരെയുള്ള തോടിൻറെ ഇരുവശങ്ങളിലും പാർശ്വഭിത്തി സ്ഥാപിക്കുക.

## വാർഡ് 2

പൊതുമരാമത്ത്

1. പെരുവാട് പള്ളി റോഡ് കോൺഗ്രീറ്റ് ബാക്കി ഭാഗം ചെയ്യുക.
2. ചോലക്കണ്ടി റോഡ് പുതിയപുര റോഡ് കോൺഗ്രീറ്റ് ബാക്കി ഭാഗം ചെയ്യുക.
3. പുതുക്കുടി, കാരക്കാട് റോഡ് ബാക്കി ഭാഗം ചെയ്യുക. (90 വീടുകള് ആശ്രയിക്കുന്ന റോഡാണ്)
4. പെരിയത്തിൽ ഒതയോത്ത് അരിഞ്ചൂരി റോഡ് കോൺഗ്രീറ്റ് ചെയ്യുക.
5. ചെറിയാക്കേൽ റോഡ് ബാക്കി ഭാഗം ടാറിംഗ് ചെയ്യുക.
6. കരിയിൽ റോഡ് കമ്പിവേലി കാര്യവേലി റോഡ് ബാക്കി ഭാഗം ടാറിംഗ് ചെയ്യുക.
7. കമ്പിവേലി - പെരുന്തച്ചാല് ഒളയം റോഡ് കോൺഗ്രീറ്റ് ചെയ്യുക.
8. പെരിയത്തിൽ കമ്പിവേലി റോഡ്
9. കരക്കാട് ശ്രേയസ്സ് റോഡിന് ഓവുചാൽ നൽകുക.
10. പെരിയത്തിൽ വാർഡില് 1150 ല് പരം ആളുകളും 500 കുട്ടികളും ഉള്ള വാർഡാണ് അവിടെ അംഗനവാടി ഇല്ല. വാർഡില് അംഗനവാടി നിർമ്മിക്കുക.
11. കൃഷിക്ക് ആവശ്യമായ ജലസേചന സൗകര്യം ഒളയം വയൽ, അരിഞ്ചൂരി വയലില് എന്നിവിടങ്ങളിൽ സോളാര് പാനല് സ്ഥാപിച്ച് ജലസേചന സൗകര്യം ഒരുക്കുക.
12. തെരുവ് വിളക്ക് ആവശ്യമുള്ള സ്ഥലത്ത് സ്ഥാപിക്കുക.

13. നിലാവ് പദ്ധതിയിലുള്ള ലൈറ്റ് മാറ്റി സ്വകാര്യ കമ്പനിയ്ക്ക് നൽകി സ്ട്രീറ്റ് ലൈറ്റ് പുനഃസ്ഥാപിക്കുക.

14. വയോജനങ്ങൾക്ക് ഉല്ലാസത്തിന് പകൽവീട് പെരിയത്തില് സ്ഥാപിക്കുക.

15. വയോജനങ്ങൾക്ക് ആക്കാംപറമ്പിലുള്ള വായനശാലയില് വയോമിത്രം കേന്ദ്രത്തില് വാട്ടര് പ്യൂരിഫൈ സ്ഥാപിക്കുക.

16. വയോമിത്രത്തിൽ കഴിഞ്ഞ വർഷം വരെ കൊടുത്തു കൊണ്ടേയിരിക്കുന്ന ചായ, പലഹാരം എന്നിവയ്ക്കുള്ള ഫണ്ട് ഈ വർഷവും നൽകുക.

17. തൊഴിൽ സേന രൂപീകരണം.

## വാർഡ് 3

1. കുരൻമുക്ക് - പെരിയത്തില് റോഡിന് നഗരസഭ പ്രത്യേകഫണ്ട് വെച്ച് റീടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കണം. (വാർഡിന് ലഭിക്കുന്ന ഫണ്ട് ഈ റോഡിന് ഉപയോഗിക്കരുത്)

2. വട്ടക്കയം ഇല്ലംമുക്ക് കുറുവേരി റോഡ് ടാറിംഗ് നടത്തി ഗതാഗത യോഗ്യമാക്കാൻ 2024-25 വാർഷിക പദ്ധതിയില് ഫണ്ട് അനുവദിക്കണം. കട്ടേങ്കണ്ടം പാലം വീതി കൂടി വലിയ വാഹനങ്ങള് പോവുന്ന സൗകര്യം ചെയ്യണം.

3. കാരാമ്പേരി - വട്ടക്കയം പാലം വീതി കൂട്ടി വാഹന ഗതാഗത സൗകര്യം മുനിസിപ്പാലിറ്റി ഏർപ്പെടുത്തണം.

4. പാലത്തിൻറെ ഭാഗമായ അപ്പ്റോച്ച് റോഡ് വട്ടക്കയം - ചോല പന്തലങ്ങാടി റോഡ് ടാറിംഗ് നടത്തി ഗതാഗത യോഗ്യമാക്കണം.

5. നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകൾ ഒന്നും പ്രവർത്തിക്കുന്നില്ല. ലൈറ്റുകൾ റിപ്പയർ ചെയ്ത് വെളിച്ചം ലഭ്യമാക്കണം.

6. മൂന്നാം വാർഡും രണ്ടാം വാർഡും ഉൾപ്പെടുന്ന ആക്കാംപറമ്പ് വയോമിത്രം ക്ലിനിക്കില് മാസങ്ങളായി ഷുഗർ പരിശോധന നടക്കുന്നില്ല. ഉപകരണം ഇല്ല എന്ന് പറയുന്നു. ഇത് പരിഹരിക്കണം. കൂടാതെ ശ്വാസം മുട്ടൽ, കൊളസ്ട്രോള് എന്നിവക്കുള്ള മരുന്നും ഇല്ല. മറ്റ് മരുന്നും കുറവുണ്ട് ഇതും പരിഹരിക്കണം. ബീംബ്രംകുട്ടം കുറുവേരി റോഡ് കോൺക്രീറ്റ് ചെയ്യുക.

7. മീന്തേരി - കാരത്താൻകോട്ടം റോഡ്, കോൺക്രീറ്റ് ചെയ്യുക. വട്ടക്കയം - മീന്തേരി നായനാര് സ്മാരക വായനശാല & ഗ്രന്ഥാലയത്തിന് ആവശ്യമായ ഫർണിച്ചറുകളും മറ്റ് സൗകര്യങ്ങളും ചെയ്യണം.

8. മീന്തേരി എടക്കാനം റോഡ് പൊട്ടിപൊളിഞ്ഞ ഭാഗം റീടാറിംഗും കോൺക്രീറ്റും ചെയ്യാന് ഫണ്ട് വകയിരുത്തുക.

9. ആക്കാംപറമ്പ് - ഒളയം റോഡ് കോൺക്രീറ്റ് ചെയ്യാന് ഫണ്ട് വകയിരുത്തുക.

10. വാർഡിലേയും എൻറെ വീട് ഉൾപ്പെടുന്ന ഭാഗത്തേയുംകൂടി വെള്ള പ്രശ്നം പരിഹരിക്കുക.

11. ആവശ്യമായ എല്ലാ ഭാഗത്തും പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

12. വീടിന് ആവശ്യമായ ധനസഹായം ചെയ്ത് തരണം.

റോഡുകൾ - ടാറിംഗ് - കോൺക്രീറ്റ് - റീടാറിംഗ് മുൻഗണനാ ക്രമം.

1. കുരൻമുക്ക് - പെരിയത്തില് റോഡ് റീടാറിംഗ് നഗരസഭ തലത്തില് മുൻഗണന നിശ്ചയിക്കണമെന്ന് തീരുമാനിച്ചു.

2. വട്ടക്കയം - ഇല്ലംമുക്ക് - കുറുവേരി റോഡ് പൂർണ്ണമായും ടാറിംഗും കോൺക്രീറ്റും ചെയ്യണമെന്ന് തീരുമാനിച്ചു.

3. വട്ടക്കയം - കാരാമ്പേരി പാലം വീതികൂട്ടി വാഹന ഗതാഗതം സാധ്യമാക്കണമെന്നും, പാലത്തിൻറെ അപ്രോച്ച്റോഡ് വട്ടക്കയം - ചോല - പന്തലങ്ങാടി റോസ് പൂർണ്ണമായും ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കാൻ ഫണ്ട് അനുവദിക്കണമെന്നും തീരുമാനിച്ചു.

4. മീന്തേരി - കരുവഞ്ചാല് കോട്ടം റോഡ് കോൺക്രീറ്റ് ചെയ്യണമെന്ന് തീരുമാനിച്ചു.

5. ബീബ്രുംകുട്ടം - കുറുവേരി റോഡ് കോൺക്രീറ്റ് ചെയ്യണമെന്ന് തീരുമാനിച്ചു.

6. ആക്കാംപറമ്പ് - ഒളയം റോഡ് കോൺക്രീറ്റ് ചെയ്യണമെന്ന് തീരുമാനിച്ചു.

7. മീന്തേരി - നാരായണന് റോഡ് കോൺക്രീറ്റ് ചെയ്യണമെന്ന് തീരുമാനിച്ചു.

8. മീന്തേരി - എടക്കാനം റോഡ് ബാക്കി ഭാഗം ടാറിംഗ് നടത്തി പൂർത്തീകരിക്കണമെന്ന് തീരുമാനിച്ചു.

9. മീന്തേരി - എടക്കാനം റോസ് പൊടിപ്പൊളിഞ്ഞ ഭാഗം റീടാറിംഗും കോൺക്രീറ്റും നടത്തണമെന്ന് തീരുമാനിച്ചു.

10. പെരുമ്പറച്ചാൽ - പാടിയില് റോഡ് (മുത്തപ്പൻകരി) ബാക്കിഭാഗം ടാറിംഗ് നടത്തണമെന്ന് തീരുമാനിച്ചു.

11. വട്ടക്കയം - അങ്കൻവാട് സ്കൂള് റോഡ് ബാക്കി ഭാഗം കോൺക്രീറ്റ് ചെയ്യണമെന്ന് തീരുമാനിച്ചു.

12. കുരൻമുക്ക് - പെരിയത്തില് - പഴശ്ശി പ്രൊജക്ട് റോഡിംഗ് ഇരുഭാഗത്തും ഡ്രൈനേജ് പണിയണമെന്നും, ഇരുഭാഗത്തും കോൺക്രീറ്റ് ചെയ്യണമെന്നും തീരുമാനിച്ചു.

13. വട്ടക്കയം - പന്തലങ്ങാടി റോഡ് (മീന്തേരി) ഇരുഭാഗത്തും ഡ്രൈനേജ് പണിയാനും ഇരു സൈഡും കോൺക്രീറ്റ് ചെയ്യാനും പദ്ധതിയുണ്ടാവണമെന്ന് തീരുമാനിച്ചു.

14. വട്ടക്കയം - ഇല്ലംമുക്ക് - കുറുവേരി റോഡിന് കൾവർട്ട് പണിയാന് പദ്ധതി വേണമെന്ന് തീരുമാനിച്ചു.

15. വട്ടക്കയം - മൂവാട് റോഡ് ബാക്കി ഭാഗം കോൺക്രീറ്റ് ചെയ്യണമെന്ന് തീരുമാനിച്ചു. സൈഡ് കോൺക്രീറ്റ്.

16. മീന്തേരി - കുങ്ങറിഞ്ഞി റോഡ് ബാക്കി ഭാഗം കോൺക്രീറ്റ് ചെയ്യണമെന്ന് തീരുമാനിച്ചു.

17. കട്ടേക്കണ്ടം- കുറുവേരി ജീപ്പ് പാലം വീതികൂട്ടി വലിയ വാഹനങ്ങൾക്ക് യാത്ര ചെയ്യാന് സൗകര്യം ഒരുക്കാൻ ഫണ്ട് വെക്കണമെന്ന് തീരുമാനിച്ചു.

18. വാർഡിലെ ആസ്തി രജിസ്റ്ററിൽപെടുത്തുവാന് തീരുമാനിച്ചു.

19. വാർഡില് എല്ലാ പ്രദേശത്തും പഴയഷീറ്റ് ലൈറ്റുകള് പുനഃസ്ഥാപിക്കണമെന്നും പുതിയ സ്ട്രീറ്റ് ലൈറ്റുകൾ ആവശ്യമുള്ള എല്ലാ പ്രദേശത്തും സ്ഥാപിക്കണമെന്നും തീരുമാനിച്ചു.

20. പഴയ എല്ലാ സ്ട്രീറ്റ് ലൈറ്റുകളും റിപ്പേർ ചെയ്യാന് പദ്ധതി വേണമെന്നും തീരുമാനിച്ചു.

21. പുതിയ സ്ട്രീറ്റ് ലൈനുകളും സ്ഥാപിക്കണമെന്ന് തീരുമാനിച്ചു.

22. വട്ടക്കയം, മീന്തേരി, ഇല്ലംമുക്ക്, പെരുന്തറച്ചാൽ, കുറുവേരി, ആക്കാംപറമ്പ്, കരക്കാട്, പുതുക്കുടി എല്ലാ ഭാഗത്തും മേൽ പ്രവർത്തനങ്ങള് ഉണ്ടാവണമെന്നും തീരുമാനിച്ചു.

23. നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ച എല്ലാ ലൈറ്റുകളും പ്രവർത്തിപ്പിക്കുന്നതിനും പദ്ധതിവേണമെന്ന് തീരുമാനിച്ചു.

24. മീന്തേരി കുടിവെള്ള പദ്ധതിക്ക് കരണ്ട് കണക്ഷനും മോട്ടോറും പമ്പ് ഹൗസും സ്ഥാപിച്ചിരിക്കുന്നതിന് പദ്ധതി വേണമെന്ന് തീരുമാനിച്ചു.

25. കുടിവെള്ള ക്ഷാമം പരിഹരിക്കത്തക്കനിലയിൽ പദ്ധതിയുണ്ടാവണമെന്നും 2024 ല് നടപ്പിലാവുമെന്ന് പ്രതീക്ഷിക്കുന്ന കിഫ്ബിപദ്ധതിയിൽ വാർഡിലെ എല്ലാ പ്രദേശങ്ങളും ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കണമെന്നും തീരുമാനിച്ചു.

26. പെരുമ്പറച്ചാൽ, കുറുവേരി റോഡിന് ഇരുവശങ്ങളും വട്ടക്കയം മൂവാട് പ്രദേശവും പ്രത്യേകം പരിഗണിക്കണമെന്നും തീരുമാനിച്ചു.

27. അർഹതപ്പെട്ട ഭവന രഹിതരായ വാർഡിലെ എല്ലാ കുടുംബങ്ങൾക്കും വീട് നല്കുവാന് പദ്ധതി വേണമെന്ന് തീരുമാനിച്ചു.

28. വീട് പുനരുദ്ധാരണം ജനറൽ, എസ്.സി., എസ്.ടി. അംഗത്തിന് അതി ദരിദ്രർ, എല്ലാ വിഭാഗത്തിനും പദ്ധതി വേണമെന്ന് തീരുമാനിച്ചു.

29. വാർഡിലാകെ കാർഷിക ഉൽപാദനമേഖലയില് സമഗ്രമായ പദ്ധതികള് ഉണ്ടാവണമെന്നും, വാർഡിലെ തരിശുനിലങ്ങള്, പറമ്പുകള്, മറ്റ് സാദ്ധ്യതകള് പൂർണ്ണമായും ഉപയോഗിച്ച് കൃഷി വ്യാപിപ്പിക്കണമെന്നും തീരുമാനിച്ചു.

30. പച്ചക്കറി കൃഷി കൂടുതൽ മേഖലകളില് വ്യാപിപ്പിക്കാന് പദ്ധതികള് വേണമെന്ന് തീരുമാനിച്ചു.

31. കൃഷിക്ക് ജലസേചന സൗകര്യങ്ങൾ ഒരുക്കുവാന് വട്ടക്കയം തോടിന് വട്ടക്കയം - കുറുവേരി തോടിന് ശാസ്ത്രീയമായ തടയണപണിയണമെന്നും തീരുമാനിച്ചു.

32. ക്ഷീരകർഷകർക്ക് ആകെ പാല് ഇൻസൻറീവ് സംഖ്യ വർദ്ധിപ്പിച്ച് നല്കുവാന് പദ്ധതിയുണ്ടാവണമെന്ന് തീരുമാനിച്ചു.

33. കന്ന്കുട്ടി പരിപാലന പദ്ധതിയുണ്ടാവണം.

34. ദാരിദ്ര്യ ലഘൂകരണം കുടുംബശ്രീ യൂണിറ്റുകൾക്ക് വിവിധ സ്വയം തൊഴില് പദ്ധതികളും, മറ്റും വരുമാനമാർഗ്ഗവും കണ്ടെത്തുന്ന പദ്ധതികള് ഉണ്ടാവണമെന്ന് തീരുമാനിച്ചു.

35. അതി ദാരിദ്ര്യ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക്, ഭക്ഷണം, പാർപ്പിടം, മരുന്ന് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാന് പദ്ധതി വേണമെന്ന് തീരുമാനിച്ചുയ

36. അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായർക്ക് തൊഴില് സംരംഭങ്ങളും അവസരങ്ങളും സൃഷ്ടിക്കുന്ന പദ്ധതികൾ വേണമെന്ന് തീരുമാനിച്ചു.

37. പട്ടിക ജാതി പട്ടികവർഗ്ഗ മേഖലയില് വിവിധ പദ്ധതികള് തൊഴില്, പാർപ്പിടം, സ്വയംതൊഴിൽ, കൃഷി, മൃഗസംരക്ഷണം എല്ലാം പദ്ധതികൾ ഉണ്ടാവണം.

38. വിദ്യാഭ്യാസ മേഖലയിൽ കമ്പ്യൂട്ടര്, ലാപ്ടോപ്പ് സൗകര്യങ്ങള് സ്കോളർഷിപ്പ് പദ്ധതികള് ഉണ്ടാവണമെന്ന് തീരുമാനിച്ചു.

39. വാർഡിലെ രണ്ട് വട്ടക്കയം - ആക്കാംപറമ്പ്- ശിശുസൗഹൃദ മാതൃകാ അങ്കണവാടികളാക്കാന് പദ്ധതികള് ഉണ്ടാവണം.

40. സ്ത്രീകൾ - കുട്ടികള് - കൗമാരക്കാർ- ഗർഭിണികള് മുലയൂട്ടുന്ന അമ്മമാര് എന്നിവർക്ക് പ്രത്യേക പരിചരണം ലഭിക്കുന്ന പദ്ധതികൾ വാർഡില് ഉണ്ടാവണം.

41. സ്ത്രീ സൗഹൃദ - ജൻറര് - സുരക്ഷിത വാർഡാക്കി മാറ്റുന്ന പദ്ധതികള് ഉണ്ടാവണം.

42. വാർഡില് ഭിന്നശേഷിക്കാരുടെ വിവിധ ആവശ്യങ്ങള് പരിഗണിക്കുന്ന പദ്ധതികള് ഉണ്ടാവണം.

43. വാർഡില് അനുയോജ്യമായ സ്ഥലം കണ്ടെത്തി കളിസ്ഥലം സ്ഥാപിക്കണമെന്നും കലാ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കണമെന്നും തീരുമാനിച്ചു.

44. വാർഡിലെ വട്ടക്കയംതോട് കാരാമ്പേരി - വട്ടക്കയം മുതല് കുവേരി, കട്ടേങ്കണ്ടം വരെ ഇരുകരയും കെട്ടി സംരക്ഷിക്കുവാൻ പദ്ധതി വേണം.

45. വട്ടക്കയം തോടിൻറെ ഇരുകരയിലുമുള്ള മരങ്ങള് മുറിച്ച് മാറ്റാന് പദ്ധതി പദ്ധതികള് വേണം.

46. വട്ടക്കയം തോട്ടിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യണം.

47. സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിലുള്ള കാടുകള് നീക്കം ചെയ്യണം.

48. വാർഡിലാകെ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തി നികുതി കുടിശ്ശികയില്ലാത്ത വാർസാവുന്നതിന് പദ്ധതിയുണ്ടാവണം.

49. വാർഡ് വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വാർഡ് വിസന കേന്ദ്രം സ്ഥാപിക്കണമെന്നും തീരുമാനിച്ചു.

50. നരയംപാറ ഹെൽത്ത് സെൻറര് എന്നറിയപ്പെടുന്ന വട്ടക്കയം ഹെൽത്ത് സെൻറര് പ്രവർത്തനം വെൽനെസ് സെൻറര് ആക്കി ഉയർത്തി കൂടുതല് കാര്യക്ഷമമാക്കാന് പദ്ധതിയുണ്ടാവണമെന്ന് തീരുമാനിച്ചു.

51. ആരോഗ്യജാഗ്രത പ്രവർത്തനവും പാലിയേറ്റീവ് പ്രവർത്തനവും ശക്തിപ്പെടുത്താന് തീരുമാനിച്ചു.

ശുചിത്വം - മാലിന്യ സംസ്കരണം - മാലിന്യ നിർമ്മാർജ്ജനം

ഹരിത വാർഡ് സഭയുടെ ഭാഗമായി വന്ന നിർദ്ദേശങ്ങള് ഉൾപ്പെടെ താഴെപറയുന്ന കാര്യങ്ങള് തീരുമാനിച്ചു.

1. വാർഡില് എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ജൈവമാലിന്യ സംസ്കാരണ സംവിധാനം ഉണ്ടാവണമെന്ന് തീരുമാനിച്ചു.

2. വാർഡില് എല്ലാ വീടുകളില് നിന്നും സ്ഥാപനങ്ങളില് നിന്നും അജൈവമാലിന്യങ്ങള്, പ്ലാസ്റ്റിക്, മറ്റുള്ളവയും ശേഖരിക്കാനും 100% യൂസര് ഫീ ഉൾപ്പെടെ ഉറപ്പ് വരുത്തുവാനും പദ്ധതി വേണമെന്ന് തീരുമാനിച്ചു.

3. വാർഡ് സാനിറ്റേഷന് കമ്മിറ്റിയും ജാഗ്രതാ സമതിയും ചേർന്ന് പ്രവർത്തനങ്ങള് അവലോകനം ചെയ്യാനും തീരുമാനിച്ചു.

4. വാർഡാകെ മാലിന്യമുക്തമാക്കാനും ചെറുതും വലുതുമായ തോടുകള്, റോഡുകള്, ഡ്രൈനേജുകള് എല്ലാം മാലിന്യമുക്തമാണെന്നുറപ്പ് വരുത്തും.

5. വാർഡിലാകെ മാലിന്യ മുക്ത ബോധവൽക്കരണ പ്രവർത്തനങ്ങള്, പ്രചരണങ്ങള്, പ്രചരണ ബോർഡ്, ഗ്രീൻ പ്രോട്ടോകോള് പാലിക്കാന് ആവശ്യമായ നടപടികള് സ്വീകരിക്കുവാനും ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും പദ്ധതികൾ ഉണ്ടാവണമെന്ന് തീരുമാനിച്ചു.

6. മാലിന്യം തള്ളുന്ന പെരുന്തറച്ചാൽ റോഡില് ക്യാമറ സ്ഥാപിക്കണം.

## വാർഡ് 4

- മോച്ചേരി റോഡ് കേൺക്രീറ്റ്
- കുറ്റ്യാംപൊയിൽ റോഡ് കോൺക്രീറ്റ്
- ചേളന്നൂർ വലിയപറമ്പ് റോഡ് കോൺക്രീറ്റ്
- എടക്കുന്നിൽ റോഡ് കോൺക്രീറ്റ്
- കീരിയോട് തട്ട് റോഡ് കോൺക്രീറ്റ്
- കുന്നേൽ റോഡ് കോൺക്രീറ്റ്
- കരിയാടി റോഡ് കോൺക്രീറ്റ്
- പുഴക്കര എടക്കുന്ന് മോച്ചേരി റോഡ് കോൺക്രീറ്റ്
- എടക്കാനം – പഴശ്ശി പദ്ധതി ബൈപ്പാസ് റോഡ് നിർമ്മാണം
- ചേളന്നൂർ മുത്തപ്പൻകരി റോഡ് കാട് വെട്ടിത്തെളിക്കൽ
- വാർഡിലെ പൊട്ടിപ്പൊളിഞ്ഞ റോഡുകൾ റീടാറിംഗ്
- കീരിയോട് കണങ്ങോട് നിർമ്മിച്ച പൊതു കിണറിൽ മോട്ടോർ സ്ഥാപിച്ച് വീടുകളിൽ കുടിവെള്ളം എത്തിക്കൽ
- ഹെൽത്ത് സെന്ററിൽ ഒരു ഡോക്ടറുടെ സേവനം ഉറപ്പ വരുത്തൽ

## വാർഡ് 5

1. പാലാപറമ്പ് വായനശാല പരിസരത്ത് മഴക്കാലത്തുള്ള വെള്ളക്കെട്ടിന് പരിഹാരം കാണുക.

2. പാലാപറമ്പ് യുനാനി ഹോസ്പിറ്റൽ റോഡില് നിന്നും വരുന്ന മഴവെള്ളം വായനശാലയുടെ സൈഡിലുള്ള റോഡിലൂടെ ഒഴുകി രോഹിണി എന്നവരുടെ വീടിനു പുറകില് അവരുടെ വീടിൻറെ തറയിലേക്കാണ് മഴവെള്ളം ഒഴുകി വരുന്നത്. കൂടാതെ വെള്ളം കുത്തിയൊലിച്ച് റോഡ് മുഴുവനും പൊട്ടിപൊളിഞ്ഞ നിലയിലാണ്. അതുകൊണ്ട് തന്നെ യുനാനി ഹോസ്പിറ്റലിൻറെ ഭാഗത്ത് നിന്ന് വരുന്ന മഴവെള്ളം ഓവുചാലിലൂടെ ഒഴുകി പോകാനുള്ള സൗകര്യം ഉണ്ടാക്കുക.

3. ചെറുവോട് - പുന്നാടന് കോറോത്ത് റോഡ് ആസ്തിയില് ഉൾപ്പെടുത്തി ടാര് ചെയ്യുക.

4. ടി.സി. റോഡിൽ നിന്നും കാവൂട്ട്പറമ്പ് ഗണപതി ക്ഷേത്രത്തിലേക്കുള്ള റോഡ് ആസ്തിയില് ഉൾപ്പെടുത്തി ടാറിംഗ് ചെയ്യുക.

5. എം.ജി. കോളേജ് - എസ്.ഡി.എ. തറവാട് റോഡ് ആസ്തിയിൽ ഉൾപ്പെടുത്തി ടാറിംഗ് ചെയ്യുക.

6. ടി.സി. റോഡിൽ നിന്നും കീഴൂർക്കുന്ന്, പാലാപറമ്പ് അംഗനവാടിയിലേക്കുള്ള റോഡ് ആസ്തിയിൽ ഉൾപ്പെടുത്തി ടാറിംഗ് ചെയ്യുക.

7. ചെറുവോട് - സി.വി. തറവാട് റോഡ് ആസ്തിയിൽ ഉൾപ്പെടുത്തി ടാറിംഗ് ചെയ്യുക.

8. വള്ള്യാട് - ആയില്യം തറവാട് റോഡ് ആസ്തിയില് ഉൾപ്പെടുത്തി ടാറിംഗ് ചെയ്യുക.

9. കീഴൂർക്കുന്ന് - ചെറുവോട് റോഡ് ടാറിംഗ് പൂർത്തിയാക്കുക.

10. പാലാപറമ്പ് വായനശാല താഴെഭാഗം റോഡ് ടാറിംഗ് പൂർത്തിയാക്കുക.

11. കീഴൂർക്കുന്ന് - കാവ്യൂട്ട്പറമ്പ് അമ്പലം റോഡ് റീ ടാറിംഗ് ചെയ്യാന് ബാക്കിയുള്ള ഭാഗം റീ ടാറിംഗ് ചെയ്യുക.

12. പാലാപറമ്പ് പൊതുകിണർ ആൾമറ ഇടിഞ്ഞുവീഴാറായ നിലയിലാണ്. ആൾമറ പുതുക്കിപണിയുക.

13. എടക്കാനം അമ്പലം കീരിയോട് റോഡ് അരിക് കെട്ടി സംരക്ഷിക്കുക.

14. പി.എ.വൈ. ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതല് വീട്ടുകള് അനുവദിക്കുക.

15. വാർഡില് എല്ലാ ഭാഗത്തും കുടിവെള്ള പൈപ്പ് ലൈന് വലിക്കുക.

16. വള്ള്യാട് മാടമ്പള്ളി റോഡ് ടാറിംഗ് ചെയ്തതിൻറെ ബാക്കി ഭാഗം ടാറിംഗ് ചെയ്യുക.

17. ടി.സി. റോഡിൽ നിന്നും കാവ്യൂട്ട്പറമ്പ് ഗണപതി ക്ഷേത്രത്തിലേക്കുള്ള റോഡ് കോൺക്രീറ്റ്.

18. പുലിമുക്കി - ചെറുവോട് - (5, 6) വാർഡുകൾ ടാറിംഗ് പൂർത്തീകരിക്കുക.

19. പാലാപറമ്പ് റോഡ് - താഴെ ഭാഗം റോഡ് ടാറിംഗ് പൂർത്തീകരിക്കുക.

20. എം.ജി. കോളേജ് എസ്.ഡി.എ. തറവാട് റോഡ് കോൺക്രീറ്റ് ചെയ്യുക.

21. എം.ജി. കോളേജ് അത്തിത്തട്ട് റോഡ് ടാറിംഗ്.

22. ചെറുവോട് - കോണിക്കുന്ന് പുന്നാടന് കോറോത്ത് തറവാട് റോഡ് കോൺക്രീറ്റ്

23. ചെറുവോട് - സി.വി. തറവാട് റോഡ് കോൺക്രീറ്റ്

24. എം.ജി. കോളേജ് എസ്.ഡി.എ. തറവാട് റോഡിൽ നിന്നും മന്നമ്പത്ത് ഹൗസ് റോഡ് കോൺക്രീറ്റ്.

25. കീഴൂർക്കുന്ന് - ചെറുവോട് റോഡ് ടാറിംഗ് ചെയ്യാന് ബാക്കിയുള്ള ഭാഗം ടാറിംഗ്.

26. വള്ള്യാട് മാടമ്പള്ളി - ആയില്യം തറവാട് റോഡ് കോൺക്രീറ്റ്.

27. കീരിയോട് 2 റോഡ് ടാറിംഗ്

റീ ടാറിംഗ് ചെയ്യാനുള്ള റോഡുകൾ

1. കീഴൂർക്കുന്ന് - കാവ്യൂട്ട്പറമ്പ് അമ്പലം റോഡ് റീ ടാറിംഗ് ചെയ്യാന് ബാക്കിയുള്ള സ്ഥലം റീ ടാറിംഗ് ചെയ്യുകയും റോഡിൻറെ തുടക്കം മുതലുള്ള ഭാഗത്ത് നിന്ന് അരിക് കോൺക്രീറ്റ് ചെയ്യുകയും ചെയ്യുക.

2. എം.ജി. കോളേജ് - ആനപ്പാറ റോഡ് (5, 16 വാർഡ്) റോഡിന് ഡ്രൈനേജ് നിർമ്മിക്കുക.

3. വള്ള്യാട് - പുഴക്കര റോഡ് റീ ടാറിംഗ്.

4. പാലാപറമ്പ് വായനശാല റോഡ് റീ ടാറിംഗ്.

## വാർഡ് 6

- പ്ലാസ്റ്റിക്ക് മാലിന്യം തള്ളുന്നവരെ കണ്ടെത്താൻ ആവശ്യമായ സ്ഥലങ്ങളിൽ സി സി ടി വി ക്യാമറ സ്ഥാപിക്കുക
- മുനിസിപ്പാലിറ്റിയിലെ അംഗീകൃത വായനശാലകൾക്ക് പുസ്തകം സൂക്ഷിക്കുന്നതിനുള്ള അലമാരയും ആവശ്യമായ മറ്റ് സാധന സാമഗ്രികളും വിതരണം ചെയ്യുക
- മരമില്ല്മഠപ്പുര റോഡ് ടാറിംഗ് പ്രവർത്തി പൂർത്തീകരിക്കുക-കാമ്യാട് -

- വള്ള്യാട് ലക്ഷം കുന്ന് – പനമുക്ക് വള്ള്യാട് റോഡ് ടാറിംഗ്
- ചെറുവോട് കോൺക്രീറ്റ് പ്രവർത്തി നടത്തി ഗതാഗത /പ്ലാസ റോഡ് ടാറിംഗ് -ഇകെ നായനാർ, യോഗ്യമാക്കുക
- വാർഡിൽ ആവശ്യമായ ഇടങ്ങളിലും പൊതു സ്ഥലങ്ങളിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക
- മരമില്ല്-മരാമില്ല് കമ്യാട് റോഡ് റീടാറിംഗ് നടത്തി ഗതാഗത യോഗ്യമാക്കുക
- കീഴൂർക്കുന്ന് പടിയിൽ താഴെ റോഡ് റീടാറിംഗ് പ്രവർത്തി നടത്തി ഗതാഗത യോഗ്യമാക്കുക

## വാർഡ് 7

കൃഷി

1. മുൻസിപ്പാലിറ്റിയിലെ 7-ാം വാർഡില് കൃഷി ചെയ്യാതെ തരിശായി കിടക്കുന്ന സ്ഥലങ്ങള് ഏറ്റെടുത്ത് പാടശേഖരണസമിതിക്കാർ കൂട്ടായ്മയിൽക്കൂടി കൃഷി നടത്തിക്കൊണ്ട് വരികയും അവർക്ക് മുൻസിപ്പാലിറ്റി വക തൊഴിലുറപ്പുകാർക്ക് കൃഷിപ്പണികൊടുത്തുകൊണ്ട് ഭൂമിയെ പ്രോത്സാഹിപ്പിക്കുക.
2. എല്ലാവരും അവരവരുടെ സ്ഥലങ്ങളിൽ തരിശായി കിടക്കുന്ന സ്ഥലങ്ങള് കരനെല് കൃഷി ചെയ്ത് കൃഷിയെ പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.
3. വീട്ടുപറമ്പുകളിൽ ഗ്രോബാഗ് പച്ചക്കറി ടെറസുകളിലും പറമ്പുകളില് വച്ച് പിടിപ്പിച്ച് വിഷരഹിത പച്ചക്കറികൾ നമുക്ക് തന്നെ നമ്മുടെ വീടുകളില് വിളയിപ്പിക്കാം.

മൃഗസംരക്ഷണം

1. എല്ലാ വീടുകളിലും സ്വയം തൊഴിൽ എന്ന നിലയില് പശുകൃഷി നടത്താന് താണ്. ക്ഷീര കർഷകർക്ക് പാല് ഇൻസെൻറീവ് കാലിതീറ്റ എന്നിവ മുൻസിപ്പാലിറ്റി വക നൽകിവരുന്നുണ്ട്. ആയതിനാൽ ഒരു വീട്ടില് ഒരു പശു എന്ന തരത്തില് വളർത്തി ഒരു ക്ഷീര വിപ്ലവം സൃഷ്ടിക്കുവാന് ശ്രമിക്കുക.

സാമൂഹ്യനീതി

ഗ്രാമത്തിലുള്ള വയോജനങ്ങൾക്ക് വിശ്രമിക്കുന്നതിനും ഒത്തു ചേരുന്നതിനും ഒരു പകൽവീട് എന്നത് വാർഡില് നിർമ്മിക്കേണ്ടതാണ്. വാർഡില് ഉള്ള കിടപ്പുരോഗികളെ പരിശോധിക്കുന്നതിന് ഒരു സഞ്ചരിക്കുന്ന ക്ലിനിക്ക് ആലോചിക്കേണ്ടതുണ്ട്.

ജെൻഡര് വികസനവും കുട്ടികളുടെ വികസനവും

1. അംഗൻവാടിയിലെ ഗേറ്റ് വെൽഡിംഗ് മുറിഞ്ഞ് ഗേറ്റ് അപകടാവസ്ഥയിലാണ് ആയതിനാല് ആ ഗേറ്റ് അടിയന്തിരമായി റിപ്പയർ ചെയ്യേണ്ടതാണ്.
2. കുടിവെള്ളത്തിൻറെ ആവശ്യം പരിഗണിച്ച് സ്ഥല പരിമിതിയുള്ളത് കൊണ്ട് കുഴല് കിണര് നിർമ്മിച്ച് നൽകുക.
3. മഴക്കാലത്ത് മുറ്റം ചളിമയമാവുന്നത് കൊണ്ട് പരിസരം ഇൻറർലോക്ക് ചെയ് ഭംഗിയാക്കേണ്ടതാണ്.
4. അംഗൻവാടിയിലെ അടുക്കളെ വൃത്തിയും ശുചിത്വവുമാക്കി മാറ്റേണ്ടതാണ്. കൂടാതെ മഴക്കാലത്ത് ചിമ്മിനിയിൽ കൂടി വെള്ളം അകത്ത് എത്തുന്നുണ്ട്. അതിനും ശാശ്വത പരിഹാരം ചെയ്യേണ്ടതാണ്.
5. അടുക്കളയിലെ വാഷ്ബേസിൽ പണി പാതിവഴിയില് നിർത്തിയതിനാല് പാത്രങ്ങള് പുറത്ത് നിന്ന് കഴുകേണ്ടുന്ന അവസ്ഥയിലാണ്.
6. അംഗനവാടി ടീച്ചർമാർക്ക് പരിശീലനം നൽകേണ്ടതാണ്.
7. കീഴൂർ 7-ാം വാർഡിലെ അംഗൻവാടിയുടെ ശോചനാവസ്ഥ പരിഹരിക്കുക.

വിദ്യാഭ്യാസം കലാസാംസ്കാരികം

1. ഇരിട്ടി ഹൈസ്കൂളിൽ ഹയർസെക്കൻഡറി വിഭാഗത്തില് ഒരു മീറ്റിംഗ് ഹാൾ പണിയുകയും പൊതുജനത്തിനും കൂടി മീറ്റിംഗുകൾ നടത്തതക്കരീതിയില് മാറ്റേണ്ടതാണ്.

2. കുട്ടികൾക്ക് ഫയര് & റെസ്ക്യൂ വിഭാഗത്തിൻറെ സഹായത്തോടുകൂടി നീന്തല് പരിശീലനം സാധ്യമാക്കേണ്ടതുണ്ട്.

കുടിവെള്ളം

1. എല്ലാവീട്ടുകൾക്കും പൈപ്പ് ലൈന് വഴി ശുദ്ധജലം എത്തിക്കുക.

2. പൊതു കിണറുകൾ വൃത്തിയാക്കി സംരക്ഷിക്കുക.

3. ജലസ്രോതസ്സുകളായ തോടുകളും കുളങ്ങളും മാലിന്യങ്ങൾ നീക്കി ഉപയുക്തമാക്കേണ്ടതാണ്.

പൊതുമരാമത്ത്

1. കീഴൂർ സ്കൂള് പരിസരത്തുള്ള റോഡ് ഇൻറർലോക്ക് ചെയ്ത് ഡ്രൈയ്നേജ് നിർമ്മിച്ച് സ്ലാബ് ചെയ്ത് കൈവരി കൊടുത്ത് സ്കൂളിലേക്കുള്ള കുട്ടികളുടെ യാത്ര സുഖകരമാക്കേണ്ടതാണ്. ഈ വിഷയവും മൂന്ന് കൊല്ലത്തോളമായി ഗ്രാമസഭയിലും ക്ലബുകൾ മുഖേനയും പരാതികള് നൽകിയിട്ടും നടപടി സ്വീകരിച്ചിട്ടില്ല. ആയതിനാൽ എത്രയും പെട്ടെന്ന് ഇതിന് പരിഹാരം കാണേണ്ടതാണ്.

2. കൂടാതെ ഈ ജംഗ്ഷനിലുള്ള ഓട്ടോ പാർക്കിംഗ് അവിടെ നിന്ന് മാറ്റി സ്ഥാപിച്ച് ഗതാഗത കുരുക്ക് ഒഴിവാക്കേണ്ടതാണ്.

3. നിവേദിത റോഡിൻറെ എതിർവശം

4. നേതാജി റോഡ്

5. ശിവജി റോഡ് (ബാക്കിഭാഗം ചെയ്യൽ)

6. ഹൈസ്കൂൾ റോഡ് (ബാക്കിഭാഗം)

7. ഫുട്പാത്ത് റോഡ്

8. മഹാദേവറോഡ്

9. വിവേകാനന്ദ റോഡ്

10. ജയ്ജവാൻ റോഡ്

11. മഹാത്മഗാന്ധി റോഡ്

## വാർഡ് 8

ദാരിദ്ര്യ ലഘൂകരണം ചേരി പരിഷ്കരണം.

1. കുടുംബശ്രീ വഴി മാലിന്യങ്ങൾ ഊറ്റു ചെയ്യുന്ന സ്ഥലങ്ങള് കണ്ടെത്തി - ഹരിതകർമ്മസേനയുമായി സംയോജിപ്പ് ബോധവൽക്കരണം റിപ്പോർട്ടിങ്ങ് എന്നിവ നടത്തുക.

2. അയൽക്കൂട്ടങ്ങളെ ഉപയോഗിച്ച് തരിശുനിലങ്ങളില് കൃഷി ചെയ്യാനും വിപണനം ചെയ്യാനും പദ്ധതികൾ നടപ്പിലാക്കുക.

3. കുടുംബശ്രീ വഴി കുൺ പരിശീലനം.

മൃഗസംരക്ഷണവും, ക്ഷീരവികസനവും കൃഷിയും

1. നഗരസഭാ പരിധിയിൽ ഗ്രൂപ്പുകള് - വ്യക്തികൾക്ക് ഹൈടക് പച്ചക്കറി ഫാം ആരംഭിക്കുന്നതിന് സാമ്പത്തിക സഹായവും പരിശീലനവും നൽകുക.

2. പശുവളർത്തല് പ്രോത്സാഹിപ്പിക്കുക. കൃഷിയിലേക്ക് ആർക്കാരെ പ്രോത്സാഹിപ്പിക്കുക - സാമ്പത്തിക സഹായം നൽകുക.

ശുചിത്വം - മാലിന്യ സംസ്കരണം

1. സോക്പിറ്റ് നിർമ്മാണം ഉറപ്പുവരുത്തുക.

2. മലിനജലം പൈപ്പ് വഴി റോഡിലേക്ക് ഒഴുകിവിടുന്നവരെ കണ്ടെത്തി പിഴ ചുമത്തുക.

3. വാർഡില് എം.സി.എഫ്. അനുവദിക്കുക.

4. തൊഴിലുറപ്പുകാരെ ഉപയോഗപ്പെടുത്തി റോഡ് സൈഡ് കാട് വയക്കുക. ശുചീകരിക്കുക.

## വിദ്യാഭ്യാസം കല-സംസ്കാരം- യുവജനക്ഷേമം -കായികം

1. നഗരസഭ സ്ഥലം കണ്ടെത്തി വിദ്യാഭ്യാസാവശ്യാർത്ഥം ഇരിട്ടിയിലെത്തുന്ന വിദ്യാർത്ഥികൾക്കും, ഉദ്യോഗാർത്ഥികൾക്കും താമസിക്കാന് ക്വാർട്ടേഴ്സ് നിർമ്മിച്ച് വാടകയ്ക്ക് നൽകുക.
2. ഇറിഗേഷൻ സ്ഥലം വാങ്ങി കുട്ടികൾക്ക് ഒരു മിനിസ്റ്റേഡിയം നേരമ്പോക്ക് വയലില് നിർമ്മിക്കുക.
3. വാർഡില് വായനശാല സ്ഥാപിക്കണം.

## കുടിവെള്ളം

1. അംഗൻവാടി കുടിവെള്ളം എത്തിക്കാന് പദ്ധതി നടപ്പിലാക്കുക.
2. ബിപിഎൽ വിഭാഗങ്ങൾക്ക് കിണറ് ശുചീകരണത്തിന് തുക അനുവദിക്കുക.
3. പഞ്ചായത്ത് കിണർ ആഴംകൂട്ടി കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക.

## സാമൂഹ്യനീതി

1. ഇറിഗേഷൻ സ്ഥലം ലഭ്യമാക്കി ഹാപ്പിനസ് പാർക്ക് സ്ഥാപിക്കുക. (നേരംപോക്കിൽ)
2. വയോജനങ്ങൾക്ക് പകൽവീട് നിർമ്മിക്കുക - ഇരിട്ടി
3. നേരമ്പോക്ക് - അരയാൽത്തറ - വിശ്രമ കേന്ദ്രം - ഇരിപ്പിട സൗകര്യം ഒരുക്കുക.
4. പുഴയരികിൽ ബാംബൂ വെച്ചുപിടിപ്പിക്കുക.
5. വയോമിത്രം ക്ലിനിക്കിന് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുക.

## വനിതകളുടെയും കുട്ടികളുടെയും വികസനം

1. ശിശു സൗഹൃദ പാർക്കുകള്
2. അംഗൻവാടി വഴി സൗകര്യം ഒരുക്കുക.
3. തൊഴിലുറപ്പുകാർക്ക് തൊഴില് വർദ്ധിപ്പിക്കുക. ജോലി നൽകുക. (തൊഴിൽ ദിനം 100)
4. കുടുംബശ്രീവഴി തുണി സഞ്ചികൾ വാർഡുകളില് എത്തിക്കുക.

## പൊതുമരാമത്ത്

1. ടൗണിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
2. വാർഡുകളിലെ കേടായ സ്ട്രീറ്റ് ലൗറ്റുകള് പുനഃസ്ഥാപിക്കുക.
3. ഇരിട്ടി എടക്കാനം റോഡ് ആവശ്യമായ ഇടങ്ങളിൽ ഡ്രൈയിനേജ് നിർമ്മിക്കുക - ടാറിംഗ് നടത്തുക.
4. താലൂക്ക് ആശുപത്രി റോഡ് പൊട്ടിപ്പൊളിഞ്ഞ ഭാഗം റീ ടാറിംഗ് ചെയ്യുക.
5. നരിക്കുണ്ടം നേരമ്പോക്ക് റോഡ്, റീ ടാറിംഗും ഡ്രൈനേജ് നിർമ്മാണവും പൂർത്തീകരിക്കുക.
6. കാല്ലുകുന്ന് കാട് - നേതാജി റോഡ് റീ ടാറിംഗ് നടത്തുക.
7. മുനിസിപ്പാലിറ്റി - നഗരസഭ കെട്ടിടം - സോളാറ് പാനല് സ്ഥാപിക്കുക.
8. ഡ്രൈനേജ് സംവിധാനം പുനഃസ്ഥാപിക്കുക.
9. ടെലഫോൺ എക്സേ്ചഞ്ച് ഭാഗം ഡ്രൈനേജ് സ്ഥാപിച്ച് വെള്ളം ഫയർസ്റ്റേഷനു സമീപത്തെ കവേർട്ടിനടിയിലേക്ക് വിടുക.
10. കാല്ലുകുന്ന്കാട് - ജോത്സ്യന് ഗംഗാധരന് നടവഴി കോൺക്രീറ്റിംഗ് ചെയ്യുക.
11. പഴശ്ശി പ്രൊജക്ട് റോഡ് പി.ഡബ്ല്യു.ഡി ഏറ്റെടുക്കണം.
12. മുഴുവൻ വീടുകളിലും ജൈവമാലിന്യ സംവിധാനം ഉൾപ്പെടുത്തുക.

## വാർഡ് 9

താഴെപറയുന്ന റോഡുകൾ യാത്രായോഗ്യമാക്കല്

1. പഴയപാലം റോഡ്
2. പയഞ്ചേരിമുക്ക് കകങഅഘജ സ്കൂൾ റോഡ്
3. പയഞ്ചേരിമുക്ക് ഇരിട്ടി റോഡ് വിദ്യാഗിരി സ്റ്റെപ്പം, കമാൽഹാജി റോഡ്
4. അലിയാർ റോഡ്
5. ട്രൈബൽ ഹോസ്പിറ്റലിലേക്ക് പോകുന്ന വഴി നവീകരിക്കല്
6. ഇരിട്ടി ടൗൺ ബൈപാസ് റോഡ് പണി കഴിഞ്ഞിട്ടില്ല റോഡ് കൗൺഗ്രീറ്റ് ചെയ്യുക. കുഴികൾ മണ്ണിട്ട് നികത്തുക.
7. ഇരിട്ടി പാലത്തിന് താഴ്ഭാഗത്ത് കൂടി പഴയ പാലത്തേക്ക് റോഡ് നിർമ്മിക്കുക.
8. പഴയപാലം റോഡിലേക്ക് നഗരസഭയുടെ പാർക്കിലേക്ക് പോകുന്ന റോഡ്, നിർമ്മല ഹോട്ടല് വരെ നവീകരിക്കുക, വീതി കൂട്ടുക.

പൊതു നിർദ്ദേശങ്ങള്

1. ക്രിസ്ത്യൻപള്ളിക്ക് സമീപം സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കല്
2. ആധുനിക അറവുശാല നിർമ്മിക്കുക.
3. ഇരിട്ടി പുഴയും, പുഴയോരങ്ങളും ക്ലീൻ ചെയ്യുക.
4. മാലിന്യ നിർമാർജനം, നടപടി സ്വീകരിക്കുക.
5. വായുമലിനീകരണം, പ്ലാസ്റ്റിക് കത്തിക്കുന്നത് നടപടി സ്വീകരിക്കുക.
6. ഇരിട്ടി പഴയപാലത്തിനടുത്ത് അപകടാവസ്ഥയിലുള്ള മാവ് മുറിച്ച് മാറ്റുക.
7. കെ.എസ്.ആർ.ടി.സി. ഡിപ്പോ വൃത്തിയാക്കുക.
8. മിനി സ്റ്റേഡിയം നിർമ്മിക്കല്, പുതിയ പാലത്തിന് സമീപം മിനിപാർക്ക് സ്ഥാപിക്കല്.
9. പുഴയോരത്ത് വേസ്റ്റ് അടിഞ്ഞുകൂടിയത് നിർമ്മാർജ്ജനം ചെയ്യുക.
10. നേരംമ്പോക്ക് പാലകം പ്ലാസ് ട്രെയിനേജ് അടഞ്ഞു കിടക്കുന്നത് നടപടി സ്വീകരിക്കുക.
11. കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

## വാർഡ് 10

1. മുടച്ചാൽ റോഡ് സെക്കൻഡ് സ്ട്രീറ്റ് പുതിയ റോഡിന് അനുമതി നൽകുക.
2. മഹാദേവ - മുടച്ചാല് റോഡ് ആസ്തി രജിസ്റ്ററില് ഉൾപ്പെടുത്തണം.
3. പേരാവൂർ മുടച്ചാല് റോഡ് പായംമുക്ക് റീടാറിംഗ് ചെയ്യുക.
4. വാർഡിലുള്ള റോഡുകളുടെ സൈഡില് ഡ്രൈയിനേജ് സിസ്റ്റം നടപ്പിലാക്കുക.
5. 10-ാം വാർഡില് അംഗനവാടി അനുവദിക്കുക.
6. തരിശുഭൂമി കൃഷി ചെയ്യാൻ താൽപ്പര്യമുള്ളവർക്ക് അനുവദിച്ചുകൊടുക്കുക.
7. ജബ്ബാർകടവിൻറെ റോഡിൻറെ കസൈബില് അജൈവ മാലിന്യങ്ങള് നീക്കം ചെയ്യുക.
8. വയോജനങ്ങൾക്കുള്ള മരുന്ന് ലഭ്യമാക്കുക. പ്രത്യേകിച്ച് ഇൻഗേലര്
9. കിടപ്പുരോഗികൾക്ക് ആവശ്യമായ (എയർബെഡ്സ്) അനുവദിക്കുക.

## വാർഡ് 11

1. കാദറൂട്ടി റോഡ് കോൺക്രീറ്റ്
2. അത്തി അത്തിത്തട്ട് റോഡ് കോൺക്രീറ്റ്
3. വികാസ്നഗർ സ്ട്രീറ്റ് - 2 റോഡ് കോൺക്രീറ്റ്

4. മഹാത്മാഗാന്ധി റോഡ് കോൺക്രീറ്റ്

5. വികാസ്നഗർ സൈഡ് അണിയെടുത്ത് സ്ലാബ് ഇടുക, സൈഡ് കോൺക്രീറ്റ്

6. വികാസ്നഗർ രാഘവന് നമ്പ്യാരുടെ വീടിൻറെ അടുത്ത് ഉള്ള വികാസ്നഗര് റോഡ് സൈഡ് ഡ്രൈനേജും കോൺക്രീറ്റും ചെയ്യുക.

7. വികാസ്നഗർ ട്രാൻസ്ഫോർമര് ഉള്ള സ്ഥലത്തെ കൽവർട്ട് പുതുക്കി പണിയുക.

8. പയഞ്ചേരി കോറ കൈരളി റോഡ് കോൺക്രീറ്റ് ചെയ്യുക.

9. അത്തി പുന്നാട് റോഡ് കോൺക്രീറ്റ് ചെയ്ത് പൂർത്തീകരിക്കുക.

10. അത്തിത്തോട് ആഴംകൂട്ടി സുരക്ഷാഭിത്തി നിർമ്മാണം

11. കോറ റോഡ് കാട് തെളിക്കണം

12. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന പന്നിഫാം പൂട്ടണം. പ്ലാസ്റ്റിക്ക് വെയ്സ്റ്റ് കത്തിക്കുന്നതിനെതിരെ നടപടി സ്വീകരിക്കണം.

13. ഡേ- കെയര് സംവിധാനം കൊണ്ടുവരണം.

14. വികാസ് നഗർ റോഡില് ഡ്രൈനേജ് സംവിധാനം ഉണ്ടാക്കണം.

15. പയഞ്ചേരിമുക്ക് മീൻകടയിലെ വെള്ളം കൃത്യമായി ഒഴുക്കി കളയാതെ കെട്ടി നിൽക്കുന്നതിനാല് ദുർഗന്ധം ഉണ്ടാകുന്നു. നടപടികൾ സ്വീകരിക്കണം.

16. പേരാവൂർ - വികാസ്നഗര് റോഡ് സംഗമിക്കുന്ന സ്ഥലത്ത് ബസ്സ് വെയിറ്റിംഗ് ഷെൽട്ടര് സാധിക്കണം.

17. ജബ്ബാർകടവ് തട്ട്കടയിലെ മലിനജലം പുഴയിലേക്ക് ഒഴുകുന്നതിനെതിരെ നടപടികള് സ്വീകരിക്കണം.

18. പയഞ്ചേരി ചെക്കികുന്ന് റോഡ് എന്നത് അമ്പൻ രാമന് റോഡ് എന്നാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്തു.

19. കിണർ റീചാർജിംങ് ചെയ്യണം.

20. വനിത ഡ്രൈവിംഗ് സെൻററ് തുടങ്ങുന്നതിനെകുറിച്ച് നിർദ്ദേശം വന്നു.

21. കുടിവെള്ളം എത്തിക്കുന്നത് സംബന്ധിച്ച് അപേക്ഷ.

22. വയോജന വിശ്രമകേന്ദ്രം ലൈബ്രറി മുതലായവയ്ക്ക് സ്ഥലം കണ്ടെത്താനുള്ള നിർദ്ദേശം

23. കുടുംബശ്രീ തലത്തിലുള്ള സ്വയം തൊഴിൽ സംരംഭങ്ങള് തുടങ്ങുന്നത് സംബന്ധിച്ച്.

24. വനിതകൾക്ക് ഗാർമെൻറ്സ് യൂണിറ്റ് തുടങ്ങുന്നത് സംബന്ധിച്ച്.

25. അയ്യൻകാളി തൊഴിൽദിനങ്ങള് വർദ്ധിപ്പിക്കണം.

26. ഹരിത വാർഡ് സഭയുമായി ബന്ധപ്പെട്ട് കാര്യങ്ങള് അവതരിപ്പിച്ചു.

27. വാർഡില് അംഗൻവാടി ഇല്ലാത്ത വിഷയം ചർച്ച ചെയ്തു. നിർബന്ധമായും വാർഡില് അംഗൻവാടി വേണം എന്ന് അഭിപ്രായം സുധർമ കോളനി. അത്തികോളനി, ചെക്കിക്കുന്ന് കോളനിയും ന്യൂനപക്ഷക്കാർ അധികം ഉള്ള വാർഡ് എന്ന മുൻഗണന നൽകി. അംഗൻവാടി അനുവദിച്ച് തരുവാനുള്ള അപേക്ഷ സഭയിൽ വന്നു.

## വാർഡ് 12

- അത്തി – ഊവ്വാപ്പള്ളി റോഡ് കോൺക്രീറ്റിംഗ്.
- ആനത്തുയി – അത്തിത്തട്ട് റോഡിൻറ ബാക്കി ഭാഗം ടാറിംഗ് കൾവർട്ട് .
- എസ് ടി കോളനി റോഡ് ടാറിംഗ്.
- അത്തിത്തട്ട് .അത്തി റോഡ് ടാറിംഗ് -
- മയിലാടും പാറ അത്തിത്തട്ട് റോഡിന് ഡ്രൈനേജ്
- അത്തി – ഹാജി റോഡ് ബാക്കി ഭാഗം ടാറിംഗ് കോൺക്രീറ്റ് ,

- ആനത്തുയി – അത്തിത്തട്ട് റോഡ് കോൺക്രീറ്റ് 2 –
- നേതാജി – സുബാഷ് അത്തി റോഡ് റീ ടാറിംഗ്
- ആനത്തുയി – അത്തിത്തട്ട് റോഡ് റീ ടാറിംഗ് .
- ഞള്ള്ക്കണ്ടി റോഡ് കോൺക്രീറ്റ്
- തൈപറമ്പ് റോഡ് ടാറിംഗ്.
- അത്തി ഹാജി റോഡ് ബാക്കി ഭാഗം ടാറിംഗ്.
- എസ്.ടി കോളനി റോഡ് കോൺക്രീറ്റ്.
- കരുണൻ റോഡ് ടാറിംഗ്

## വാർഡ് 13

1. കുടിവെള്ളക്ഷാമം പ്രത്യേകിച്ച് വേനൽകാലങ്ങളില് വളരെ രൂക്ഷമാണ്. വീടുകളിൽ സൗജന്യ ഗാർഹിക പൈപ്പ് ലൈന് കണക്ഷന് അനുവദിച്ചുതരണം.
2. വിഷചികിത്സാ റോഡിൻറെ ബാക്കിഭാഗം കോൺഗ്രീറ്റ് ചെയ്ത് യുനാനി ഹോസ്പിറ്റലിലെ മരുന്നിൻറെ അപര്യാപ്ത പരിഹരിക്കണം. യൂനാനി ക്ലിനിക്ക് കീഴൂർകുന്നില് നിന്നും മാറ്റി പഴയവില്ലേജ് ഓഫീസിലേക്കോ, റോഡ് സൈഡിലേക്കോ പുനസ്ഥാപിക്കണമെന്ന് അപേക്ഷിക്കുന്നു.
3. ഇരിട്ടി ഗവൺമെൻറ് ഹോസ്പിറ്റലില് എത്രയും പെട്ടെന്ന് പ്രസവസൗകര്യവും ഡോക്ടറെയും ഒരുക്കിത്തരണം. ഹൈദർറോഡ് ഡ്രൈനേജ് സംവിധാനം ഒരുക്കിതന്ന് യാത്രാബുദ്ധിമുട്ട് റോഡിന് നാശം സംഭവിക്കാൻ ഉള്ള സാധ്യതയും ഒഴിവാക്കി നൽകണം.
4. കുളിച്ചെമ്പ്ര വലിയതോട്ടത്തിൽ റോഡ് റീ ടാറിംഗ്. വാർഡില് പകൽവീട് വയോജന വിശ്രമകേന്ദ്രം സ്ഥാപിക്കുന്നതിന് സഹായം നൽകണം.
5. കുളിച്ചെമ്പ്ര വളവ് റോഡ് ബാക്കിഭാഗം ടാറിംഗ് അനുവദിക്കണം.
6. സ്ട്രീറ്റ്ലൈറ്റ് സ്ഥാപിച്ചുതരണം.
7. വോൾട്ടേജ് പ്രശ്നം രൂക്ഷമാണ്. ദയവായി 3 പി.ഡബ്ല്യൂഡി ലൈൻ വലിച്ച് കറണ്ട് കട്ട് ഒഴിവാക്കുന്നതിന് സഹായം നൽകണം.
8. ഒരുപാട് പ്രായമായവരും രോഗികളും താമസിക്കുന്ന ഭാഗത്ത് ഇടവഴി ആയിരുന്നു. ഇന്നത് റോഡാക്കി മാറ്റി. എത്രയും പെട്ടെന്ന് ടാറിംഗ് ചെയ്ത ഗതാഗതയോഗ്യമാക്കി നൽകണം.
9. കിണർ റീചാർജിംഗ് ചെയ്ത് നൽകണം. ഗാർഹിക കുടിവെള്ള പൈപ്പ് ലൈന് അനുവദിക്കണം.
10. ചെക്കിക്കുന്ന് കോളനി ഇടവഴി കോൺക്രീറ്റ് കറൻറൈലന്, പോസ്റ്റ്, ലൈറ്റ് ഫിറ്റാക്കി തരണം. വീട് പുനർനിർമ്മാണം ചെയ്ത് തരണം.
11. പുതിയ റോഡുകൾ ആസ്തി രജിസ്റ്ററ് ചെയ്യുക.
12. കുളിച്ചെമ്പ്ര ഇം.എം.എസ്. റോഡ് ടാറിംഗ് (കുളിച്ചെമ്പ്ര വികാസ് നഗർ റോഡ് സബ്)
13. കുളിച്ചെമ്പ്ര വലിയതോട്ടത്തില് റോഡ് ടാറിംഗ് (ബാക്കി ഭാഗം)
14. കുളിച്ചെമ്പ്ര എഴുത്താൻ റോഡ് ബാക്കിഭാഗം ടാറിംഗ്
15. കുളിച്ചെമ്പ്ര - പ്രിയദർശിനി ശബീർഭവനറോഡ് ടാറിംഗ്
16. കുളിച്ചെമ്പ്ര - പ്രിയദർശിനി കാരാല് റോഡ് ടാറിംഗ്
17. കീഴൂർ - വിഷചികിത്സാ കേന്ദ്ര റോഡ് കോണ്ക്രീറ്റ്
18. കുളിച്ചെമ്പ്ര ഹൈദർറോഡ് ഡ്രൈനേജ്. ബാക്കിഭാഗം ടാറിംഗ് & കോൺക്രീറ്റ്
19. ചെക്കുക്കുന്ന് കോളനി റോഡ് നടപ്പാത കോൺക്രീറ്റ്
20. വലിയതോട്ടത്തിൽ റോഡ് - എഴുത്തന് റോഡ് ബന്ധിപ്പിക്കല് റീ ടാറിംഗ്
21. ചാലിയൻ വയല് റോഡ് ഇടവഴി ടാറിംഗ് (കുളിച്ചെമ്പ്ര വികാസ് നഗര് റോഡ് സബ്)
22. പൊതുകിണർ കുളിച്ചെമ്പ്ര

23. പൊതുടാപ്പ് കുളിച്ചെമ്പ്ര

24. അംഗൻവാടി നവീകരണം.

25. നിലാവ് പദ്ധതി സ്ട്രീറ്റ്ലൈറ്റ് റിപ്പെയർ ചെയ്യുക.

26. കെ.എസ്.ടി.പി. റോഡ് സൈഡിലെ സ്ട്രീറ്റ്ലൈറ്റ് റിപ്പെയർ ചെയ്യുക. ലൈൻ വലിച്ച് ലൈറ്റ് ഫിറ്റാക്കുക.

27. കുളിച്ചെമ്പ്ര റോഡിൽ വാട്ടർഅതോറിറ്റിയുടെ പൈപ്പ് പൊട്ടി ഒരുപാട് വെള്ളം നഷ്ടപ്പെട്ടു. റോഡ്പോലും നശിച്ചു പോവുന്നതിന് കാരണം ആവുന്നു. ദയവായി ഒരു പ്രതിവിധിയുണ്ടാകണം.

28. കുളിച്ചെമ്പ്ര വാർഡില് ഒരു വായനശാല നിർമ്മിക്കണം.

29. രാജീവൻറോഡ് ടാറിംഗ് ചെയ്ത് ഗതാഗതയോഗ്യമാക്കണം.

30. കുളിച്ചെമ്പ്ര റോഡിൻറെ ഇരുസൈഡും കോൺക്രീറ്റ് ചെയ്ത് യാത്രാബുദ്ധിമുട്ട് ഒഴിവാക്കി തരണം.

31. നാഥാപുരം - ശങ്കരനമ്പ്യാര് റോഡ് ടാറിംഗ് അനുവദിക്കണം.

32. അംഗൻവാടി ഡ്രൈനേജ് സംവിധാനം ഉറപ്പുവരുത്തണം.

33. അംഗൻവാടി അറ്റകുറ്റപണി നടത്തുക.

34. പന്നി, പട്ടിശല്യ വളരെയധികമാണ്. എന്തെങ്കിലും നടപടി സ്വീകരിക്കണം.

## വാർഡ് 14

1. കല്ലങ്കോട് - വികാസ് നഗര് റോഡിൻറെ ശോചനീയാവസ്ഥ പരിഹരിക്കുക. ടാറിംഗ് നടത്തി ഗതാഗത യോഗ്യമാക്കുക.

2. പെരുന്തടിക്കാട് ക്ഷേത്രം റോഡ് - ടാര് ചെയ്ത് ഗതാഗതയോഗ്യമാക്കുക.

3. ഇല്ലത്ത്മൂല 75 മുറിക്ക് റോഡ് ബാക്കി ഭാഗം ടാര് ചെയ്യണം.

4. കുടിവെള്ള ക്ഷാമം പരിഹരിക്കണമെന്ന് വാർഡ് സഭ ഒന്നടങ്കം ആവശ്യപ്പെട്ടു.

5. ഐതപൊയിൽപൂങ്ങോട്ട്പാറ റോഡില് കനത്ത മഴയില് തകർന്ന താൽക്കാലിക കൾവർട്ട് മാടി സ്ഥിരമായ കൾവർട്ട് അനുവദിക്കുക.

6. പോതിയോടം മഠത്താംപാറ കോളനി റോഡ് യാഥാർത്ഥ്യമാക്കാന് ഇടയില് വരുന്ന തോടിന് ഒരു കൾവർട്ട് അനുവദിക്കുക.

7. നിലവിലുള്ള ആരോഗ്യകേന്ദ്രത്തിൽ ഒരു ഡോകടറെ നിയമിച്ച് വെൽനെസ്സ് സെൻററായി ഉയർത്തുക.

## വാർഡ് 15

- പാറേങ്ങാട് പറപ്പാടി റോഡ് കോൺക്രീറ്റ് ചെയ്യുക
- പാറേങ്ങാട് റോഡിൽ കൾവർട്ട് സ്ഥാപിക്കുക (സുരേഷ് മാസ്റ്ററുടെ വീടിന് സമീപം)
- മീത്തലെ പുന്നാട് അത്താഴപ്പുരം റോഡ് റീടാറിംഗ്
- മീത്തലെ പുന്നാട് അത്താഴപ്പുറം റോഡിൽ കോൺക്രീറ്റ് ചെയ്യാൻ ബാക്കിയുള്ള സ്ഥലത്ത് ആയതിനുള്ള ഫണ്ട് അനുവദിക്കുക
- സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക
- ഹെൽത്ത് സെന്ററിൽ മാസത്തിൽ ഒരു തവണയെങ്കിലും ഡോക്ടറുടെ സേവനം ഉറപ്പ് വരുത്തുക
- ഹരിത കർമ്മ സേനയ്ക്ക് യൂസർഫീ നൽകുന്നതിൽ നിന്നും അംഗൻവാടികളെ ഒഴിവാക്കുക
- ഫാഷൻ ടൈലറിംഗ് പരിശീലനം
- പാറേങ്ങാട് അംഗൻവാടിയിൽ ഉള്ള ടാങ്കിൽ മാസത്തിൽ രണ്ട് തവണയെങ്കിലും വെള്ളം നിറയ്ക്കുക
- നൂൽ നൂൽപ്പ് യൂണിറ്റ് സ്ഥാപിക്കുക
- കിണറിന് ആൾമറ സ്ഥാപിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുക

- താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കുകയും കിടത്തി ചികിത്സയും
- വീടിന് ഫണ്ട് വയ്ക്കുക
- ഒളിക്കുണ്ടിലെ വെള്ളം ടാപ്പ് തുറന്ന് നശിപ്പിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുക
- നല്യാച്ചേരി തോടിന് കൾവർട്ട് സ്ഥാപിക്കുക

## വാർഡ് 16

1. കല്ലങ്ങോട് - കന്യാറാവ് റോഡ്, ആനപ്പാറ - എം.ജി. കോളേജ് റോഡ്, ശാസ്തപ്പൻ കാവ് - ചെമ്പോറ റോഡ്, അങ്കണവാടി - വാട്ടര് ടാങ്ക് റോഡ്, ചെമ്പോറ റോഡ് , ആനപ്പാറ - കന്യാറാവ് റോഡ്, കാർ ഷെഡ് - എം.ജി. കോളേജ് റോഡ്, പുറപ്പാറ - എം.ജി. കോളേജ് റോഡ്, കീഴൂർ കുന്ന് വക്കീൽ റോഡ്, മൈതാനി നടപ്പാത എന്നീ റോഡുകൾ കോൺക്രീറ്റോ ടാറിങ്ങോ ചെയ്ത് ഗതാഗത യോഗ്യമാക്കുക
2. പുന്നാട് പുറപ്പാറ ലക്ഷം വീട് കോളനിയുടെ പുനരുദ്ധാരണ പ്രവർത്തനം നടത്തുകയും കോളനിക്ക് ചുറ്റമതിലും സ്ഥാപിക്കുക
3. പുന്നാട് പുറപ്പാറ ലക്ഷംവീട് കോളനി ഗുണഭോക്താക്കളില് പട്ടയം ലഭിക്കാത്തവർക്ക് പട്ടയം നൽകാനും അവരുടെ സ്ഥലം അളന്നു തിട്ടപ്പെടുത്തുകയും ചെയ്യുക
4. പുറപ്പാറ വാർഡിലെ പുറപ്പാറ, ചോലക്കണ്ടി, ചെമ്പോറ താവിലാക്കുറ്റി, ആനപ്പാറ, കല്ലങ്ങോട്, കന്യാറാവ്, ലക്ഷം വീട്, കീഴൂർ കുന്ന് മേഖലയിലേക്ക് കുടിവെള്ള പദ്ധതി നടപ്പിലാക്കുക.
5. തെരുവുനായ പ്രശ്നം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുക
6. പുറപ്പാറ വാർഡിലെ മുഴുവന് പ്രധാന റോഡുകളിലും വഴിയോര പ്രദേശങ്ങളിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുകയും ആവശ്യമായ കേന്ദ്രങ്ങളില് സ്ട്രീറ്റ് ലൈനും പ്രധാന കേന്ദ്രങ്ങളില് ഹൈമാസ് ലൈറ്റും അനുവദിക്കുക.
7. വാർഡിലെ അർഹതപ്പെട്ടവർക്ക് എല്ലാവർക്കും പാർപ്പിട സൗകര്യം നടപ്പിലാക്കുകയും ജീർണാവസ്ഥയിലുള്ള വീടുകൾക്ക് പുനരുദ്ധാരണത്തിന് ഫണ്ട് അനുവദിക്കുകയും ചെയ്യുക.
8. തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് 100 ദിന തൊഴില് ലഭിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക
9. വാർഡിലെ വിവിധ കേന്ദ്രങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.ആവശ്യമായി ഇടങ്ങളിൽ ട്രാൻസ്ഫോമറും സ്ഥാപിക്കുക
10. പുന്നാട്, മീത്തലെ പുന്നാട്, കീഴൂർകുന്ന് പ്രദേശങ്ങളില് പൊതു ശൗചാലയം സ്ഥാപിക്കുക.
11. വയോജനങ്ങൾക്ക് അത്യാധുനിക സൗകര്യങ്ങളോടെയുള്ള വിശ്രമ കേന്ദ്രം സ്ഥാപിക്കുക
12. പുന്നാട് കേന്ദ്രീകരിച്ച് പി. എസ്.സി കോച്ചിംഗ് സെൻറര്, ട്യൂഷന് കേന്ദ്രവും, ലൈബ്രറിയും പൊതുവായനശാലയും മാവേലി സ്റ്റോറും, നഴ്സിംഗ് ക്ലിനിക് ഹെൽത്ത് സെൻറര്, കമ്പ്യൂട്ടര് സാക്ഷരത ക്ലാസുകൾ ആരംഭിക്കുക.
13. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളെയും മറ്റും ഉപയോഗപ്പെടുത്തി വാർഡില് പച്ചക്കറിയും മറ്റു കൃഷികളെയും പ്രോത്സാഹിപ്പിക്കുക.
14. മാലിന്യ സംസ്കരണ പദ്ധതി വിപുലമായ തോതിൽ നടപ്പിലാക്കുക
15. വാർഡിലെ ജനങ്ങൾക്ക് തൊഴില് ലഭിക്കുന്ന തരത്തിലുള്ള തൊഴില് പദ്ധതി നടപ്പിലാക്കുക
16. വന്യമൃഗ ശല്യം കാരണം കൃഷിയിടങ്ങൾ നശിക്കുന്നു. പരിഹാരം കണ്ടെത്തുക.
17. വാർഡിലെ എല്ലാ റോഡുകൾക്കും ഡ്രെയിനേജ് സ്ഥാപിക്കുക.
18. വാർഡിലെ പുതുതായി നിർമ്മിച്ച റോഡുകള് ആസ്തി രജിസ്റ്റര് ഉൾപ്പെടുത്തി കോൺക്രീറ്റോ ടാറിങ്ങോ ചെയ്യുക

19. വാർഡിലെ വിവിധ മേഖലകളിലെ പൊതു വിഷയങ്ങള് ചർച്ച ചെയ്യുന്നതിന് മേഖലാ സംഗമങ്ങള് നടത്താൻ തീരുമാനിച്ചു

20. വാർഡിലെ ജനങ്ങൾക്ക് പ്രത്യേകിച്ച് കുട്ടികളുടെയും സ്ത്രീകളുടെയും കലാകായിക സാംസ്കാരിക മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിന് വാർഡ് ഫെസ്റ്റ്, വിവിധ മത്സര പരിപാടികളും നടത്താൻ തീരുമാനിച്ചു

21. വാർഡിലെ വിവിധ കേന്ദ്രങ്ങളിലെ റോഡില് ഇരുവശവും പാതയോരങ്ങളിലും വെളിച്ചം എത്തിക്കുന്നതിന് ജനകീയ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ നടപ്പിലാക്കാന് തീരുമാനിച്ചു

22. വാർഡിലെ വിവിധ കേന്ദ്രങ്ങളില് മാലിന്യ സംസ്കരണ കേന്ദ്രം സ്ഥാപിക്കുക

23. കുടിവെള്ളം ലഭ്യമല്ലാത്ത വീട്ടുകളിൽ കിണര് കുഴിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.

24. വയോമിത്രം ക്ലിനിക്കിലും യൂനാനി സെൻററിലും ആവശ്യത്തിനുള്ള മരുന്നുകളും സൗകര്യങ്ങളും ഏർപ്പെടുത്തുക.

25. യുവതി യുവാക്കൾക്ക് കലാകായിക പ്രോത്സാഹനം നടത്തുന്നതിനുള്ള സൗകര്യങ്ങള് ഏർപ്പെടുത്തുക.

26. വാർഡ് കേന്ദ്രീകരിച്ച് കളി സ്ഥലവും നീന്തല് കുളവും കുട്ടികൾക്കായുള്ള പാർക്കുകള് വനിതാ സൊറ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

27. വാർഡിലെ വിവിധ കേന്ദ്രങ്ങളില് പ്ലാസ്റ്റിക് ബോട്ടില് ബൂത്ത് സ്ഥാപിക്കുക.

28. പുറപ്പാറ അംഗനവാടിയ്ക്ക് ചുറ്റമതിൽ പുനസ്ഥാപിക്കുക, ബിൽഡിങ്ങിൻറെ ജീർണാവസ്ഥ പരിഹരിക്കുക അംഗനവാടിയിലേക്കുള്ള നടപ്പാതയ്ക്ക് കൈവരി സ്ഥാപിക്കുക.

29. അംഗനവാടിയിൽ നിന്ന് ലഭിക്കുന്ന പോഷകാഹാരം അർഹതപ്പെട്ട എല്ലാവർക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക

30. വാർഡിലെ പ്രധാന ജണഉ റോഡായ മീത്തലെ പുന്നാടിൻറെ ഇരു വശവും ആവശ്യമായ കേന്ദ്രങ്ങളിൽ ഡ്രൈനേജ് സ്ഥാപിക്കുക

31. കല്ലങ്ങോട് നിന്ന് അത്തിത്തട്ടിലേക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കുക

32. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങള് റീസൈക്കിള് ചെയ്യാനുള്ള യൂണിറ്റ് സ്ഥാപിക്കുക

33. എസ് സി, എസ് ടി പിന്നോക്ക വിഭാഗങ്ങൾക്കുള്ള കൂടുതല് ആനുകൂല്യങ്ങളും ക്ഷേമ പദ്ധതികളും നടപ്പിലാക്കുക

34. പുന്നാട് നിലവിലുള്ള വയോമിത്രം കേന്ദ്രത്തിൽ കൂടുതല് ചികിത്സാ സൗകര്യവും ടെസ്റ്റുകള് നടത്താനുള്ള സൗകര്യങ്ങളും ആവശ്യത്തിനുള്ള മരുന്നുകളും ലഭ്യമാക്കുകയും ചെയ്യുക.

## വാർഡ് 17

1. വയോമിത്രം റോഡ് പൂർത്തീകരിക്കണം എന്ന ചർച്ചയില് അവതരിപ്പിച്ചു.

2. അത്തപുഞ്ച റോഡ് ബാക്കി ഭാഗം കോൺക്രീറ്റ് ചെയ്ത് ഗതാഗതയോഗ്യമാക്കണമെന്ന നിർദ്ദേശം വന്നു.

3. അത്തപുഞ്ച കുന്ന് റോഡ് സ്ട്രീറ്റ് ലൈറ്റ്, പൈപ്പ് ലൈൻ തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെട്ട് ചർച്ച ചെയ്തു.

4. കുഴമ്പിൽ അമ്പലം പൊതുകുളം സംരക്ഷിക്കുന്നമെന്ന നിർദ്ദേശം അവതരിപ്പിച്ചു.

5. ഒറ്റക്ക് താമസിക്കുന്ന ചന്ദ്രികയുടെ വീട് നഗരസഭ തന്നെ മുൻകൈ എടുത്ത് റിപ്പയര് ചെയ്ത് തരണമെന്ന് ആവശ്യപ്പെടുന്നു.

6. പൂവ്വത്തിൽ റോഡ് റിപ്പയര് ചെയ്യണമെന്നും തില്ലങ്കേരി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന ഭാഗം കോൺക്രീറ്റ് ചെയ്യണമെന്നും നിർദ്ദേശിച്ചു.

7. വീടും സ്ഥലവും ഇല്ലാത്ത സരോജനിക്ക് വീടെടുക്കാൻ സ്ഥലവും വീടും അനുവദിക്കണമെന്ന് നിർദ്ദേശിച്ചു.

8. അത്തപുഞ്ചയിൽ നിന്നും പൂമരത്ത് മുട്ടുന്ന 70 മീറ്റര് റോഡ് കോൺക്രീറ്റ് ചെയ്യാന് നിർദ്ദേശിച്ചു.

9. കുന്നിൻ കീഴില് റോഡ് കോൺക്രീറ്റ് ചെയ്യാന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു.

10. റോഡിൽ നിന്നും വെള്ളം വീട്ടിലേക്ക് വരുന്നത് പരിഹരിക്കാന് ഓവുചാല് നിർമ്മിക്കണം എന്ന നിർദ്ദേശം വന്നു.

11. മൃഗസംരക്ഷണ മേഖലയിൽ ഫണ്ട് നല്ലനിലയില് വയ്ക്കാന് നിർദ്ദേശിച്ചു. പുന്നാട് നരയൻവയല് റോഡ് റീടാർ ചെയ്യാന് ഫണ്ട് വയ്ക്കണം.

12. താവിലാക്കുറ്റി നടപ്പാത കോൺക്രീറ്റ് ചെയ്യുക.

13. കുഞ്ഞിപ്പറമ്പത്ത് നിന്നും പോവുന്ന നടവഴി 100 മീറ്ററെങ്കിലും കോൺക്രീറ്റ് ചെയ്യാന് നിർദ്ദേശിച്ചു.

14. പഴകിയ വീട്ടുകൾക്ക് റിപ്പയറിംഗിന് 1 ലക്ഷം രൂപ അനുവദിക്കണം.

15. വാർഡിലെ നടപ്പാത കോൺക്രീറ്റ് ചെയ്യണം. കിടപ്പ് രോഗികൾക്ക് ചികിത്സാ സൗകര്യവും ചർച്ച ചെയ്തു. പ്രധാനപ്പെട്ട റോഡുകളിൽ ബാക്കി ഭാഗം പൂർത്തീകരിക്കുക.

17. ആസ്തിയിൽ ഉൾപ്പെടാത്ത റോഡുകള് ആസ്തിയില് ഉൾപ്പെടുത്തി കോൺഗ്രീറ്റ് ചെയ്യുക.

18. വയോമിത്രം റോഡിൻറെ ബാക്കി ഭാഗം കോൺഗ്രീറ്റ് ചെയ്യുക.

19. അത്തപ്പുഞ്ച പൂമരം റോഡിൻറെ ബാക്കി ഭാഗം കോൺക്രീറ്റ് ചെയ്യുക.

20. കുഞ്ഞിപ്പറമ്പത്ത് റോഡ് കോൺക്രീറ്റ് ചെയ്യുക.

21. കുനിക്കരി കപ്പണപറമ്പ് റോഡ് കോൺക്രീറ്റ് ചെയ്യുക.

22. പുന്നാട് നരയൻവയല് ററോഡ് റീ ടാര് ചെയ്യുന്നതിന് 2024-25 വർഷ പദ്ധതിയില് മുൻഗണന നൽകാന് തീരുമാനിച്ചു.

23. പുന്നാട് പാറാങ്ങാട് റോഡ് റീ ടാർ ചെയ്യുക.

24. നരയൻവയല് റോഡിന് 120 മീറ്റര് നീളത്തില് വീതി കുറഞ്ഞ ഡ്രൈനേജിന് ഫണ്ട് അനുവദിക്കുക.

25. പുന്നാട് നരയൻവയലില് നിന്നും പോകുന്ന ബോർവെല് റോഡ് കോൺക്രീറ്റ് ചെയ്യുക.

## വാർഡ് 18

1. എച്ച്.എസ്.ടി.പി. റോഡിൻറെ ബാക്കി ഭാഗം ടാറിംഗ് ചെയ്യുക.
2. കുലോത്തുംകണ്ടി റോഡിൻറെ ബാക്കി ഭാഗം ടാറിംഗ് ചെയ്യുക.
3. കുന്നുഭാഗം റോഡിൻറെ ബാക്കി ഭാഗം ടാറിംഗ് ചെയ്യുക.
4. കിളിയങ്ങാട് റോഡ് ഡ്രൈനേജ് കെട്ടുക.
5. പുന്നാട് ടൗണിലെ നിലാവിളക്ക് കത്താത്തത് കത്തിക്കാൻ നിർദ്ദേശം.
6. പുതിയതായി കുറച്ചു സ്ഥലത്തുകൂടി വിളക്കുകൾ സ്ഥാപിക്കാന് നിർദ്ദേശിക്കുന്നു.
7. അങ്കണവാടിയിലേക്ക് പോകുന്ന റോഡിൻറെ കുറച്ചുഭാഗം ഉള്ളത് കോൺക്രീറ്റ് ചെയ്യുക.
8. സുരഭി റോഡ് ടാറിംഗ് ചെയ്യുക.

## വാർഡ് 19

1. ഉളിയിൽ - വണ്ടിമാവ് - എളമ്പയില് റോഡ് കോൺഗ്രീറ്റ്.
2. ഉളിയിൽ - വണ്ടിമാവ് - അരിപ്പയില് റോഡ് കോൺഗ്രീറ്റ്
3. ഉളിയിൽ - ആവിലാട് ചാലില് റോഡ് കോൺഗ്രീറ്റ്
4. ഉളിയിൽ - പാറക്കെട്ട് റോഡ് കോൺഗ്രീറ്റ്
5. ഉളിയിൽ - കുന്നിന് കീഴില് ചെറുവയല് അത്തപ്പുഞ്ച റോഡ് കോൺഗ്രീറ്റ്
6. ഉളിയിൽ - കണ്ണോത്ത് റോഡ് കോൺക്രീറ്റ്
7. ഉളിയിൽ - ആവിലാട് ചൂതൊക്കുംപാറ തുമ്പി മൂലക്കുടി റോഡ്

8. ഉളിയിൽ - ദാറുല് ഹിദയ ക്വാർട്ടേഴ്സ് റോഡ്
9. ഉളിയിൽ - കുന്നയില് ആവിലാട് റോഡ്
10. ഉളിയിൽ - ദാറുൽഹിദയ പള്ളി റോഡ്
11. ഉളിയിൽ - ആവിലാട് കെ വി റോഡ്
12. വാർഡിലെ മറ്റ മുഴുവന് റോഡുകളും നവീകരിക്കുക
13. വണ്ടിമാവ് റോഡ് സ്ട്രീറ്റ് ലൈറ്റ്
14. ഉളിയിൽ ടൗണില് ഓട്ടോ പാർക്കിംഗ്
15. ഉളിയിൽ ആവിലാട് റോഡിൻറെ ഇരുവശവും കോൺഗ്രീറ്റ്
16. ഉളിയിൽ ടൗണില് സിഗ്നല് സംവിധാനം
17. ഉളിയിൽ ടൗണ് സൗന്ദര്യവൽക്കരണം
18. ഉളിയില് മാവേലി സ്റ്റോര്
19. ഉളിയിൽ ഗവ യുപി സ്കൂളിന് കളിസ്ഥലം
20. ഉളിയിൽ കേന്ദ്രീകരിച്ച് പ്രാഥമിക ആരോഗ്യ കേന്ദ്രം
21. ഉളിയിൽ ടൗണില് പൊതു ടോയ്ലറ്റ്
22. അംഗൻവാടിക്ക് ചുറ്റമതില്
23. ആവിലാട് ഇളമ്പയിൽ റോഡ് ചാല്
24. എല്ലാ ഡ്രൈയിനേജുകളും മഴയ്ക്ക് മുമ്പേ വൃത്തിയാക്കുക
25 ഫുട്പാത്ത് കോൺക്രീറ്റ്
26. കാർഷിക മേഖലയില് കൂടുതല് അപേക്ഷകരെ ഉൾപ്പെടുത്തുക.
27. റോഡുകൾ കയ്യേറുന്നത് തടയണം

## വാർഡ് 20

1. വാർഡില് 20 ഓളം വീടുകള് നവീകരിക്കാനുണ്ട്. കൂടുതൽ ഫണ്ട് അനുവദിച്ചുകൊണ്ട് വീട് നവീകരണം മറ്റുള്ള എല്ലാവർക്കും അനുവദിക്കണമെന്നാണ് നിർദ്ദേശം.

2. പന്നിശല്യം രൂക്ഷമായത് കാരണം വിളകൾ ഉണ്ടാക്കാന് സാധിക്കാതെ തരിശ് ഭൂമിയായി കിടക്കുകയാണെന്നും അതിന് വേണ്ടുന്ന സംവിധാനം ഒരുക്കണമെന്നും ആവശ്യപ്പെട്ടു.

3. വാഴകൃഷി പച്ചക്കറികൃഷി എന്നിവയ്ക്ക് കൂലി ചെലവ് ഏർപ്പെടുത്തിയത് പോലെ കപ്പകൃഷിക്കും ഏർപ്പെടുത്തുക.

4. മുനിസിപ്പാലിറ്റി മുൻകൈ എടുത്ത് കൊണ്ട് റോഡ് കൈയ്യേറ്റക്കാരെ കണ്ടെത്തി അതിന് വേണ്ട നടപടി സ്വീകരിക്കുക.

5. ഉളിയിൽ സ്കൂളിൻറെ മതിലുകള് പൂർണ്ണമായും മാറ്റി പുതുതായി മതിൽകെട്ടി വെള്ളം തടഞ്ഞു നിർത്താന് നടപടി സ്വീകരിക്കുക.

6. ഉളിയിൽ സ്കൂളിൻറെ ഭാഗം ഉളിയില് പാലം മുതല് വട്ടക്കയം പാലം വരെ തോടുകളില് ഉള്ള മരങ്ങൾ മുറിച്ചുമാറ്റി വെള്ളം വറ്റുന്ന സമയം ജെ.സി.ബി. ഉപയോഗിച്ച് മണ്ണും മരവും മാറ്റിയാൽ വെള്ളപൊക്കം തടയാൻ സാധിക്കും. അതിന് മുൻസിപ്പാലിറ്റി മുൻകൈ എടുക്കുക.

7. കുളം നവീകരിക്കൽ

8. അസ്ഥി രജിസ്റ്ററിൽ ഉൾപ്പെടുത്താത്ത റോഡുകള് ഫുഡ് പാത്തുകള് ആസ്തി രജിസ്റ്ററില് ഉൾപ്പെടുത്തുക.

9. സ്ട്രീറ്റ് ലൈറ്റിൻറെ കാര്യത്തില് നഗരസഭ മുൻകൈ എടുത്തുകൊണ്ട് നന്നാക്കാനുള്ള നടപടി സ്വീകരിക്കുക. കണക്ട് ചെയ്ത പിറ്റേ ദിവസം തന്നെ അത് കത്താതിരിക്കുന്ന അവസ്ഥയാണുള്ളത്. അത് പരിഹരിക്കുക. 20-ാം വാർഡിലെ എൽ.ഇ.ഡി. ലൈറ്റ് ഇപ്പോൾ 4 എണ്ണം കത്താത്തതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അതിന് നടപടി സ്വീകരിക്കുക,

10. നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ലൈറ്റ് നാളിതുവരെ കത്തിയിട്ടില്ല. കൗൺസിലറുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും നടപടി ഇതുവരെ ഉണ്ടായിട്ടില്ല.

11. ഉളിയിൽ കുവേരി വട്ടക്കയം റോഡ് പെട്ടി പൊളിഞ്ഞും 50 മീറ്റര് ബാക്കി ഭാഗം കോൺക്രീറ്റ് ചെയ്യുവാനും ഉണ്ട്. മാത്രമല്ല തോടിൻറെ സൈഡും തൊട്ടടുത്ത കണ്ടത്തിൻറെ സൈഡും കെട്ടിയാല് മാത്രമെ സുരക്ഷ ഉണ്ടാവുകയുള്ളൂ.

12. വ്യക്തികൾക്ക് തേനീച്ച വളർത്തല് കൃഷി അനുവദിക്കണം.

13. വനിതകൾക്ക് സ്വയം തൊഴിലിന് പ്രോത്സാഹിപ്പിക്കണമെന്ന് നിർദ്ദേശിച്ചു.

**റോഡ് ടാറിംഗ് കോൺക്രീറ്റ് മുൻഗണന**

- വട്ടക്കയം പന്തലങ്ങാടി റോഡ് ടാറിഗും സൈഡ് പ്രൊട്ടക്ഷനു
- കല്ലേരിക്കൽ അക്കരച്ചോല റോഡ് ടാറിംഗ്
- പന്തലങ്ങാടി കുന്ന റോഡ് ടാറിംഗ്
- പന്തലങ്ങാടി അക്കരച്ചോല വയൽ ടാറിംഗ്
- ആവിലാട് പന്തലങ്ങാടി റോഡ് ബാക്കിഭാഗം ടാറിംഗ് കൾവർട്ട് നിർമ്മാണവും
- പാച്ചിലാളം(മുസ്തഫ) തോട് റോഡ് ടാറിംഗ്
- പാച്ചിലാളം കല്ലിൽ റോഡ് കോൺക്രീറ്റ്
- പാച്ചിലാളം അക്കരമ്മൽ റോഡ് ടാറിംഗ്
- കോമ്പിൽ റോഡ് കോൺക്രീറ്റ്
- കല്ലേരിക്കൽ പള്ളി റോഡ് കോൺക്രീറ്റ്
- കുവേരി ഉള്ളിലായിൽ റോഡ് കോൺക്രീറ്റ്
- വയലളം മുതൽ കല്ലേരിക്കൽ വരെയുള്ള റോഡിന്റെ ഡ്രയിനേജ് കോൺക്രീറ്റ് ചെയ്ത് സൈഡ് പ്രൊട്ടക്ഷൻ ഉറപ്പുവരുത്തുക
- കുവേരി വയക്കളം കല്ലേരിക്കൽ റോഡ് റീ ടാറിംഗ്
- ആവിലാട് പുതിയ റോഡ് ബാക്കിഭാഗം ടാറിംഗ്

## വാർഡ് 21

1. നരയൻപാറ - കാറാട് ഡ്രൈയ്നേജ് സ്ലാബ്
2. പടിക്കച്ചാൽ ഉളിയില് തോടിൻറെ സൈഡ് കെട്ടി സംരക്ഷണം
3. ഐഡിയൽ റോഡ് റീ ടാറിംഗ്
4. ജലനിധി പൈപ്പ് (അമൃത് കുടിവെള്ള പദ്ധതി) ഉൾപ്പെടുത്തണം.

## വാർഡ് 22

1. സ്ട്രീറ്റ്ലൈറ്റ് ഇല്ലാത്ത ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് അക്കരാര്, കാറാട്, കാളാംതോട് ഉപ്പിലേരി, നടുവനാട് എന്നീ ഭാഗത്തുള്ള പോസ്റ്റിൽ സ്ട്രീറ്റ് ലൈറ്റ്.
2. കുടിവെള്ളം നടുവനാട് ഭാഗത്തുള്ള കദീജ എന്നവർക്ക് കിണര് ഇല്ല കുടിവെള്ളം എത്തിക്കാനുള്ള നടപടി.
3. വാർഡിലെ എല്ലാ റോഡുകളും ആസ്തിയില് ഉൾപ്പെടുത്തണം.
4. കോൺക്രീറ്റ് ടാറിംഗ് ചെയ്യാനുള്ള റോഡുകള് കോൺക്രീറ്റോ, ടാറിംഗോ ചെയ്യുക.
5. കിണറിന് ആൾമറ ഫണ്ട് അനുവദിക്കുക.
6. വീട്ടിൽ കറൻറ് ഇല്ല. വയറിംഗ് ചെയ്യാനുള്ള നടപടി. ഉഷ കരിയിൽ വീട് നടുവനാട്

7. കിണറിനോട്ടു ചേർന്നുള്ള പ്ലാവ് മുറിക്കാനുള്ള നടപടി സ്വീകരിക്കുക. (മറിയു എന്നവരുടെ പ്ലാവ്)
8. ഹരിതസേന പ്ലാസ്റ്റിക് റോഡ് സൈഡിൽ വെക്കുന്നത് ഒഴിവാക്കുക.
9. ചാളകണ്ടി അംഗൻവാടിയില് 30 കുട്ടികളില് അധികം ഉണ്ട്. ക്ലാസ് റൂം സൗകര്യം ഇല്ലാത്തതിനാൽ ക്ലാസ് റൂം വലുതാക്കി കുട്ടികൾക്ക് ഇരിക്കാനുള്ള സൗകര്യം ഉറപ്പ് വരുത്താനുള്ള ഫണ്ട് അനുവദിക്കുക.
10. വീട് റിപ്പയർ ചെയ്യുന്നതിനുള്ള ഫണ്ട് അനുവദിക്കുക.
11. കാളാംതോട് കാറാട് കരിമ്പയിൽ റോഡ് കോൺക്രീറ്റോ ടാറിംഗോ ചെയ്യുക.
12. വാർഡില് വീട് ഇല്ലാത്തവർക്ക് ലൈഫ് പി.എം.എ.വൈ.യിൽ ഉൾപ്പെടുത്തി വീട് കൊടുക്കാനുള്ള നടപടി സ്വീകരിക്കുക.
13. വാർഡിലെ എല്ലാ വീടുകളിലും പൈപ്പ് ലെന് എത്തിക്കാനുള്ള നടപടി സ്വീകരിക്കുക.
14. കൃഷി ഭവൻ കൊക്കണ്ടി റോഡ് കോൺക്രീറ്റ്
15. ടിപ്പു സുൽത്താന് റോഡ് കോൺക്രീറ്റോ ടാറിംഗോ ചെയ്യുക.
16. കാളാംതോട് അണക്കെട്ട് റോഡ് കോൺക്രീറ്റ്
17. കാളാംതോട് വലിയപറമ്പ് റോഡ് കോൺക്രീറ്റ്
18. കാറാട് ആനപ്പാറ റോഡ് കോൺക്രീറ്റ്
19. കരിയിൽ കണ്ടം നട്ടപാറ റോഡ്, കോൺക്രീറ്റ് ചെയ്യുക.
20. കരിയിൽ കണ്ടം പോകറ്റ് റോഡ്
21. കൃഷി ഭവൻ എക്കാലിക്കന്ന് റോഡ് കോൺക്രീറ്റ്
22. കൃഷിഭവൻ പോക്കറ്റ് റോഡ് കോൺക്രീറ്റ്
23. പ്പ. കുരൻമുക്ക് പുതരിക്കാട് റോഡ് കോൺക്രീറ്റ്
24. കാളാംതോട് മോഗേർകാവ് റോഡ് സൈഡ് ഡ്രൈനേജ് ചെയ്യുക.
25. ടിപ്പുസുൽത്താന് പോക്കറ്റ് റോഡ് കോൺക്രീറ്റ് ചെയ്യുക.
26. കാറാട് ചൊയ്യാൻകണ്ടി റോഡ്
27. ചൊയ്യാൻകണ്ടി വയല് റോഡ്
28. നടുവനാട് റേഷൻകട റോഡ് കോൺക്രീറ്റ്
29. ചാളകണ്ടി അംഗൻവാടി നടപാത കോൺക്രീറ്റ്
30. കാളാംതോട് പോക്കറ്റ് റോഡ് കോൺക്രീറ്റ് ചെയ്യുക.
31. വേങ്ങോടം വീട് ക്ഷേത്രം റോഡ് കോൺക്രീറ്റ്
32. നടുവനാട് കാളാംതോട് റോഡ് സൈഡ് ഡ്രൈനേജ് ചെയ്യുക.

## വാർഡ് 23

1. വാർഡില് പൈപ്പ് കണക്ഷൻവഴി കുടിവെള്ളം ലഭ്യമാക്കുക. വാർഡിലെ 15 പഴയറോഡുകള് ആസ്തിയിൽ ഉൾപ്പെടുത്തി റോഡ് കോൺഗ്രീറ്റ് ടാര് ചെയ്യുന്നതിനുള്ള നിർദ്ദേശം വേനൽക്കാലമായാല് കുരൻമുക്ക് എളമ്പ എന്നിവിടങ്ങളില് കുടിവെള്ളം രൂക്ഷമാവുന്ന സ്ഥലങ്ങളിൽ വെള്ളം കൊണ്ടുവരുന്നതിന് പൈപ്പ് വെള്ളം.
2. വീടിന് സ്ഥലം ഇല്ലാത്തവർക്ക് ഭവനനിർമ്മാണത്തിന് പദ്ധതി വെക്കുക.
3. പാച്ചിലാളം റോഡിന് റീ ടാറിംഗിന് കൂടുതല് ഫണ്ട് അനുവദിക്കുക.
4. കുരൻമുക്ക് പെരിയത്തില് റോഡ് റീ ടാറിംഗിന് ഫണ്ട് അനുവദിക്കുക.
5. സ്ട്രീറ്റ് ലൈറ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ സ്ഥാപിക്കുക.
6. കൃഷി സ്ഥലങ്ങളിൽ ആവശ്യത്തിന് വെള്ളം ലഭിക്കുന്നില്ല. തോടിന് ആഴം കൂട്ടി കൃഷിക്കാവശ്യമായ വെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികള് സ്വീകരിക്കുക.
7. സൈഡ് കെട്ടി തോടിനെ സംരക്ഷിക്കുക.
8. നരയൻപാറ ഹൈമക്സ് ലൈറ്റ് സ്ഥാപിക്കുക.

9. പൊട്ടൻപറമ്പ് റോഡ് ബാക്കി ഭാഗം സഞ്ചാരയോഗ്യമാക്കുക. (കോൺഗ്രീറ്റ് ചെയ്യുക.)
10. വീട് റിപ്പയറിംഗിന് കൂടുതൽ ഫണ്ട് അനുവദിക്കുക.
11. കല്ലേരിക്കല് തോടിൻറെ സൈഡ് കെട്ടുക.
12. അടുക്കളതോട്ടം നിർമ്മിക്കുന്നതിന് എല്ലാ പേർക്കും വിത്ത് നൽകുക.
13. വട്ടക്കയം തോടിന് തടയണ നിർമ്മിക്കുക.
14. കുരൻമുക്ക് - സ്രാമ്പിറോഡിന് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
15. നരയൻപാറ റോഡിന് ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടികള് സ്വീകരിക്കുക.
16. കൃഷി സ്ഥലങ്ങളിൽ കാട്ടുമൃഗങ്ങള് വന്ന് കൃഷി നശിപ്പിക്കുന്നതിന് നെറ്റ് കെട്ടി സംരക്ഷിക്കുന്നതിന് സബ്സിഡി അനുവദിക്കുക.
17. വി.പി. റോഡ് കോൺഗ്രീറ്റ്
18. കാരാമ്പേരി - വട്ടക്കയം പാലം വീതികൂട്ടി കോൺഗ്രീറ്റ് ചെയ്യുക.
19. കാരാമ്പേരി ക്ഷേത്രം റോഡ് കോൺഗ്രീറ്റ് ചെയ്യുക.
20. നരയൻപാറ - മുത്തലെക്കരി റോഡ് റീ ടാറിംഗ്
21. സ്രാമ്പി - കുരൻമുക്ക് കാരാമ്പേരി ട്രാൻസ്ഫോർമര് റോഡ് കോൺഗ്രീറ്റ് ചെയ്യുക. (ബാക്കി ഭാഗം)
22. വി.പി. റോഡ് കോൺഗ്രീറ്റ്
23. പൊട്ടൻപറമ്പ് റോഡ് കോൺഗ്രീറ്റ്
24. കാരാമ്പേരി വട്ടക്കയം പാലം വീതി കൂട്ടി ചെയ്യുക.
25. മീത്തലെ വളപ്പിൽ റോഡ് ടാര് ചെയ്യുക.
26. വളപ്പിൽ ട്രാൻസ്ഫോമര് റോഡ് റീ ടാറിംഗ്
27. ട്രാൻസ്ഫോമര് - കാരാമ്പേരി റോഡ് അറ്റകുററപ്പണി
28. ഉളിയിൽ പാലം പാവ്വിലാളം റോഡ് റീടാറിംഗ് ബാക്കി ഭാഗം.
29. യൂണിറ്റി - കാരാമ്പേരി റോഡ് കോൺഗ്രീറ്റ് ചെയ്യുക.
30. നരയൻപാറ സുൽത്താന് റോഡ്
31. പള്ളിക്കയിൻ പാനേരി റോഡ്
32. പള്ളിക്കയിൽ റോഡ്
33. ഗ്രീൻവാലി അംഗനവാടി റോഡ്
34. കാരാമ്പേരി തോണിയൻ റോഡ്
35. കുരൻമുക്ക് പാറാലക്കണ്ടി റോഡ്
36. മൈതാനി വയൽ റോഡ്
37. പാച്ചിലാളം സലഫി റോഡ്
38. പാച്ചിലാളം കെ.പി. മുക്ക് റോഡ്
39. പാച്ചിലാളം ബംഗ്ലാക്കുന്ന് റോഡ്
40. എളമ്പ കണ്ണൈകൈ റോഡ്
41. എളമ്പ അംഗനവാടി ഫുട്ട്പാത് റോഡ്

## വാർഡ് 24

1. കാളാന്തോട് പയമ്പറച്ചാൽ റോഡ് ടാര് ചെയ്ത് ഗതാഗതയോഗ്യമാക്കുക.
2. മണ്ടച്ചേരി ഓട്ടപ്ലാവ് റോഡ് ടാര് ചെയ്ത് ഗതാഗതയോഗ്യമാക്കുക.
3. മണ്ടച്ചേരി, കരിമ്പേരിക്കണ്ടം, തലച്ചങ്ങാട് റോഡ് കുന്ന് കുറച്ച് ടാർ ചെയ്യുക.

ഈ റോഡിൻറെ രണ്ട് ഭാഗവും കോൺഗ്രീറ്റ് ചെയ്തിട്ടുണ്ട്. നടുഭാഗം ഏകദേശം 600 മീറ്റര് കൂടി കോൺഗ്രീറ്റോ ടാറിംങോ നടത്തിയാല് മാത്രമെ റോഡ് പൂർണ്ണമായി ഉപയോഗിക്കാന് പറ്റുകയുള്ളൂ.

4. വിളങ്ങോട്ഞാൽ ക്വാറ റോഡ് ടാർചെയ്ത് ഗതാഗതയോഗ്യമാക്കുക.
5. വിളങ്ങോട്ട്ഞാൽ കാഞ്ഞിരക്കുന്ന് റോഡ് കോൺഗ്രീറ്റ് ചെയ്ത് ഗതാഗതയോഗ്യമാക്കുക.

6. നടുവനാട് ഫ്ളവർ മില്ല് ഇല്ലത്ത് വളപ്പ് റോഡ് ബാക്കി ഭാഗം കോൺഗ്രീറ്റ് ചെയ്ത് ഗതാഗത യോഗ്യമാക്കുക.

7. വേളപ്പൊയിൽ റോഡിന് ഓവുചാല് നിർമ്മിക്കുക.

8. നടുവനാട് - നിരിയാഞ്ഞിരം കോളനി റോഡ് ഏകദേശം 80 മീറ്റര് ദൂരം അടിയന്തിരമായി ടാർചെയ്യുക.

9. കാളന്തോട്, മണ്ടച്ചേരി, പുലയർകണ്ടം റോഡ് ഏകദേശം 70 മീറ്റര് ദൂരം വളരെ മുമ്പ് ടാര് ചെയ്തതിൻറെ ബാക്കി അടിയന്തിരമായി ടാർ ചെയ്യുക.

10. ചേരിക്കൽ വയലില് തൊഴിലുറപ്പില് ഉൾപ്പെടുത്തി നടപ്പാത നിർമ്മിക്കുക.

11. നടുവനാട് - ആമിന വീട് റോഡ് തൊഴിലുറപ്പില് ഉൾപ്പെടുത്തി കോൺഗ്രീറ്റ് ചെയ്യുക.

12. തരിശ് ഭൂമി ഏറ്റെടുത്ത് തൊഴിലുറപ്പിൽ കൃഷി യോഗ്യമാക്കി ചെറുധാന്യങ്ങള് കൃഷി ചെയ്യാനുള്ള സഹായങ്ങൾ നല്കുക.

13. നിടിയാഞ്ഞിരം അംഗനവാടിയുടെ ചോർച്ച തടയാന് മേൽക്കൂര നിർമ്മിക്കുക.

14. വയോജന ക്ലിനിക്കിൽ വരുന്നവർക്ക് വേണ്ടി ഗ്ലൂക്കോ മീറ്റര് വാങ്ങി നൽകുക.

15. നടുവനാട് ഹെൽത്ത് സെൻററിൻറെ അടുത്ത് കിടക്കുന്ന മൺതിട്ട നീക്കം ചെയ്ത് സുരക്ഷ ഉറപ്പാക്കുക.

16. കാളാന്തോട് പുളിയുള്ളകണ്ടി റോഡിൽ നിർമ്മിച്ച ഡ്രൈനേജിൻറെ പണി പൂർത്തിയാക്കുക.

17. വാർഡിലെ 4 പൊതു കിണറുകള് കമ്പി വലയിട്ട് ആൾമറക്ക് പെയിൻറടിച്ച് സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

## വാർഡ് 25

1. ആവട്ടി കളാകുന്ന് റോഡ് തൊഴിലുറപ്പിൽപെടുത്തി കോൺക്രീറ്റ് ചെയ്യുക.

2. ദുർഗ്ഗഭഗവതിക്ഷേത്രം റോഡ് കോൺക്രീറ്റ് ചെയ്യുക.

3. നെല്ല്യാട്ട് കുനിയിൽ റോഡ് സൈഡ് കെട്ടുക.

4. കുറുവന്തേരി അമ്പലം റോഡ് ബാക്കിഭാഗം കൂടി കോൺക്രീറ്റ് ചെയ്യുക.

5. നടുവനാട് വിവേകാനന്ദവയല് മിനി സ്റ്റേഡിയം റോഡ് ആസ്തിയില് ഉൾപ്പെടുത്തി കൽവെട്ട്, സൈഡ് കെട്ടി റോഡ് സംരക്ഷിക്കണമെന്ന് നിർദ്ദേശം വന്നു.

6. കൊട്ടൂർഞ്ഞാല് വയൽറോഡ് ആസ്തിയിൽപ്പെടുത്തി വേണ്ട കാര്യങ്ങള് ചെയ്യുക.

7. ചാലാടൻ കോട്ടം റോഡ് കോണ്ക്രീറ്റ് ചെയ്യുക.

8. കുറുവന്തേരി അമ്പലംകുളം നവീകരണം.

9. വാഴയിൽ വയല് കുളം നവീകരണം.

10. ആവട്ടിവയൽ ഫുട്പാത്ത് നിർമ്മിക്കുക.

11. നടുവനാട് മിനിസ്റ്റേഡിയം നവീകരണം.

12. എല്ലാവർഷവും തൊഴിലുറപ്പ് പണി 100 ദിനം കൊടുക്കുക.

13. പന്നിശല്യം, കുരങ്ങ് ശല്യം കാരണം കൃഷി ചെയ്ത് നശിക്കുന്നു. ഇവ ഒഴിവാക്കാനുള്ള സംവിധാനം ഉണ്ടാവണം.

14. സ്വന്തമായി കൃഷി ചെയ്യാൻ 50 സെൻറ് സ്ഥലമുണ്ട്. ജെ.സി.ബി. ഉപയോഗിച്ച് സ്ഥലം കിളക്കാൻ റവന്യൂ ഡിപ്പാർട്ട്മെൻറ് ആൾക്കാര് അനുവദിക്കുന്നില്ല എന്നും തടസങ്ങള് നീക്കണമെന്നും കരുണാകരന് എന്ന വ്യക്തി ആവശ്യപ്പെട്ടു.

15. ചാണകം ഉണക്കി പൊടിയാക്കുന്ന സംവിധാനം മുനിസിപ്പാലിറ്റിയിൽ തന്നെ ഒരുക്കണം.

16. പ്രായമായവർക്ക് ഷുഗര് ടെസ്റ്റ് ചെയ്യാന് പോവാന് കഴിയാത്ത സാഹചര്യത്തില് ഷുഗർസ്ട്രിപ്പ് അനുവദിച്ച് നൽകണമെന്നും ഗ്ലൂക്കോ മീറ്റര് ആവശ്യമുണ്ടെന്നും ആശാവർക്കര് അഭിപ്രായപ്പെട്ടു.

17. കുടിവെള്ളം പല സ്ഥലങ്ങളിലും പ്രശ്നമായ കാര്യമാണ്. അതിനുള്ള സംവിധാനം ഒരുക്കണം.

18. എസ്.ടി. ക്കാർക്കുള്ള ജങഅഥ ലൈഫ് വീട് വയറിംങ് - ആവശ്യമുണ്ടെന്ന് ബാലന് - നിർദ്ദേശം വെച്ചു.

വാർഡ് 26

താഴെ പറയുന്ന റോഡുകൾ എല്ലാം ആസ്തിയില് ഉള്പ്പെടുത്തി കോൺക്രീറ്റ് ചെയ്തു ഗതാഗത യോഗ്യമാക്കുക.

1. വളോര വട്ടപ്പാറ റോഡ് കോൺക്രീറ്റ് ചെയ്തു ഗതാഗത യോഗ്യമാക്കുക.
2. കൊട്ടൂർഞ്ഞാല് - ലക്ഷം വീട് കോളനി റോഡ്
3. കൊട്ടൂർഞ്ഞാല് - കുണ്ടത്തില് റോഡ്
4. ചാളക്കണ്ടി - മീത്തലെപുരഭാഗം റോഡ്
5. വളോരക്കുന്ന് - കരിയില് ഭാഗം റോഡ്
6. വളോര - വട്ടപ്പാറ റോഡ്
7. വയലാറമ്പ് - കളത്തില് ഭാഗം റോഡ്
8. എളമ്പ - ധനുവത്ത് ഭാഗം റോഡ്
9. വയലാറമ്പ് - കോറോത്ത്മുക്ക് ഭാഗം റോഡ്
10. വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം നേരിടുന്ന വളോര അംഗനവാടിയിലെ പൊതുകിണര് ആഴംകൂട്ടി കുടിവെള്ളക്ഷാമം പരിഹരിക്കുക.
11. വളോര ടൗണിൽ കെ.എസ്.ടി.പി. യുമായി ബന്ധപ്പെട്ട് ബസ് കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കുക.
12. ആൾമറയില്ലാത്ത കിണറുകൾക്ക് ആൾമറ കെട്ടാനുള്ള വ്യക്തഗത ആനുകൂല്യം അനുവദിക്കുക.
13. വയോജനങ്ങൾക്ക് മാനസിക ഉല്ലാസം ഉറപ്പുവരുത്തുന്നതിനായി വയലാറമ്പിലെ വയോജന വിശ്രമ കേന്ദ്രത്തിൽ "സീനിയർ സിറ്റിസൺസ്" പാർക്ക് ആരംഭിക്കുക.
14. വളോര അംഗനവാടി ഡിജിറ്റലൈസേഷനിലൂടെ ഹൈടെക് ആക്കി മാറ്റുക.
15. പന്നിമൂല ഭാഗത്ത് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാത നിർമ്മിക്കുക.
16. വളോര, വയലാറമ്പിലുള്ള അംഗൻവാടി, വയോജന കേന്ദ്രം, ഹോമിയോ ഡിസ്പെൻസറി എന്നിവ പ്രത്യേകം തരംതിരിച്ച് മതിൽകെട്ടി സംരക്ഷിക്കുക. വയോജന കേന്ദ്രത്തിൽ വെണ്ട മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഫണ്ട് അനുവദിക്കുക.
17. കൊട്ടൂർഞ്ഞാല് -ലക്ഷം വീട് കോളനിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി നഗരസഭയുടെ അതീനതയിൽ ഉള്ള കോളനിയിലെ പൊതുകിണര് ആഴം കൂട്ടുകയും പുതിയ ടാങ്ക് സ്ഥാപിച്ച് പൈപ്പ് കണക്ഷൻ വഴി എല്ലാ വീടുകളിലേക്കും വെള്ളം എത്തിക്കുന്നതിന് ഉള്ള പദ്ധതി ആവിഷ്ക്കരിക്കുക.
18. വളോര കേന്ദ്രീകരിച്ച് കർഷകരുടെ സഹായത്തോടെ നേന്ത്രവാഴ ക്ലസ്റ്റര് ആരംഭിക്കുക.

## വാർഡ് 27

1. ചാവശ്ശേരി പ്രൈമറി ഹെൽത്ത് സെൻററില് മുഴുവന് സമയം പ്രവർത്തന സജ്ജമാക്കുക. ഡോക്ടറുടെ സേവനം ലഭ്യമാക്കുക.
2. ചാവശ്ശേരി ടൗണിൽ ഷീ ടോയ്ലറ്റ് സൗകര്യം ഏർപ്പെടുത്തുക.
3. കാട്ടുമൃഗശല്യം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
4. പദ്ധതിരേഖ കരട് പുസ്തകം വാർഡ് സഭയില് പങ്കെടുക്കുന്ന അംഗങ്ങൾക്ക് കൂടി വിതരണം ചെയ്യുക.
5. എലി ശല്യം പരിഹരിക്കുന്നതിനായി വാർഡിലെ മുഴുവന് വീടുകളിലും എലിപ്പെട്ടി വിതരണം ചെയ്യുക.
6. കൃഷിനാശം വരുത്തുന്ന കുരങ്ങുകളെ കൂട് വെച്ച് പിടിച്ച് മറ്റ് സുരക്ഷിത സ്ഥലത്തേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
7. വാർഡിലെ റോഡുകൾക്ക് ഡ്രൈനേജ് സംവിധാനം ഏർപ്പെടുത്തുക.

8. നിലവിൽ ഇരിട്ടി നഗരസഭയുടെ കീഴില് ചാവശ്ശേരിയില് പ്രവർത്തിക്കുന്ന പൊതുജന വായനശാലാ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിനെ പകരം കെട്ടിടം കണ്ടെത്തി ചാവശ്ശേരി ടൗണില് തന്നെ മാറ്റി പ്രവർത്തിപ്പിക്കന്നതിനുള്ള നടപടികള് സ്വീകരിക്കും.

9. സ്ട്രീറ്റ് ലൈറ്റിൻറെ ന്യൂനതകള് പരിഹരിച്ച് ഗുണമേഴയുള്ള ലൈറ്റുകൾ സ്ഥാപിക്കുക.

10. വിധവകളെ സംരക്ഷിക്കുന്നതിൻറെ ഭാഗമായി മുൻസിപ്പാലിറ്റിതലത്തില് ക്ലീനിംഗ് സ്റ്റാഫ്, സ്വീപ്പർ പോലെയുള്ള ജോലികൾ അവർക്ക് നൽകാനുള്ള തരത്തിലുള്ള പദ്ധതികള് ആവിഷ്കരിക്കുക.

11. യുവതീ- യുവാക്കൾക്ക് വേണ്ടി സ്പാ സെൻററ് പോലെയുള്ള സംരംഭങ്ങള് തുടങ്ങുന്നതിന് സബ്സിഡി നൽകുക.

12. ആയുർവേദ ക്ലിനിക്കില് കിടത്തി ചികിത്സ ഏർപ്പെടുത്തുവാനുള്ള നടപടികള് സ്വീകരിക്കുക.

13. ചാവശ്ശേരി സ്റ്റേഡിയത്തിൻറെ ബാക്ക് കവാടം ക്ലോസ്സ് ചെയ്യുക.

14. തൊഴിലുറപ്പ് തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അവരുടെ തൊഴിൽദിനങ്ങള് വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനങ്ങള് കൈകൊള്ളുക.

15. ചാവശ്ശേരി നിലവിൽ ഒരു മൂത്രപ്പുര ഇല്ല. അത് സ്ഥാപിക്കുന്നതോടൊപ്പം തന്നെ അത് സംരക്ഷിക്കുന്നതിനുള്ള ഒരു ജോലിക്കാരെ കൂടി നിയമിക്കും എന്ന് ഉറപ്പ് വരുത്തുക.

16. വളോര ബസ് സ്റ്റോപ്പ് നിർമ്മിക്കുക. ഹോമിയോ ഡിസ്പെൻസറിയിലടക്കം നിരവധി ആളുകള് നിരന്തരം പോവുകയും വരികയും ചെയ്യുന്ന വളോര ഒരു ബസ്വെയനിംഗ് ഷെൽട്ടറ് എത്രയും പെട്ടെന്ന് തന്നെ നിർമ്മിക്കേണ്ടതാണ്.

17. വയലാറമ്പ് ചെറുവയൽ റോഡ് ബാക്കി ഭാഗവും ടാറിംഗ് ചെയ്ത് പൂർത്തിയാക്കുക.

18. കട്ടേങ്കണ്ടം വെമ്പടിച്ചാൽ റോഡ് കോൺക്രീറ്റ് ചെയ്ത് പൂർത്തിയാക്കുക.

19. മണ്ണംപഴശ്ശി ചെറുവയൽ വയലാറമ്പ് റോഡ് ബാക്കി വരുന്ന ഭാഗവും കോൺഗ്രീറ്റ് ചെയ്ത് പൂർത്തിയാക്കുക.

20. കട്ടേങ്കണ്ടം പാറമ്മൽ റോഡ് ബാക്കി ഭാഗം കോൺഗ്രീറ്റ് ചെയ്യുക.

21. കട്ടേങ്കണ്ടം വയലാറമ്പ് റോഡ് ടാറിംഗ് നടത്തുക.

22. ചാവശ്ശേരി - സബ്സ്റ്റേഷന് കുറുങ്കളം റോഡിലെ കോറക്കുന്ന് ഭാഗം സൈഡ് കോൺഗ്രീറ്റ് ചെയ്ത് പൊതുജനങ്ങൾക്ക് നടന്നുപോവാനുള്ള സൗകര്യം ഏർപ്പെടുത്തുക.

23. വളോര - കട്ടേങ്കണ്ടം റോഡ് റീ ടാറിംഗ് ചെയ്യുക.

24. കോറക്കുന്ന് - ചെറുവയല് റോഡ് കോൺഗ്രീറ്റ് ചെയ്യുക.

## വാർഡ് 28

1. സ്ട്രീറ്റ് ലൈറ്റ്, കുടിവെള്ള പദ്ധതി തകരാറുകള് പരിഹരിക്കുക.
2. വീട് റിപ്പെയറിംഗ്
3. ചികിത്സാ സഹായം അനുവദിക്കുക.
4. നെൽകൃഷിക്ക് വേണ്ട കുമ്മായം, വിത്ത്, വളം സമയാസമയങ്ങളിൽ എത്തിക്കുക.
5. ആവട്ടി - ചാവശ്ശേരി റോഡ് നിർമ്മാണം സൈഡ് ഭിത്തി കെട്ടുക.
6. 28-ാം വാർഡിലെ അംഗൻവാടിക്ക് അടിസ്ഥാന സൗകര്യം ഒരുക്കുക.
7. ചാവശ്ശേരി സ്കൂളിന് മുന്നിൽ റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യുക.
8. ലഹരി വിനിയോഗം തടയുന്നതിനുള്ള നടപടി സ്വീകരിക്കുക.
9. ചാവശ്ശേരി സബ്സ്റ്റേഷൻ പരിധിയിലുള്ള ഓവുചാല് നവീകരണം.
10. റോഡ് കയ്യേറി ബിൽഡിംഗ് നിർമ്മിക്കുന്നത് തടയുക.
11. ചാവശ്ശേരി കുറങ്കളം റോഡിൻറെ വീതി വർദ്ധിപ്പിക്കുക.
12. ലൈബ്രറി വൈദ്യുതീകരണം നടത്തുക.
13. മാലിന്യം വലിച്ചെറിയുന്നതിനെതിരെയുള്ള ബോധവൽക്കരണം നടത്തുക.

14. സ്കൂൾ ഗ്രൗണ്ടുകളില് ഐസ്ക്രീം, കോഫി മുതലായ വിൽപ്പന നടത്തുമ്പോള് ഉണ്ടാകുന്ന പ്ലാസ്റ്റിക്കുകള് നിക്ഷേപിക്കുന്നതിന് സംവിധാനം ഒരുക്കുക.

15. ചാവശ്ശേരി സ്കൂൾ മഠപ്പുര റോഡ് ടാറിംഗ് പൂർത്തിയാക്കുക.

## വാർഡ് 29

1. മുണ്ടയാട് പാലത്തിൻറെ കൈവേലി കെട്ടുന്നതിന് ഫണ്ട് വകയിരുത്തുക.
2. മെയ്ൻ റോഡിൻറെയും പോക്കറ്റ് റോഡിൻറെയും സൈഡ് വൃത്തിയാക്കുക.
3. വന്യമൃഗശല്യം ഒഴിവാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുക.
4. നെൽകൃഷി ചെയ്യുന്നതിന് തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളെ ഉപയോഗപെടുത്താനുള്ള പദ്ധതി ആവിഷ്കരിക്കുക.
5. തൊഴിൽ ബേങ്ക് രൂപീകരിക്കുക.
6. കളറോഡ് തോടിൻറെ സൈഡ് കെട്ടി ശുചീകരിക്കുക.
7. വാർഡിൻറെ എല്ലാ ഭാഗങ്ങളിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക. കത്താതെ കിടക്കുന്ന സ്ട്രീറ്റ് ലൈറ്റ് റിപേയർ ചെയ്യുക.
8. നെല്യാട് അമ്പലം റോഡ് ടാർ ചെയ്യുക. സൈഡ് സംരക്ഷണം.
9. പത്തൊൻപതാം മൈല് കണ്ടത്തില് റോഡ് കോൺക്രീറ്റ് ചെയ്യുക.
10. പത്തൊൻപതാം മൈല് ആട്ടവാരി റോഡ് റീ ടാറിംങ് ഡ്രൈനേജ് നിർമ്മാണം.
11. ചാവശ്ശേരി പാറത്തോട് റോഡ് റീ ടാറിംഗ്
12. പത്തൊൻപതാം മൈല് ആശാരി കോട്ടം റോഡ് ടാര് ചെയ്യുക.
13. നെല്യാട് അമ്പലം 2 റോഡ് ടാര് ചെയ്യുക.
14. കാശിമുക്ക് നമ്പർ 2 അംഗൻവാടി ടൈൽസ് ഇടല് മുകളില് മീറ്റിംഗ് ഹാള് നിർമ്മാണം
15. മുണ്ടയോട് തോടിൻറെ പാലത്തിന് കൈവേലി കെട്ടല്
16. സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിന് മുൻസിപ്പാലിറ്റിയില് ഒരാളെ നിയമിക്കുക.
17. പഴയപോസ്റ്റോഫീസിനടുത്തുള്ള പൊതുകിണർ റിപ്പയര് ചെയ്ത് ഉപയോഗപ്രദമാക്കുക.

## വാർഡ് 30

1. ചാവശ്ശേരി ടൗണിൽ പൊതുശൗചാലയം നിർമ്മിക്കാനാവശ്യമായ നടപടികള് സ്വീകരണം. നൂറ് കണക്കിന് ജനങ്ങളും സ്ഥിരമായി കടന്നുപോകുന്ന ടൗൺ. ഒരുപാട് കടകളും വാഹനങ്ങളും ഉള്ള ടൗൺ ശൗചാലയം നിർബന്ധം.
2. മത്സ്യമാർക്കറ്റ് (ചാവശ്ശേരി ടൗണിൽ) നിർമ്മിക്കണം.
3. മാലിന്യം നിക്ഷേപിക്കുന്നതിനുള്ള സൗകര്യം (ടൗണിൽ)
4. തെരുവു വിളക്കുകള് സ്ഥിരമായി പ്രകാശിപ്പിക്കാനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തണം.
5. നഗരസൗന്ദര്യവൽക്കരണത്തിൻറെ ഭാഗമായി ഇരിട്ടി ടൗണില് നടത്തിയിട്ടുള്ള പ്രവർത്തനങ്ങള് ചെറുപട്ടണങ്ങളിൽ (ചാവശ്ശേരി 19-ാം മൈൽ, 21-ാം മൈൽ) നടത്താനാവശ്യമായ ഫണ്ട് വകയിരുത്തണം.
6. ടൗണുകളിൽ ആഴ്ചയില് 3 ദിവസം ക്ലീനിംങ് നടത്തണം. ആവശ്യമായ ശുചീകരണ തൊഴിലാളികളെ നിയമിക്കണം. മാസത്തിൽ ഒരു തവണ വ്യാപാരികളെയും പൊതുജനങ്ങളെയും ഉപയോഗിച്ച് അതാത് ടൗണുകളിൽ ക്ലീനിംഗ് ഡ്രൈവ് നടത്തുക.
7. പൊട്ടിപ്പൊളിഞ്ഞ റോഡുകൾ സമയാസമയങ്ങളില് റീ-ടാറിംഗ് പ്രവൃത്തി നടത്തണം.
8. വണ്ണത്താൻകുന്ന് കുലോത്തമ്പലം റോഡ് കോൺക്രീറ്റ് പ്രവൃത്തി.
9. ചെറുകുന്ന് പൊള്ളംന്തടം റോഡ് ഡ്രൈനേജും കോൺഗ്രീറ്റും.

10. മണ്ണോറ റോഡിൽ എൻ.വി. രവിയുടെ സ്ഥലത്തിൻറെ സൈഡ് ഇടിഞ്ഞ് അപകടാവസ്ഥയിലാണ്, സൈഡ് കെട്ടാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

11. മുഴവൻ വീട്ടുകളിലും കുടിവെള്ള വിതരണം പൈപ്പ് ലൈന് സ്ഥാപിക്കണം.

12. കുലോത്തമ്പലം ക്ഷേത്രങ്ങളും സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ (10 സെൻറ് സ്ഥലത്തില് കൂടുതൽ വിസ്താരമുള്ള കുളം സൈഡ് കെട്ടി സംരക്ഷിച്ചാല് നീന്തല് പരിശീലനത്തിന് അടക്കം ഉപയോഗിക്കാന് പറ്റും.

## വാർഡ് 31

- ഹൈമാസ്റ്റ്ലൈറ്റ് കത്തുന്നില്ല, തെരുവ്വിളക്കുകൾകത്തുന്നില്ല
- തൊഴിലുറപ്പ് പദ്ധതി വാർഡുകളിൽഉണ്ടായിട്ടും പത്തൊമ്പതാം മൈൽടൗണ് ഏരിയയില് പ്രവർത്തിക്കുന്നില്ല
- റോഡ്സൈഡിനുള്ള \S,mX സൗകര്യം ഏർപ്പെടുത്തണംവരി റോഡിനു കൈ ഏരിയയിൽ ടൗൺ . ആവശ്യമുണ്ട്
- ഷോപ്പുകളിൽ പ്ലാസ്റ്റിക് കത്തിക്കുന്നുനോക്കിയിട്ടും ഫോട്ടോ എടുക്കാൻ പല തവണെ കട്ടിട നമ്പർ . .പ്ലേറ്റ് പൊളിഞ്ഞുകിടക്കുന്നു നമ്പർ കെട്ടിട നമ്പര് വ്യക്തതയുള്ളതായിരിക്കണം
- പത്തൊമ്പതാം മൈൽ ബസ്സ്റ്റോപ്പെയിറ്റിംഗ്ഷെൽട്ടർആവശ്യമുണ്ട്
- പഴശ്ശിഡാം റോഡിനു നോ പാർക്കിംഗ്ബോർഡ്വെച്ചിട്ടും വണ്ടികള് പാർക്ക് ചെയ്യുന്നുഅതുപോലെ . ഇതിനാവശ്യമായ നടപടിയു . മാറ്റി വെക്കുകയും ചെയ്യുന്നുബോർഡ്ണ്ടാവണം
- കള റോഡിനു സൈഡിലുള്ള റോഡിന് സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ
- വെളിയമ്പ റോഡിനു ലൈറ്റ് ഇല്ല സോളാർലൈറ്റുകള് സ്ഥാപിക്കണം
- വാഴകൃഷിക്ക് സബ്സിഡി നൽകണം
- വയോജനങ്ങൾക്ക് കട്ടില് അപേക്ഷ വെച്ചിട്ടും തീരുമാനംആയിട്ടില്ല .തൊഴിലുറപ്പ് കിട്ടുന്നില്ല . മാവേലിസ്റ്റോറിൽ വില കൂടുതലാണ് ഇതിനൊക്കെ നടപടിയുണ്ടാവണം .കിട്ടുന്നില്ല ന്പെൻഷ .
- ലക്ഷംവീട് കോളനിയിൽ കോറ ഉണ്ട് അവിടെ വെള്ളം .അവിടെ വേസ്റ്റ് കൊണ്ടുകളയുന്നു . വേസ്റ്റ് .അത് ഉപയോഗ പ്രദമല്ല ഇപ്പോൾ .വെള്ളം കിട്ടാറുണ്ടായിരുന്നു കെട്ടികിടക്കുമ്പോൾ കൊണ്ടിട ുന്നവരെ കണ്ടെത്താനുള്ള വഴികൾ ഒരുക്കണം അതുപോലെ അവർക്കെതിരെ നടപടി സ്വീകരിക്കണം
- ക്രഷറിയിൽ വലിയ പാറ പൊട്ടിക്കുന്നതിനുള്ള കറണ്ട് പൊതു ട്രാൻസ്ഫോർമറില് നിന്നാണ് ഉപയോഗിക്കുന്നത് അതുകൊണ്ട് നടപടിയുണ്ടാവണം .അതിനുള്ള അനുമതിയില്ല .
- തൊഴിലുറപ്പ് സേവനം കിട്ടുന്നില്ല
- ചോലയിലെ റോഡ് മുനിസിപ്പൽ റോഡ്റോഡ് തുടങ്ങിയവയുടെ ചെന്നക്കൽ (എറോഡ്.പി.യു ) ണവുംനിർമ്മാ, അറ്റകുറ്റപണികൾ എന്നിവ നടത്തണം

**റോഡ് നിർദ്ദേശങ്ങൾ**

- ചോലയിൽ ക്രഷർറോഡ് കോൺക്രീറ്റ് ചെയ്യുക
- ഒടിയത്തിൽ റോഡ് ടാറിംഗ് ചെയതതിൻറെ ബാക്കി ടാറിംഗ് ചെയ്യുക
- ചെന്നക്കൽ റോഡ് ടാറിംഗ് ചെയ്തതിൻറെ ബാക്കി ടാര് ചെയ്യുക
- ചെന്നക്കൽ ഓമോത്ത് റോഡ് ടാറിംഗ് ചെയ്യുക
- സാറമ്പി റോഡ് കോൺക്രീറ്റ്ചെയ്യുക

- കോറ റോഡ് ടാറിംഗ് ചെയ്യുക
- പിറ്റ് ചെയ്യുകസി റോഡ് കോൺക്രീ.കെ.

## വാർഡ് 32

1. കാശിമുക്ക് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുക.
2. അംഗൻവാടി തൈവരായി റോഡ് ടാറിംഗ് ചെയ്ത് ഗതാഗതയോഗ്യമാക്കുക.
3. ചാവശ്ശേരി ടൗണിൽ ശൗചാലയം നിർമ്മിക്കുക.
4. സ്ട്രീറ്റ് ലൈറ്റ് ഇല്ലാത്ത പ്രദേശത്ത് ലൈറ്റ് സ്ഥാപിക്കുക.
5. കുടിവെള്ള പ്രശ്നം പരിഹരിക്കുക.
6. തെരുവത്ത് കണിശൻ പറമ്പ് റോഡ് ടാറിംങ് ചെയ്യുക.
7. ചാവശ്ശേരി തെരുവത്ത് പൈപ്പ് ലൈൻ
8. കുരാമ്പ്ര റോഡ് ടാറിംഗ്
9. കുരാമ്പ്ര ഇടച്ചേരി വീട് ടാറിംഗ്
10. കുവലയിൽ റോഡ് കോൺക്രീറ്റ് ചെയ്യുക.
11. മുബാറക് റോഡ് ബാക്കി ഭാഗം പൂർത്തീകരിക്കുക.
12. പൂക്കോടൻ കാശിമുക്ക് റോഡ് ടാറിംങ് ചെയ്യുക.
13. സി.കെ. റോഡ് ടാറിംഗ്
14. കാപ്പി പറമ്പ് റോഡ് ടാറിംങ് ചെയ്യുക.
15. മുബാറക് റോഡ് പൈപ്പ് ലൈൻ
16. കുളത്തുപുറം റോഡ് പൈപ്പ് ലൈൻ

## വാർഡ് 33

1. അള്ളോത്തിൽ റോഡ് ട്രൈനേജ്
2. ചാവശ്ശേരിപറമ്പ് കല്ലുകട്ട്മൂല എസ്.കെ. റോഡ് കോൺഗ്രീറ്റ്
3. ആട്ട്യലം ബാലൻ റോഡ് റീട്ടറിങ്ങ് ഭാഗിഭാഗം കോൺഗ്രീറ്റ്
4. ആട്ട്യലം റോഡ് ട്രൈനേജ് (നമ്പ്യാർ പീടിക)
5. കുളം വൃത്തിയാക്കി ഉപയോഗപ്രദമാക്കുക.
6. സ്ട്രീലൈറ്റ് എല്ലാ പ്രദേശങ്ങളിലും സ്ഥാപിക്കുക.
7. സ്ട്രീലൈറ്റ് റിപ്പെയറിംങ് ചെയ്യുക.
8. പറയനാട് അനന്തോത്ത് റോഡ് കോൺഗ്രീറ്റ്, ചാവശ്ശേരിപറമ്പ് ടൗൺഷിപ്പ് കോളനിയിൽ ടാറിംഗ് ചെയ്യുക.
9. അള്ളോത്തിൽ കുൾബത്ത് റോഡ് കോൺഗ്രീറ്റ്
10. ആസ്തിയിൽപെടാത്ത റോഡ് ആസ്തിയിൽപ്പെടുത്തുക.
11. ആട്ട്യലം, അള്ളോത്തിൽപറമ്പ് പൊറൊമ്മല് റോഡ് കുടിവെള്ളം ക്ഷാമമായ സ്ഥലത്ത് പൈപ്പ് ലൈൻ വലിക്കുക.
12. പറയനാട് അങ്കണവാടി കെട്ടിടം
13. ആട്ട്യലം അങ്കണവാടി ചുറ്റമതിൽ
14. നഗരസഭകളിലെ വായനശാലകൾക്ക് പ്രത്യേകമായി നഗരസഭ ഫണ്ടുകള് അനുവദിക്കണം.
15. സർക്കാര് സ്കൂളുകൾക്ക് പുതിയ നിർമാണം നടത്താന് അല്ലാതെ നിലവിലുള്ള കെട്ടിടം പുനരുദ്ധാരണം ചെയ്യാനായി വർഷാവർഷം ഫണ്ട് അനുവദിക്കുക.
16. വർഷാവർഷങ്ങളില് സ്കൂളുകൾക്ക് പുതിയ കമ്പ്യൂട്ടറുകള് ആവശ്യമാണ്.
17. ആദിവാസി കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനായി ഗോത്രസാരഥിപോലുള്ള പദ്ധതി

തയ്യാറാക്കുക.

18. നഗരസഭയിലെ കോളനികളിലെ മുഴുവൻ വീടുകളും പ്ലാസ്റ്ററിംഗ് നഗരസഭയുടെ നേതൃത്വത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടര് ചെയ്ത് നിർമ്മാണം പൂർത്തിയാക്കുന്നദിനാവശ്യമായ ഇടപെടലുകള് ആവശ്യമാണ്.

19. നഗരസഭ നടത്തുന്ന പദ്ധതികൾ (കോഴി നൽകല്, വാഴ) അങ്ങനെയുള്ളവ ഏജൻസിയെ ഏൽപിക്കുന്നതിന് പകരം നഗരസഭ തന്നെ നേരിട്ട് വാങ്ങി നൽകുന്ന രീതിയിൽ ഏജൻസിമാര് നടത്തുന്ന അഴിമതികള് ഒഴിവാക്കാന് ശ്രദ്ധിക്കുക.

20. ചാവശ്ശേരി - കൊട്ടാരം റോഡിൻറെ പണി പൂർണമായും നടത്തുക എം.എൽ.എ. വകയിരുത്തിയതിൻറെ ബാക്കി തുക നഗരസഭ വകയിരുത്തുക.

21. ആട്ട്യാലം കുളം ശുചീകരിക്കുക.

22. നഗരസഭ മുൻപ് കുഴിച്ച് പാതിവഴിയിലായ എല്ലാ കിണറുകളും നിർമ്മാണം പൂർത്തിയാക്കി ഉപയോഗപ്രദമാക്കുന്നതിനാവശ്യമായ ഫണ്ട് വയ്ക്കുക.

23. ആട്ട്യാലം അംഗൻവാടി ഇൻറർലോക്ക് ചെയ്യുക.

24. അംഗൻവാടിയിലേക്കുള്ള റോഡ് കോൺക്രീറ്റ് ചെയ്യുക.

25. പച്ചക്കറി ഗ്രോബാഗ് വിതരണം ചെയ്യുക.

26. അംഗനവാടിക്ക് വൈഫൈ നൽകുക.

27. കൗമാര കുട്ടികൾക്ക് പോഷകാഹാരം നൽകുക.

28. തെങ്ങിൻതൈകള് വിതരണം ചെയ്യുക.

# പ്രത്യേക വാർഡ്സഭ നിർദ്ദേശങ്ങൾ

## ഭിന്നശേഷി വാർഡ് സഭ

- ഭിന്നശേഷി വിദ്യർത്ഥികൾകൾക്ക് സ്കോളർഷിപ്പ്
- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകളിൽ പരിശീലനം
- നഗരസഭയിൽ സ്പീച്ച് തെറാപ്പിഫിസിയോ തെറാപ്പി സൌകര്യങ്ങൾ ഒരുക്കൽ ,
- ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ സ്ഥാപിക്കൽ
- ഭിന്നശേഷി കുട്ടികളുടെ മാതാപിതാക്കൾക്ക് സ്വയം തൊഴിൽ പരിശീലനംസംരഭങ്ങൾ ,
- ഭിന്നശേഷി വിദ്യാർത്ഥികൾക്ക് കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിന് അവസരങ്ങൾ

## വയോജന വാർഡ് സഭ

- ഒറ്റപ്പെട്ട് താമസിക്കുന്ന വയോജനങ്ങളുടെ സുരക്ഷയ്ക്കായി പോലീസിന്റെ സഹായത്തോടെ കോളിംഗ് ബെൽ പദ്ധതി
- വയോജനങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾഹെൽപ്പ് ലൈൻ നമ്പറുകൾ എന്നിവ ഉൾപ്പെടുത്തി , ഒരു ഹാൻഡ് ബുക്ക് തയ്യാറാക്കുകയും വയോജന വിശ്രമ കേന്ദ്രങ്ങളിലും വയോമിത്രം സെന്ററുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്യൽ
- വയോജന മന്ദിരങ്ങൾ/പകൽവീട് സ്ഥാപിച്ച് ഒരു കെയർ ഗിവറുടെ സഹായവും ഭക്ഷവും ഉൾപ്പെടെ സജ്ജീകരിക്കൽ
- വയോജനങ്ങൾക്ക് നേത്ര പരിശോധനക്യാമ്പും കണ്ണട വിതരണവും

# ഊരുകൂട്ടം നിർദ്ദേശങ്ങൾ

## നടുവനാട് കരിമ്പാല കോളനി

- പെണ്ണാട് വിതരണം
- യുവതി യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം
- വിദ്യാർത്ഥികൾക്ക് പഠനോപകരണം
- ഗാർഹിക പൈപ്പ് ലൈൻ കണക്ഷൻ
- കോളനികളിലെ സ്ട്രീറ്റ് ലൈറ്റ് പുനസ്ഥാപിക്കുക

## ചെക്കിക്കുന്ന് കോളനി

- കോളനിയിലെ പൊതു കിണറിലേക്ക് വൈദ്യുതി കണക്ഷൻ നൽകി ഗാർഹിക പൈപ്പ് ലൈൻ നൽകുക
- പൊതുകിണറിന് നെറ്റ് സ്ഥാപിക്കുക
- കാർഷിക പണിയായുധം നൽകുക
- പെണ്ണാട് വിതരണം, മുട്ടക്കോഴി വിതരണം
- പഠിക്കുന്ന കുട്ടികൾക്ക് സ്റ്റേഷനറി പഠനോപകരണങ്ങൾ വിതരണം
- സ്വയം തൊഴിലിന് കാട് വെട്ട് യന്ത്രം, തെങ്ങ് കയറ്റ യന്ത്രം വിതരണം
- കഠനമുറി, കമ്മ്യൂണിറ്റി ഹാൾ നവീകരണം
- കന്നുകുട്ടി പരിപാലനം
- കോളനിയിലേക്ക് നടപ്പാത നിർമ്മാണം
- ടോയിലറ്റ് അനവദിക്കുക
- പുതിയ വീട് അനുവദിക്കുക
- യുവതി യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം
- സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക

## കുളിപ്പാറ കോളനി

- കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ അനുവദിക്കുക
- പൊതു ടോയിലറ്റ് അനുവദിക്കുക
- ഹൈമാസ്റ്റ് ലൈറ്റ് അനുവദിക്കുക
- ഭവന നവീകരണം
- കാട് വെട്ട് യന്ത്രം
- കാർഷിക പണിയായുധങ്ങൾ
- പുതിയ വീട് അനുവദിക്കുക

- യുവതീ യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം
- വൈദ്യുതി കണക്ഷൻ പുനസ്ഥാപിക്കുക
- തെങ്ങ് കയറ്റ യന്ത്രം അനുവദിക്കുക

## മുഖപ്പറമ്പ് കരിമ്പാല കോളനി

- കോളനിയിൽ പൊതുടാപ്പ് അനുവദിക്കുക
- സ്വയം തൊഴിലിന് കാട് വെട്ട് യന്ത്രം, തെങ്ങ് കയറ്റ യന്ത്രം വിതരണം
- യുവതീ യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം
- ഗാർഹിക പൈപ്പ് ലൈൻ നൽകുക
- കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ അനുവദിക്കുക
- കിണർ ആൾമറ കെട്ടൽ,ആഴം കൂട്ടൽ, പുനർനിർമ്മാണം
- കാർഷിക പണിയായുധങ്ങൾ
- പെണ്ണാട്, പോത്തുകുട്ടി, കറവ പശു എന്നിവ അനുവദിക്കുക

## അത്തിത്തട്ട് കോളനി

- കോളനിയിലേക്കുള്ള റോഡ് ടാറിംഗ് നടത്തുക
- കാർഷിക പണിയായുധങ്ങൾ
- യുവതീ യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം
- കുട്ടികൾക്ക് പഠനോപകരണങ്ങൾ
- പെണ്ണാട് വിതരണം
- ഗാർഹിക പൈപ്പ് ലൈൻ നൽകുക
- സ്ട്രീറ്റ് ലൈൻ അനുവദിക്കുക
- കോളനിയിലെ കല്ല് വെട്ടിയ കുഴികൾ നികത്തി കൃഷിയോഗ്യമാക്കുക

## പാടത്തുംപാറ കോളനി

- യുവാക്കൾക്ക് പണിയായുധം നൽകുക
- പൊതു കിണർ വൃത്തിയാക്കി പൈപ്പ് ലൈൻ സ്ഥാപിക്കുക
- കോളനിയിലേക്കുള്ള റേഡ് ടാർ ചെയ്യുക
- വൈദ്യുതീകരിക്കാത്ത വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുക
- വയറിംഗ് ചെയ്യുക
- ടോയിലറ്റ് അനുവദിക്കുക
- കോളനിയിലെ കേടായ സ്ട്രീറ്റ് ലൈറ്റ് നന്നാക്കുക
- യുവതീ യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം
- പെണ്ണാട് വിതരണം

## അത്തി കോളനി

- വയോജനങ്ങൾക്ക് കട്ടിൽ
- പെണ്ണാട് വിതരണം
- പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്
- പഠിക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ
- യുവതീ യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം
- കാർഷിക പണിയായുധങ്ങൾ

## മഠംപറമ്പ് കോളനി

- വീട് വാസയോഗ്യമാക്കൽ
- മിശ്രവിവാഹിതർക്ക് ധനസഹായം
- യുവതീ യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം
- പണിയായുധങ്ങൾ നൽകുക
- പഠിക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ
- ഗാർഹിക പൈപ്പ് ലൈൻ നൽകുക
- പുതിയവീട് അനുവദിക്കുക
- നിലവിലെ പൊതു കിണർ ആഴംകൂട്ടുക
- കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ അനുവദിക്കുക
- കാട് വെട്ട് യന്ത്രം സ്വയം തൊഴിലിനായി അനുവദിക്കുക

## ആക്കപ്പറമ്പ്കോളനി

- കോളനിയിലെപൊതുകിണർആഴംകൂട്ടുവാനുംടാങ്ക്സ്ഥാപിച്ച്ഓരോവീട്ടിലേക്കുംപൈപ്പ്കണക്ഷൻനൽകുക
- കോളനിയിലെപൊതുശ്മശാനത്തിന്ചുറ്റുമതിൽനിർമ്മിക്കുക
- യുവാക്കൾക്ക്ഡ്രൈവിംഗ്പരിശീലനംനൽകുക
- കാർഷികഉപകരണങ്ങൾനൽകുക) മൺവെട്ടി ,പിക്കാസ് ,മഴു(
- കാടുവെട്ട്യന്ത്രംനൽകുക
- തെങ്ങ്കയറ്റയന്ത്രംഅനുവദിക്കുക
- കോളനിയിലേക്ക്പെണ്ണാട് ,കോഴിഎന്നിവവിതരണംചെയ്യുക
- കോളനിയിൽസ്ട്രീറ്റ്ലൈറ്റ്സ്ഥാപിക്കുക
- പഠിക്കുന്നകുട്ടികൾക്ക്പഠനോപകരണങ്ങൾനൽകുക
- പഠനമുറിഅനുവദിക്കുക
- കോളനിയിലേക്ക്കമ്മ്യൂണിറ്റിഹാൾഅനുവദിക്കുക

## കുന്നുമ്മൽ കോളനി പടിഞ്ഞാറ്റക്കര കോളനി

- കോളനിയിലെ ഭവന നവീകരണ ആവശ്യങ്ങൾക്ക്ഫണ്ട്അനുവദിക്കുക
- കോളനിയിലെ കാർഷിക മേഖലയിൽ പണിചെയ്യുന്നവർക്ക്കാർഷിക ഉപകരമംനൽകുക )മൺവെട്ടി ,പിക്കാസ് ,മഴു ,കോടാലി ,വാക്കത്തി ,തുടങ്ങിയ
- യുവതി യുവാക്കൾക്ക്ഡ്രൈവിംഗ്പരിശീലനം നൽകുക

## ടൌൺഷിപ്പ് കോളനി

1. കോൺഗ്രീറ്റ് ചെയ്യാത്ത റോഡ്കോൺഗ്രീറ്റ് ചെയ്യുക
2. നിലവിലുള്ള സ്ട്രീറ്റ് ലൈറ്റ് പുനസ്ഥാപിക്കലും പുതിയസ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും നടപ്പിലാക്കുക
3. വയോജനങ്ങൾക്ക് കട്ടിൽ വിതരണം നടത്തുക
4. വയറിങ്ങ് ചെയ്തവീടുകൾക്ക് കാലപഴക്കംഎത്തിയതിനാൽ വയറിംഗ് പുനസ്ഥാപിക്കുക
5. യുവതി–യുവാക്കൾക്ക് ഡ്രൈവിംഗ്പരിശീലനം

## മഞ്ഞാംപാറ കോളനി

- കോളനിയിലെ ഭൂരഹിതർക്ക് നഗരസഭ പരിധിയിൽ വീടും സ്ഥലവും
- കോളനിയിൽ സ്ട്രീറ്റ് ലൈറ്റ്
- പൊതുകിണറിന് മോട്ടോറും പമ്പും
- ഭവന നവീകരണം
- യുവതി–യുവാക്കൾക്ക് ഡ്രൈവിംഗ്പരിശീലനം
- കോളനിയിലേക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കുക
- കാർഷിക മേഖലയിൽ പണിയെടുക്കുന്നവർക്ക് തൊഴിൽ ഉപകരണങ്ങൾ
- കാട്ടുവെട്ട് യന്ത്രം, തെങ്ങ് കയറ്റ യന്ത്രം എന്നിവ അനുവദിക്കുക

## അദ്ധ്യായം 7

# പ്രത്യേക പദ്ധതികൾ, പരിപാടികൾ

| പ്രൊജക്ട് നം | പദ്ധതിയുടെ പേര് | നിർവഹണ ഉദ്യോഗസ്ഥൻ | | അടങ്കൽ തുക |
|---|---|---|---|---|
| 3 | വയോമിത്രം പദ്ധതിക്ക് നഗരസഭ വിഹിതം നൽകൽ | SEC (MTY) | RAGESH PALERIVEETTIL | 1000000 |

| | | | | |
|---|---|---|---|---|
| 15 | കമ്മ്യൂണിറ്റി വിമന് ഫെസിലിറ്റേറ്റർക്ക് ഹോണറേറിയം | Sup. (ICDS) | Jismi Augustine | 206750 |
| 16 | ജാഗ്രത സമിതി പ്രവർത്തനങ്ങൾ | Sup. (ICDS) | Jismi Augustine | 200000 |
| 17 | വയോജന സംഗമം അനുബന്ധ പ്രവർത്തനങ്ങൾ | Sup. (ICDS) | Jismi Augustine | 75000 |
| 18 | ഭിന്നശേഷി സംഗമം | Sup. (ICDS) | Jismi Augustine | 75000 |
| 20 | അംഗൻവാടി കലോല്സവം | Sup. (ICDS) | Jismi Augustine | 15000 |
| 46 | കോക്ളിയാർ ഇംപ്ളാൻ്റ് റിപ്പയറിന് ധനസഹായം | Sup. (ICDS) | Jismi Augustine | 100000 |
| 54 | പട്ടികജാതി വിഭാഗക്കാർക്ക് കാട് വയക്ക് മെഷീൻ വിതരണം | PO(UPAC) | Namitha Narayanan C M | 100000 |
| 60 | വീടുകളുടെ അറ്റകുറ്റപ്പണി പട്ടികജാതി - | PO(UPAC) | Namitha Narayanan C M | 1500000 |
| 61 | എസ്സ് ടി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം | P(GHSS) | Sunil Kariyatan | 200000 |
| 64 | എസ് സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം | P(GHSS) | Sunil Kariyatan | 104000 |
| 69 | പഠനമുറി നിർമ്മാണത്തിന് ധനസഹായം എസ് ടി - | PO(UPAC) | Namitha Narayanan C M | 800000 |
| 72 | എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | P(GHSS) | Sunil Kariyatan | 150000 |
| 73 | എസ്സ് ടി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | P(GHSS) | Sunil Kariyatan | 200000 |
| 74 | എസ്സ് ടി വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം | P(GHSS) | Sunil Kariyatan | 100000 |
| 75 | എസ്സ് എസ്സ് എൽ സി +2 വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തൽ | P(GHSS) | Sunil Kariyatan | 150000 |
| 82 | ബാലസഭ പ്രവർത്തനങ്ങള് | PO(UPAC) | Namitha Narayanan C M | 50000 |
| 83 | പട്ടികജാതി യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി | PO(UPAC) | Namitha Narayanan C M | 300000 |
| 100 | വനിതകൾക്ക് ഗർഭാശയ രോഗ നിർണയ ക്യാന്പ് | MO (TH) | Dr Rajesh M | 200000 |
| 103 | എസ് പി സി പദ്ധതിക്ക് നഗരസഭ വിഹിതം | P(GHSS) | Sunil Kariyatan | 40000 |
| 109 | വീട് റിപ്പയർ പട്ടിക വർഗ്ഗം | PO(UPAC) | Namitha Narayanan C M | 600000 |

| | | | | |
|---|---|---|---|---|
| 112 | വിദ്യാർത്ഥികൾക്ക് കായിക പരിശീലനം | P(GHSS) | Sunil Kariyatan | 500000 |
| 117 | പട്ടിക വർഗ്ഗ യുവാക്കൾക്ക് തെങ്ങ് കയറ്റ യന്ത്രം വിതരണം ചെയ്യൽ | PO(UPAC) | Namitha Narayanan C M | 200000 |
| 126 | വിവാഹ ധനസഹായം പട്ടിക വർഗ്ഗം - | PO(UPAC) | Namitha Narayanan C M | 400000 |
| 133 | ജനകീയ ഹോട്ടലിന് അനുബന്ധ പ്രവർത്തനങ്ങള് | PO(UPAC) | Namitha Narayanan C M | 200000 |
| 137 | വനിതകൾക്ക് കലാകായിക മേള സംഘടിപ്പിക്കല് | PO(UPAC) | Namitha Narayanan C M | 500000 |
| 138 | ജെൻഡർ പ്രവര്ത്തനങ്ങൾ | PO(UPAC) | Namitha Narayanan C M | 500000 |
| 139 | പട്ടിക വർഗ്ഗ യുവതികൾക്ക് ഡ്രൈവിംഗ് പരിശീലനം | PO(UPAC) | Namitha Narayanan C M | 300000 |
| 148 | ചെക്കിക്കുന്നു കോളനിയിലേക്ക് നടപ്പാത നിർമ്മാണം | ME | Ebinu Mashood | 400000 |
| 149 | അത്തിത്തട്ടു കോളനിയിലേക്ക് നടപ്പാത നിർമ്മാണം | ME | Ebinu Mashood | 300000 |
| 170 | ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാംപ് | Sup. (ICDS) | Jismi Augustine | 500000 |
| 180 | വനിതകൾക്ക് സ്വയം തൊഴിലിന് ഓട്ടോറിക്ഷ വാങ്ങൽ | PO(UPAC) | Namitha Narayanan C M | 300000 |
| 186 | നൃത്ത വിദ്യാലയവും കോസ്റ്റ്യൂം സെൻററും സ്ഥാപിക്കൽ | PO(UPAC) | Namitha Narayanan C M | 300000 |
| 190 | കുടുംബശ്രീ മൊബൈൽ മാർക്കറ്റിംഗ് യൂണിറ്റ് സ്ഥാപിക്കൽ | PO(UPAC) | Namitha Narayanan C M | 300000 |
| 191 | വനിതകൾക്ക് തൊഴില് മേളയും തൊഴില് ബാങ്ക് രൂപീകരണവും | PO(UPAC) | Namitha Narayanan C M | 300000 |
| 192 | വനിതകൾക്ക് കരാട്ടെ പരിശീലനം | PO(UPAC) | Namitha Narayanan C M | 200000 |
| 195 | വനിതകൾക്ക് സ്റ്റീം ഫുഡ് യൂണിറ്റ് | PO(UPAC) | Namitha Narayanan C M | 300000 |
| 196 | വനിതകൾക്ക് പ്രീ മാര്യേജ് കൌൺസിലിംഗ് സെൻററ് | PO(UPAC) | Namitha Narayanan C M | 200000 |
| 209 | കിടപ്പ് രോഗികളായ വയോജനങ്ങൾക്ക് പോഷകാഹാര വിതരണം | Sup. (ICDS) | Jismi Augustine | 500000 |

## അധ്യായം 8

# വായ്പാ ബന്ധങ്ങൾ

ഇരിട്ടി നഗരസഭയിൽ പുതിയ സർവ്വേ പ്രകാരം 3189 ബി പി എഷ കുടുബങ്ങളാണുള്ലത്. അവരിൽ ഭവന രഹിതരായ ഭുരിഭീഗം പേർക്കും പ്രധാൻമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരമോ സംസ്ഥാന സർക്കാരിന്റ െഭവന നിർമ്മാണ പദ്ധതിയായ ലൈഫ് മിഷൻ മുഖേനയോ നഗരസഭ പദ്ധതി പ്രകാരമോ ഭവനം യാഥാർത്ഥ്യമായിട്ടുണ്ട്. എന്നിരുന്നാലും

കഴിഞ്ഞ തവണ അപേക്ഷ സ്വീകരിച്ചപ്പോൾ 658 പേർ അപേക്ഷ നൽകിയിട്ടുണ്ട്. മാനദണ്ഡങ്ങൾ അനുസരിച്ച്  അതിൽ 60 പേർക്ക് പി.എം.എ.വൈ –ലൈഫ് ഭവന പദ്ധതി  മുഖേന ഭവനം നൽകിയിട്ടുണ്ട്. എല്ലാവർക്കും ഭവനം എന്ന സർക്കാർ നയം നടപ്പിലാക്കുന്നതിന് ഇരിട്ടി നഗരസഭയും പ്രതിജ്ഞാ ബദ്ധമാണ്. അതുകൊണ്ട് തന്നെ നഗരസഭയ്ക്ക്  ഈ പദ്ധതി നടപ്പിലാക്കണമെങ്കിൽ ലഭ്യമായ ഫണ്ടുകൾ മതിയാവില്ല. ആയതുകൊണ്ട് തന്നെ ഹഡ്കോയിൽ നിന്നുള്ള ലോൺ തുക കൂടി പി.എം.എ.വൈ – ലൈഫ് ഭവന പദ്ധതി പ്രകാരം നൽകുന്നതിന് നഗരസഭ ഉപയോഗപ്പെടുത്തുന്നുണ്ട്. നഗരസഭയുടെ സ്വപ്ന സാക്ഷാത്കാരമായ ഇരിട്ടി പയഞ്ചേരിയിൽ കൺവൻഷൻ സെന്റർ സ്ഥാപിക്കുന്നത് സംവകാര്യ പങ്കാളിത്തമോ കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നുള്ള വായ്പയോ  ഉറപ്പാക്കി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗിക്കുകയാണ്. ഇരിട്ടി നഗരസഭയിൽ ആധുനിക അറവുശാല നിർമ്മിക്കുന്നതിന് സ്ഥലം സൌകര്യം നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. അറവുശാല നിർമ്മാണം നടത്തുന്നതിന് നഗരസഭ ലോൺ സൌകര്യം ഉപയോഗപ്പെടുത്തുന്നതിനാണ് ആലോചിക്കുന്നത്.

അധ്യായം 9

## സമഗ്ര പരിപാടികളും സംയോജന സാധ്യതകളും

3 വയസ് മുതൽ 6 വയസ് വരെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും പോഷക സമൃദ്ധമായ ഭക്ഷണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ അംഗനവാടി വഴി പോഷകാഹാരം വിതരണം ചെയ്യുന്നു.

മൃഗസംരക്ഷണ മേഖലയിൽ പാലുല്പാദന സബ്സിഡി, സംസ്ഥാന സർക്കാർ ധനസഹായം കൂടി ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. പാർപ്പിട മേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ പിഎംഎവൈ പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന വിവിഹതത്തിന് പുറമെ നഗരസഭാ വിഹിതം 50% കൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നു. മാലിന്യ സംസ്കരണ രംഗത്ത് സ്വച്ഛ് ഭാരത് മിഷന്റെയും ശുചിത് മിഷന്റയും ഫണ്ടുകൾക്ക് നഗരസഭയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

## അധ്യായം 10
# മോണിറ്ററിംഗ്

ഒരു പദ്ധതി സമയബന്ധിതമായും വിജയകരമായും പൂർത്തിയാക്കുന്നതിന് ഏറ്റവും അത്യാവശ്യമായ ഘടകം യഥാ സമയത്തുള്ള മോണിറ്ററിംഗാണ്. മോണിറ്ററിംഗ് ഫലപ്രദമായാൽ മാത്രമേ കുറ്റമറ്റ രീതിയിൽ പദ്ധതികൾ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. ഒരു പദ്ധതി വിഭാവനം ചെയ്ത് പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് മുതൽ പൂർത്തിയാകുന്നത് വരെ പ്രൊജക്ട് പ്രകാരം ലക്ഷ്യത്തിൽ എത്തുന്നുണ്ടോ എന്ന് ഉറപ്പ

വരുത്താനും ഇല്ലായെങ്കിൽ പരിശോധിച്ച് ശരിയായ ദിശയിലേക്ക് പ്രവർത്തനങ്ങൾ തിരിച്ചു വിടുന്നതിനുമാണ് മോണിറ്ററിംഗ് വേണ്ടത്. ഇത് വേണ്ട സമയത്ത് നടന്നില്ലായെങ്കിൽ മോണിറ്ററിംഗ് കൊണ്ട് പ്രയോജനമില്ലാതാകും. ഒരോ പ്രൊജക്ടിനെക്കുറിച്ച് ആഴത്തിൽ പഠിക്കുകയും അതിന്റെ നിർവഹണത്തിന്റെ എല്ലാ തലങ്ങളും വിശദമായി ചർച്ച ചെയ്ത് പദ്ധതി നിർവഹണം നേരായ വഴിയിലേക്ക് എത്തിക്കുന്നതിന് മോണിറ്ററിംഗ് സമിതിക്ക് വലിയപങ്കാണ് ഉള്ളത്. സാമഗ്രികൾ വാങ്ങുന്ന പ്രൊജക്റ്റാണെങ്കിൽ അവ വാങ്ങുന്നതിനുമുമ്പേ തന്നെ സാധനങ്ങളുടെ ഗുണമേന്മ പരിശോധിക്കണം. ഇതിനാവശ്യമായ വിദഗ്ധരെ കൂടി ഉൾപ്പെടുത്തി മോമിറ്ററിംഗ് സമിതി നിശ്ചയിക്കണം. ആദ്യം അതാത് മോണിറ്റ്റിംഗ് കമ്മിറ്റിയും രണ്ടാം ഘട്ടത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റിയിലും മൂന്നാം ഘട്ടം ഭരണ സമിതിയാലും മോണിറ്ററിംഗ് സംബന്ധിച്ച് ചർച്ച നടത്തണം പദ്ധതി നിർവ്വഹണം കാര്യക്ഷമവും സമയബന്ധിതവും ജനോപകാരപ്രദവും ആക്കലാവണം എന്നതായിരിക്കണം മോണിറ്ററിംഗിന്റെ ലക്ഷ്യം.

## മോണിറ്ററിംഗ് കമ്മിറ്റിയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും പ്രവർത്തനരീതിയും

വർക്കിംഗ്ഗ്രൂപ്പുകൾ സമർപ്പിച്ച പദ്ധതികൾക്ക് അംഗീകാരം കിട്ടുന്ന മുറയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥരെ കൊണ്ട് നടപ്പിലാക്കുന്നതിനും മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി വിഭാവനം ചെയ്ത അവസ്ഥയിൽ നടപ്പിലാക്കുന്നു എന്നും അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നു എന്നും നിരന്തരമായി വീക്ഷിക്കുകയും ക്രമപ്പെടുത്തുകയും. ചെയ്യുക. കൂടാതെ സമയബന്ധിതമായി മോണിറ്ററിംഗ് കമ്മറ്റികൾ ചേരാനും പദ്ധതി പ്രവർത്തനം വിലയിരുത്താനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള ഉത്തരവാദിത്വങ്ങൾ മോണിറ്ററിംഗ് കമ്മറ്റിയിൽ നിക്ഷിപ്തമാണ്. വർക്കിംഗ് ഗ്രൂപ്പുകൾക്ക് തന്നെ മോണിറ്ററിംഗ് ചുമതലകൾ കൂടി ഓരോ ഘട്ടത്തിലും നൽകിയിരിക്കുന്നു. സാധനങ്ങളും സേവനങ്ങളും ആർജിക്കുന്നതിന് പ്രൊക്യൂർമെന്റ് മാന്വൽ വ്യവസ്ഥകൾ പാലിച്ചിരിക്കുന്നു എന്ന് മോണിറ്ററിംഗ് കമ്മിറ്റികൾ ഉറപ്പുവരുത്തേണ്ടതാണ്.